
# സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളി
## ആർത്താറ്റ്–കുന്നംകുളം

## (ശതാബ്ദി 1920–2020)




കോറെപ്പിസ്കോപ്പ (ഡോ.) കെ. മാണി രാജൻ

ശതാബ്ദി 1920–2020

# സെന്റ് മേരീസ് സിറിയൻ സിംഹാസന പള്ളി

## ആർത്താറ്റ്, കുന്നംകുളം



## ശതാബ്ദി 1920–2020

കോറെപ്പിസ്കോപ്പ (ഡോ.) കെ. മാണി രാജൻ

2021

# സെന്റ് മേരീസ് സിറിയൻ സിംഹാസന പള്ളി

## ആർത്താറ്റ്, കുന്നംകുളം

## ശതാബ്ദി 1920–2020

കോറെപ്പിസ്കോപ്പ (ഡോ.) കെ. മാണി രാജൻ

2021

**സെന്റ് മേരീസ് സിറിയൻ സിംഹാസന പള്ളി**
**ആർത്താറ്റ്, കുന്നംകുളം**

**ശതാബ്ദി 1920–2020**

*Copyright Reserved*

*All rights reserved. No reproduction or translation in whole or part is allowed without written permission from the publisher.*

*Author :* **കോറെപ്പിസ്കോപ്പ (ഡോ.) കെ. മാണി രാജൻ**


*Typesetting and Cover Design by:*
Julius C. Abraham, Megapixel Graphics, Kottayam

*Printed at:*
Dona Colour Graphs, Kottayam

*Published By:*
Cor-Episcopa Dr. Mani Rajan
Kannanayakal House,
Arthat P.O., Kunnamkulam

*Copies:* 300


**For Private Circulation only**





ദൈവമാതാവായ വിശുദ്ധ കന്യകമറിയം


(B. C. 14? - A. D. 37?)



വിശുദ്ധ മോർ തോമാശ്ലീഹാ
(? - A. D. 72)



അഗ്നിമയനായ വിശുദ്ധ ഇഗ്നാത്തിയോസ് പാത്രിയർക്കീസ്
(A. D. 35 - A. D. 107)



പരിശുദ്ധ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ
(1908 – 1930)

# ഉള്ളടക്കം


1. ആമുഖം ........................................................................................ 1
2. ആർത്താറ്റ് സിംഹാസന പള്ളി നിർമ്മിക്കാനുള്ള സാഹചര്യവും പരിശുദ്ധ ഒസ്താത്തിയോസ് ബാവായും.........3–28
3. ആർത്താറ്റ് സിംഹാസന പള്ളിയുടെ അനുബന്ധ സ്ഥാപനങ്ങൾ..................................................29–35
4. ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസന പള്ളിയുടെ വ്യവഹാര ചരിത്രം.......................................... 36–57
5. പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ............58–62
6. പരിശുദ്ധനായ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ........................................................................63–66
7. പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവാ...............................................................67–71
8. സെന്റ് ആന്റണീസ് – ഹോണവാർ മിഷൻ............................72
9. പുണ്യശ്ലോകനായ മോർ സേവേറിയോസ് പൗലോസ് ..................................73–74
10. പുണ്യശ്ലോകനായ മോർ തിമോത്തിയോസ് അഫ്രേം ആബൂദി.....................75–76
11. പുണ്യശ്ലോകനായ മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ്.........................................................77–79
12. ബഹുമാനപ്പെട്ട തോലത്ത് പൗലോസ് ഉപദേശി............80–82
13. ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളിയുടെ സ്ഥാപനകാലം മുതൽ സുറിയാനി സഭയെ മേയിച്ചു ഭരിച്ച അന്ത്യോഖ്യാ സിംഹാസനത്തിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവാമാരും സിംഹാസന പ്രതിനിധികളായിരുന്ന അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരും.....................................83–95

14. ആർത്താറ്റ് സിംഹാസന പള്ളിയുടെ നാൾവഴികൾ..... 96–124

15. ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ
സിംഹാസനപള്ളിയുടെ സ്ഥാപനകാലം
മുതൽശുശ്രൂഷിച്ച ബഹുമാനപ്പെട്ട
വികാരിമാരും സഹവികാരിമാരും .................................... 125–147

16. സിംഹാസനപള്ളിയുടെയും അനുബന്ധ
സ്ഥാപനങ്ങളുടെയും ചുമതലക്കാർ................................. 148–151

17. ആർത്താറ്റ് സെന്റ് മേരീസ് സിംഹാസന
പള്ളിയിലെ ഉപദേശക സമിതി........................................ 152–153

18. ആർത്താറ്റ് സിംഹാസന പള്ളിയിലെ
പ്രധാന ശുശ്രൂഷകരും ക്ലാർക്കുമാരും ............................ 154–156

19. ആർത്താറ്റ് സെന്റ് മേരീസ് സിംഹാസന
പള്ളിയിലെ സംഘടനകളും സമിതികളും ..................... 157–171

20. ഷെവലിയർമാരും കമാണ്ടറും .................................................. 172

21. ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ
സിംഹാസനപള്ളി ആരാധകരായിരുന്ന
ബഹുമാനപ്പെട്ട പട്ടക്കാരും റമ്പാനും .............................. 173–178

22. പരിശുദ്ധനായ ഒസ്താത്തിയോസ് സ്ലീബാ
ബാവായിൽനിന്നും പൗരോഹിത്യം സ്വീകരിച്ച
വൈദിക സ്ഥാനികൾ........................................................... 179–185

23. നന്ദി........................................................................................ 186

# ആമുഖം

ആർത്താറ്റ് കുന്നംകുളം സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളി സ്ഥാപനത്തിന്റെ ശതാബ്ദി വർഷത്തിൽ, കഴിഞ്ഞ നൂറ് വർഷത്തെ സംഭവങ്ങൾ ചുരുക്കമായി രേഖപ്പെടുത്തേണ്ടത് വരുംതലമുറയ്ക്ക് ചരിത്രാവബോധം ലഭിക്കേണ്ടതിന് അനിവാര്യമാണ്. 1998ൽ ഈ ലേഖകൻ ക്രോഡീകരിച്ച ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളിയുടെ കേസ് ഡയറി, 2003ൽ പ്രസിദ്ധീകരിച്ച കേസ് ഡയറിയുടെ 2-ാം വാല്യം 1959 ജൂലൈ മുതൽ നാളിതുവരെ നടന്നുവന്ന സിംഹാസനപള്ളിയുടെ നിരവധിയായ കേസുകളിലെ തെളിവുരേഖകൾ, മൊഴിപ്പകർപ്പുകൾ വിധിന്യായങ്ങൾ എന്നിവയും ഈ ചരിത്രം രേഖപ്പെടുത്തുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഇന്ത്യയിലെ പ്രതിനിധിയായിരുന്ന പരിശുദ്ധനായ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ (d. 1930) എഴുത്തുകുത്തുകൾ സിംഹാസന പ്രതിനിധി പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ (d. 1962) കത്തിടപാടുകൾ, പള്ളിയിൽ നിന്നും പ്രസിദ്ധീകരിച്ച സുവനീറുകൾ, 1971 മുതൽ ഏതാണ്ട് 50 വർഷത്തോളം സിംഹാസനപള്ളിയിലെ മദ്ബഹാ ശുശ്രൂഷകൻ, ശെമ്മാശൻ, കശ്ശീശാ, കോർ എപ്പിസ്കോപ്പ എന്നീ നിലകളിലുള്ള പ്രവർത്തനങ്ങളിലൂടെ ലഭിച്ച അനുഭവങ്ങൾ അവസരങ്ങൾ എന്നിവയും ഈ രചനയക്ക് പ്രയോജനപ്പെട്ടു. നിരവധി വ്യക്തികളെ ടെലിഫോണിൽ വിളിച്ച് സംസാരിച്ചും ചരിത്ര പുസത്കങ്ങൾ പരിശോധിച്ചും വിവരണങ്ങളിൽ കഴിവതും കൃത്യത വരുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും തെറ്റുകൾ വരാൻ ഇടയുണ്ട് എന്നുള്ളതും വിസ്മരിക്കുന്നില്ല. എന്റെ വല്യപ്പന്മാരായ കുന്നംകുളം കണ്ണനായ്ക്കൽ മാണി വർഗ്ഗീസ് മാസ്റ്റർ (d. 1979), ഓമല്ലൂർ പുളിമൂട്ടിൽ വർഗ്ഗീസ് ചെറിയാൻ (കോറൂയോ, വില്ലേജ് ഓഫീസർ, d. 1997), എന്റെ പിതാവ് കണ്ണനായ്ക്കൽ വർഗ്ഗീസ് മാണി (d. 1999), പിതാവിന്റെ സഹോദരൻ കെ.വി. തോമസ് മാസ്റ്റർ (O. S. No. 47/1961 കേസിലെ 10-ാം നമ്പർ പ്രതി, d. 2016) എന്നിവരിൽനിന്നും നേരിട്ട് മനസ്സിലാക്കിയ വിവരങ്ങളും അവരുടെ കത്തുകളും ഡയറികളും ഈ രചന

യിലെ വസ്തുതകൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ട്.

1971 മുതൽ 1984 വരെയുള്ള കാലഘട്ടത്തിൽ ബഹുമാനപ്പെട്ട കെ.വി. കുര്യാക്കോസ് അച്ചനോടുകൂടെ യാത്ര ചെയ്തും ഭവന സന്ദർശനങ്ങൾ നടത്തിയും സ്കൂൾ പഠന സമയത്തെ വേനൽ അവധിക്കാലത്ത് സിംഹാസനപള്ളിയിൽ താമസിച്ചും സന്ധ്യാനമസ്കാരത്തിനുമുമ്പും ശേഷവുമുള്ള ഇടവേളകളിൽ സംസാരിച്ചും ലഭിച്ചതായ അറിവുകളും ഈ പുസ്തക രചനയിൽ പ്രയോജനപ്പെട്ടിട്ടുണ്ട്.

എന്റെ ജീവിതത്തിലെ എല്ലാ ദൈവാനുഗ്രഹങ്ങളും നന്മകളും എനിക്ക് ലഭിച്ചത് ആർത്താറ്റ് സിംഹാസനപള്ളിയിലെ എന്റെ എളിയ ശുശ്രൂഷവഴിയും പരിശുദ്ധനായ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ മദ്ധ്യസ്ഥതവഴിയുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ രചനയ്ക്ക് എന്നെ പ്രേരിപ്പിച്ച വസ്തുതയും അതുതന്നെയാണ്. ഈ പുസ്തകത്തിൽ ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അതു മനഃപ്പൂർവ്വമല്ലെന്നും സദയം ക്ഷമിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ദിനവൃത്താന്തങ്ങൾ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നതും സന്ദർശക ഡയറികൾ മുടക്കം കൂടാതെ എഴുതുന്നതും വാർഷിക റിപ്പോർട്ടുകൾ ക്രമമായി പ്രസിദ്ധീകരിക്കുന്നതും ഇപ്രകാരമുള്ള രചനകൾക്ക് സഹായകമാണ്.

പുതിയ തലമുറയിൽ കണ്ടുവരുന്ന സഭാചരിത്രപരമായ അറിവിന്റെ കുറവും വായനക്കുറവും സഭാജീവിതത്തിലെ നിസ്സംഗതയും എന്നിൽ അത്ഭുതവും വേദനയും ഉളവാക്കിയിട്ടുണ്ട്. നമ്മുടെ പൂർവ്വികരുടെ അദ്ധ്വാനങ്ങളും ആത്മീയ പിതാക്കന്മാരുടെ കഷ്ടപ്പാടുകളും ഈ പുസ്തകത്താളുകൾ വായിക്കുമ്പോൾ ഉത്തേജനം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ശതാബ്ദി വർഷത്തിൽ ആർത്താറ്റ് സിംഹാസനപ്പള്ളി ആരാധകരെങ്കിലും ഈ ചരിത്രപുസ്തകം വായിച്ചു പഠിക്കും എന്ന പ്രത്യാശയോടെ ആദരപൂർവ്വം സമർപ്പിക്കുന്നു.

**കോർഎപ്പിസ്കോപ്പ (ഡോ.) കെ. മാണി രാജൻ**

# ആർത്താറ്റ് സിംഹാസന പള്ളി നിർമ്മിക്കാനുള്ള സാഹചര്യവും പരിശുദ്ധ ഒസ്താത്തിയോസ് ബാവായും

പഴയ കൊച്ചി സംസ്ഥാനത്തിന്റെ വടക്കു പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രസിദ്ധവും പുരാതനവുമായ ഒരു ക്രൈസ്തവ കേന്ദ്രമാണ് കുന്നംകുളം. അവിടെ കുരിശാകൃതിയിലുള്ള അങ്ങാടികളിലായി (കിഴക്ക്, പടിഞ്ഞാറ്, വടക്ക്, തെക്ക്) സുറിയാനി ക്രിസ്ത്യാനികൾ നിബിഢമായി താമസിക്കുന്നു. കുന്നംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തുനിന്ന് ഉദ്ദേശം രണ്ട് കിലോമീറ്റർ തെക്ക് മാറി (കുന്നംകുളം - ഗുരുവായൂർ റോഡരികിൽ) സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളി സ്ഥിതി ചെയ്യുന്നു.

മോർ ദിവന്നാസ്യോസ് ഗീവർഗ്ഗീസ് (വട്ടശ്ശേരി) തിരുമേനിയും മോർ അത്താനാസ്യോസ് പൗലോസ് വലിയ തിരുമേനിയും തമ്മിൽ നിലനിന്നിരുന്ന K.P. 306/1095 കേസിലെ Miscellaneous Petition 20/1095 ൽ District Magistrate കോടതിയിൽ നിന്നുണ്ടായ ഉത്തരവിനെതിരെ കൊച്ചി ചീഫ് കോടതിയിൽ ബ. ചെറുവത്തൂർ വി. മാത്തു കത്തനാർ ഉൾപ്പടെ 1 മുതൽ 18 വരെ വാദികൾ ചേർന്ന് ഒരു പുനഃപരിശോധന ഹർജി (Cr. R. P. 17/1095) നൽകിയിരുന്നു. ടി പുനഃപരിശോധന ഹർജിയുടെ താൽപര്യം, മോർ ദിവന്നാസ്യോസ് ഗീവർഗ്ഗീസ് തിരുമേനിയും പരിശുദ്ധ അത്താനാസിയോസ് പൗലോസ് വലിയ തിരുമേനിയും തമ്മിൽ നിലനിന്നിരുന്ന സിവിൽ കേസ് പരിഹരിക്കുന്നതുവരെ തർക്കമുള്ള പള്ളികളിൽ ആരാധന അർപ്പിക്കുന്നതിന് ഹർജ്ജിക്കാരെ അനുവദിക്കണം എന്നായിരുന്നു. ഈ അപേക്ഷ (1920) 21-06-1095ൽ നിരാകരിക്കപ്പെട്ടു (Ext. D160). ഈ പശ്ചാത്തലത്തിൽ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നുള്ള പൗരോഹിത്യ പിന്തുടർച്ച വിശുദ്ധ കൂദാശകളുടെ സാധുതയ്ക്ക് അത്യാവശ്യമാണെന്ന് വിശ്വസിച്ചിരുന്നവർക്ക് കുന്നംകുളം ദേശത്തെ ഒരു പള്ളിയിലും പ്രവേശിക്കുന്നതിനോ ആരാധിക്കുന്നതിനോ അവസരമുണ്ടായിരുന്നില്ല. 1920 കന്നി 18-ാം തീയതി വട്ടശ്ശേരി മോർ ദിവന്നാസ്യോസ് കുന്നംകുളം സന്ദർശിക്കുകയും പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയും ചെയ്തു.

മേൽപറഞ്ഞ സാഹചര്യത്തിൽ കുന്നംകുളം തെക്കേ അങ്ങാടിയിൽ ചെറുവത്തൂർ ഈയ്യപ്പൻ എന്ന ഒരു വയസ്സന്റെ ശവസംസ്കാര ശുശ്രൂഷകൾ ഭവനത്തിൽവച്ച് അന്ന് പാത്രിയർക്കീസ് പക്ഷത്തുണ്ടായിരുന്ന ഏക പുരോഹിതനായ ബ. ചെറുവത്തൂർ മാത്തുകത്തനാർ (വല്യച്ചൻ, d. 1923) നടത്തി. അക്കാരണത്താൽ പരേതന്റെ ഭവനത്തിൽനിന്ന് പള്ളിയിലേക്ക് മൃതദേഹം കൊണ്ടുപോകുന്നതിനുള്ള മഞ്ചൽ ആർത്താറ്റ് പള്ളിയിൽനിന്ന് ലഭിച്ചില്ല. തുടർന്ന് മൃതദേഹം കൈവണ്ടിയിൽ ആളുകൾ വലിച്ചുകൊണ്ടുപോയി. ഇടയ്ക്കുവച്ച് എതിർകക്ഷിയിലുള്ള കുറെ ആളുകൾ അവരെ തല്ലുവാനും ഉപദ്രവിപ്പാനും തുടങ്ങിയതിനാൽ ശവം റോഡരികിൽ ഒരു കൈവണ്ടിയിൽ കിടത്തി മടങ്ങേണ്ടിവന്നു*. മൂന്ന് ദിവസം ശവം അടക്കാൻ സാധിക്കാതെ തള്ളുവണ്ടിയിൽ മൃതദേഹം കിടക്കുന്ന സാഹചര്യം ഉണ്ടായി. മരിച്ച ആളുടെ മകൻ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന്റെയും അന്നത്തെ പോലീസ് സുപ്രണ്ടിന്റെയും അടുക്കൽ ചെന്ന് നിലവിളിച്ചതിനെ തുടർന്ന് മൂന്നാം ദിവസം രാത്രി ശവം ആർത്താറ്റ് വലിയ പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. എതിർകക്ഷികളെയുള്ള ഭയം നിമിത്തം കാക്കുണ്ണി, വാറുണ്ണി എന്നീ രണ്ട് അഭ്യാസികളും ചീരൻ വർഗ്ഗീസ് ശെമ്മാശനും (1904ൽ മോർ ദിവന്നാസ്യോസ് ജോസഫ് മെത്രാപ്പോലീത്തായിൽനിന്ന് പഴഞ്ഞിപള്ളിയിൽവച്ച് ശെമ്മാശപട്ടം സ്വീകരിച്ച ചീരൻ ചുമ്മാരു മകൻ വർഗ്ഗീസ് കശ്ശീശ, 1890–1970) ചേർന്ന് ശവം സംസ്കരിക്കുകയാണ് ഉണ്ടായത്. മേൽവിവരിച്ച സാഹചര്യത്തിൽ സത്യവിശ്വാസികൾക്ക് ആരാധന അർപ്പിക്കുന്നതിന് സ്ഥാപിതമായ ദൈവാലയമാണ് ആർത്താറ്റ് സിംഹാസനപള്ളി.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെയും അദ്ദേഹത്താൽ നിയമിക്കപ്പെടുന്ന പ്രതിനിധിയുടെയും നേരിട്ടുള്ള ഭരണത്തിൽ എക്കാലവും നിലനിൽക്കണമെന്ന് ആഗ്രഹിച്ച് പന്ത്രണ്ട് പേർ ചേർന്ന് 50 രൂപ വീതം ഓഹരി എടുത്ത് പാറമേൽ ഐപ്പ് വക്കീൽ, ഇട്ടൂപ്പ് എന്നിവരുടെ മാതാവായ പനയ്ക്കൽ അന്നാമ്മയിൽനിന്ന് ഒരേക്കർ സ്ഥലം വാങ്ങി (Ext. P 90).

പരിശുദ്ധനായ ഒസ്താത്തിയോസ് സ്ലീബാ ബാവായെ കുന്നംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടെ അതിഗംഭീ

** കണ്ണനായ്ക്കൽ മാണി വർഗ്ഗീസ് മാസ്റ്ററുടെ ഡയറിക്കുറിപ്പിൽനിന്ന്*

രമായി സ്വീകരിച്ച് പ്രസ്തുത സ്ഥലത്തേക്ക് ആനയിച്ചു. ബാവാ ചുമതലപ്പെടുത്തിയതനുസരിച്ച് ചെറുവത്തൂർ വി. മാത്തു കത്തനാരും സ്ഥലത്തിന്റെ ഉടമസ്ഥരും ചേർന്ന് (ആർത്താറ്റ് വലിയ പള്ളിയിൽനിന്നും പിരിഞ്ഞുപോന്നവർ) 1920 ജൂലൈ 17-ാം തീയതി പുതിയ പള്ളി വയ്ക്കുന്നതിന് സമർപ്പിച്ച ആദ്യ അപേക്ഷ നിരസിച്ചെങ്കിലും ഒക്ടോബർ 6-ാം തീയതി അപേക്ഷ സ്വീകരിച്ച് ഉത്തരവായി.




*ആർത്താറ്റ് സെന്റ് മേരീസ് വലിയ പള്ളി*

## കുന്നംകുളം സിംഹാസനപള്ളിയുടെ ആധാരം

1921 ജനുവരി 7-ാം തീയതി (1096 ധനു 23) 798 നമ്പ രായി രജിസ്റ്റർ ചെയ്ത ദാനതീറാധാരത്തിൽ - "ഏഷ്യാഖണ്ഡ ത്തിൽ തുർക്കി രാജ്യത്തിലുള്ള അന്ത്യോഖ്യാ സിംഹാസ നത്തിൽ വാഴും ഏലിയാസ് എന്ന തിരുനാമമുള്ള വിശുദ്ധ മോറാൻ ഇഗ്നാത്തിയോസ് പ്രിൻസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് എഴുതിക്കൊടുത്ത ദാനത്തീറാധാരം"

(**ആർത്താറ്റ് സിംഹാസന പള്ളി നില്ക്കുന്ന സ്ഥലം**). പന്ത്രണ്ട് പേർ ചേർന്ന് അവരുടെ തന്നെ പേരിൽ 1920 ജനുവരി 24–ാം തീയതി വാങ്ങിയ സ്ഥലം, കൊച്ചി ഗവൺമെന്റിൽ നിന്നും **1920 ഒക്ടോബർ 6–ാം തീയതി 71–ാം നമ്പർ ഉത്തരവ് പ്രകാരം പള്ളി, ശവക്കോട്ട എന്നിവ വയ്ക്കുന്നതിന് അവകാശം സിദ്ധിച്ചതുമായ പട്ടിക വസ്തുക്കൾ അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് 700 രൂപ ദാനമായി ഒഴിഞ്ഞ് പ്രതിനിധിയായ നി. വ. ദി. ശ്രീ. ശ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലേക്ക് കൈവശം തന്നിരിക്കുന്നു**. . . കൈവശംവച്ച് സകല ഭരണാധികാരങ്ങളും നടത്തി സംരക്ഷണം ചെയ്ത് അഭിവൃദ്ധിപ്പെടുത്തി വിശുദ്ധ കൂദാശകൾ അനുഷ്ഠിക്കുന്നതിനും എല്ലാവിധ കർമ്മാവശ്യങ്ങളെയും നടത്തിത്തരുന്നതിനുമല്ലാതെ അവകളെ യാതൊരു വിധത്തിലും കടപ്പെടുത്താനോ അന്യാധീനപ്പെടുത്താനോ മറ്റോ സിംഹാസനത്തിനോ പ്രതിനിധിക്കോ ആർക്കും പാടില്ലാത്തതുമാകുന്നു. . . **വിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മലയാളത്തിലേക്ക് എഴുന്നെള്ളുന്ന കാലത്ത് ആ തിരുമേനിമാരുടെയോ അവിടുത്തെ പ്രതിനിധിയുടെയോ ടി പള്ളിയിലും സ്ഥലത്തുമുള്ള പ്രവേശനത്തിനോ മറ്റോ യാതൊരു തടസ്സവും നേരിടുവാൻ പാടില്ലാത്തതും നേരിടുന്നതല്ലാത്തതുമാകുന്നു. . .** കൈക്കാരന്മാരെ നിയമിക്കുന്നതിന് സിംഹാസനത്തിനോ പ്രതിനിധിക്കോ അധികാരമുള്ളതുമാകുന്നു. . . അന്ത്യോഖ്യാ പ്രതിനിധിയായി മലയാളത്ത് ഒരാൾ ഇല്ലാതെ വരുന്ന അവസരത്തിൽ **സിംഹാസനത്തിങ്കൽനിന്ന് പ്രത്യേകമായി അധികാരപ്പെടുത്തുന്ന ആളുടെ ആജ്ഞയ്ക്ക് കീഴ്പ്പെട്ടിരിക്കേണ്ടതുമാകുന്നു.** ഇപ്രകാരം ദാനത്തീറ് നൽകിയ പന്ത്രണ്ടുപേരുടെ പേരുവിവരങ്ങൾ: (1) കുത്തൂര് ഉക്രു മകൻ ചേറു, (2) ചെറുവത്തൂർ ഉക്രു മകൻ ചേറു, (3) ചീരൻ ഇട്ട്യേര മകൻ ചേറു, (4) ചെറുവത്തൂർ ചാക്കുണ്ണി മകൻ മാത്തു, (5) തെക്കേക്കര ഉക്രു മകൻ വാറു, (6) ചീരൻതറയിൽ വറീതു മകൻ ചേറു, (7) ചീരൻതറയിൽ വറീത് മകൻ മത്തായി, (8) പുലിക്കോട്ടിൽ വറീതു മകൻ ഇയ്യാവു, (9) പുലിക്കോട്ടിൽ ചെരിയാക്കു മകൻ വറീതു, (10) വടക്കൻ ചാക്കു മകൻ പൈലുണ്ണി, (11) മേച്ചേരിൽ പാറയിലങ്ങാടിയിൽ ചീരൻ ഉക്രു മകൻ ചേറുണ്ണി, (12) വാലിപ്പറമ്പങ്ങാടി അരിമ്പൂർ പൗലോസ് മകൻ ചേറു (Ext. P4 in A.S. 11/2003).

1920 ഒക്ടോബർ മാസം 9-ാം തീയതി ആർത്താറ്റ് സിംഹാസന പള്ളിക്ക് പരിശുദ്ധനായ ഒസ്താത്തിയോസ് സ്ലീബാ ബാവ തറക്കല്ലിട്ടു. പള്ളി സ്ഥാപിതമായത് ദൈവ







ആർത്താറ്റ് സിംഹാസനപള്ളിയുടെ സ്ഥാപന ഫലകം

മാതാവായ വിശുദ്ധ കന്യകമറിയാമിന്റെ നാമത്തിലും രണ്ട് ത്രോണോസുകൾ മോർ തോമ്മാശ്ലീഹായുടെയും അഗ്നിമയനായ മോർ ഇഗ്നാത്തിയോസിന്റെയും നാമത്തിലുമാണ് സ്ഥാപിതമായിരിക്കുന്നത്. പള്ളിക്കു മുൻവശത്തായി മോർ ഗ്രീഗോറിയോസ് സ്മാരക കുരിശ് സ്ഥാപിക്കുകയുണ്ടായി പരിശുദ്ധ ബാവായെ കണ്ടിട്ടുള്ളവർ ബാവായെ വർണ്ണിക്കുന്നത് ഇപ്രകാരമാണ്: ഉയരം കുറഞ്ഞ, തിളങ്ങുന്ന സ്വർണ്ണഫ്രെയിം കണ്ണാടി അണിഞ്ഞ, വെള്ള പഞ്ഞിപോലെയുള്ള പുരികങ്ങളും വെള്ള നിറത്തിൽ ഒഴുകി കിടക്കുന്ന താടിയുമുള്ള ബാവായെ കാണുന്നവർക്ക് ഒരു സ്വർഗ്ഗീയനെ കാണുന്ന പ്രതീതി ഉളവാകുമായിരുന്നു.





സെന്റ് ഗ്രീഗോറിയോസ് ഗീവർഗ്ഗീസ് ചാത്തുരുത്തിൽ
(1876–1902)



1920ൽ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ
കുന്നംകുളം സിംഹാസന പള്ളിയുടെ മുൻവശത്ത്
സ്ഥാപിച്ച മോർ ഗ്രീഗോറിയോസ് സ്മാരക കുരിശ്.
പരിശുദ്ധ ചാത്തുരുത്തി തിരുമേനിയുടെ
നാമധേയത്തിൽ കേരളത്തിൽ സ്ഥാപിക്കപ്പെട്ട
ആദ്യ സ്മാരക കുരിശുകളിലൊന്നാണിത്.

**പള്ളിക്ക് കല്ലിട്ട സന്ദർഭത്തിൽ മോർ ഒസ്താത്തിയോസ് ബാവാ നടത്തിയ പ്രസംഗത്തിൽനിന്ന്** – ''പന്ത്രണ്ട് പേർ എന്റെ അടുക്കൽ വന്നു. അവർ പറഞ്ഞു, അവർ ഒരു സ്ഥലം വാങ്ങിയിട്ടുണ്ട്. ഞാൻ അവിടെവന്ന് അടിസ്ഥാന ശിലയിടണമെന്ന്. അവിടെ ബുദ്ധിമുട്ടുകളും ആശയക്കുഴപ്പങ്ങളും ഉള്ളതിനാൽ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുന്നതിന് കഴിയുന്നില്ല. ആയതിനാൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അനുമതിയോടുകൂടിയാണ് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നത്. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അനുസരണയിൽ നിൽക്കുന്നവർക്കും അതനുസരിച്ച് പ്രവർത്തിക്കുന്നതിന് സന്നദ്ധരായവരെയും പള്ളിയിൽ അംഗങ്ങളായി ഉൾപ്പെടുത്തുന്നതാണ്'' (1973 നവംബർ 20–ാം തീയതിയിലെ ശ്രീ. സി. കെ. *വർഗ്ഗീസ്, B.A., L.T.,. അവർകളുടെ O. S. No. 47/59 കേസിലെ മൊഴിയിൽനിന്ന്).

1920ൽ പള്ളി സ്ഥാപിക്കുമ്പോൾ നാൽപതോളം കുടുംബങ്ങൾ ആയിരുന്നു പള്ളിയിലെ ആരാധകർ. 1921–1947 കാലഘട്ടത്തിൽ പള്ളി ട്രസ്റ്റി ആയിരുന്നു ശ്രീ. അരിമ്പൂർ ചേറു പൗലോസ് (1877–1951).

## 1923 ഏപ്രിൽ മാസത്തിൽ കുന്നംകുളം സിംഹാസനപള്ളിയുടെ വടക്കുവശത്തെ സ്ഥലങ്ങൾ രജിസ്റ്റർ ചെയ്തു

1923 ഏപ്രിൽ 17 (1098 മേടം 4 – 1098ൽ 1646 നമ്പരായി രജിസ്റ്റർ ചെയ്ത ദാനത്തീറാധാരം). ''കുന്നംകുളം അങ്ങാടിയിൽ കൂത്തൂര് പാറമേൽ അയ്പു മക്കൾ ഉട്ടൂപ്പും അയ്പ്പുവുംകൂടി ഏഷ്യാഖണ്ഡത്തിൽ തുർക്കി രാജ്യത്തിലുള്ള **അന്ത്യോഖ്യാ സിംഹാസനത്തിൽ വാഴും ഏലിയാസ് എന്ന തിരുനാമമുള്ള വിശുദ്ധ മോറാൻ ഇഗ്നാത്തിയോസ് പ്രിൻസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് എഴുതി ക്കൊടുത്ത ദാനത്തീറാധാരം''**. . . അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് 200 രൂപയ്ക്ക് ദാനമായി ഒഴിഞ്ഞ് ഇപ്പോഴത്തെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ ഒസ്താത്തിയോസ് ബാവായ്ക്ക് കൈവശം തന്നിരിക്കുന്നു (പള്ളിയുടെ വടക്ക്, ഇടവഴിക്ക് തെക്ക് കിടക്കുന്ന സ്ഥലം, Ext. P6 in A.S. 11/2003).

---

** 1924 മെയ് 4–ാം തീയതി ഇദ്ദേഹത്തിന്റെ വിവാഹ കൂദാശ നടത്തിയത് പ. ഒസ്താത്തിയോസ് ബാവായാണ്.*

1923 ഏപ്രിൽ 18–ാം തീയതി (1098ൽ 1656 നമ്പരായി രജിസ്റ്റർ ചെയ്ത ദാനത്തീറാധാരം). ആറു പേർ ചേർന്ന് **അന്ത്യോഖ്യാ സിംഹാസനത്തിലേക്ക്** 800 രൂപയ്ക്ക് ദാനമായി ഒഴിഞ്ഞ്. . . അന്ത്യോഖ്യൻ സിംഹാസനപള്ളി സ്ഥാപിച്ചിരിക്കുന്നതിനോട് ചേർന്ന് കിടക്കുന്ന ഈ സ്ഥലം പള്ളി സംബന്ധമായ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതിന് **ഇപ്പോഴത്തെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ ഒസ്താത്തിയോസ് ബാവായ്ക്ക് കൈവശം തന്നിരിക്കുന്നു** (പള്ളിയുടെ തൊട്ടടുത്ത് വടക്ക് കിടക്കുന്ന സ്ഥലം, Ext. P5 in A.S. 11/2003).

1923 ഒക്ടോബർ/നവംബർ? മാസത്തിൽ മോർ ഒസ്താത്തിയോസ് ബാവായ്ക്കും നവാഭിഷിക്തനായ മോർ യൂലിയോസ് ഏലിയാസ് ബാവായ്ക്കും കുന്നംകുളത്ത് അതിഗംഭീരമായ ഒരു സ്വീകരണം നൽകുകയുണ്ടായി.

പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവാ കുന്നംകുളത്ത് കൊണ്ടുന്ന പരിശുദ്ധ *കൗമായുടെ തിരുശേഷിപ്പിട്ട വെള്ളം വഴിയായി അസംഖ്യം രോഗികൾ സുഖപ്പെടുകയും നാടിന്റെ നാനാഭാഗത്തുനിന്നും നാനാജാതിമതസ്ഥരായ ജനങ്ങൾ സുഖം പ്രാപിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതേസംബന്ധിച്ച് നിരവധി അനുഭവ സാക്ഷ്യങ്ങൾ ഉണ്ടെങ്കിലും അവയിൽ മൂന്ന് അനുഭവ സാക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.


1. വടവുകോട് താമസിച്ചിരുന്ന കാലത്ത് പരിശുദ്ധ ബാവാ വാതരോഗത്താൽ ബുദ്ധിമുട്ടിയിരുന്നു. പാങ്കോട്ടിലെ കാവുംപുറത്ത് ശങ്കരപ്പിള്ള വൈദ്യർ തയ്യാറാക്കികൊടുത്ത മരുന്ന് ഫലപ്രദമായി കണ്ടു. പരിശുദ്ധ ബാവാ വൈദ്യർക്ക് ഒരു സ്വർണ്ണമോതിരവും ഫോട്ടോയും സമ്മാനിച്ചിരുന്നു. വൈദ്യരുടെ മകന് ടൈഫോയിഡ് ബാധിച്ചപ്പോൾ ബാവായുടെ പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. വൈദ്യരുടെ പിൻതലമുറക്കാർ ഇപ്പോഴും വടവുകോട് പള്ളിയിൽ ബാവായുടെ ഓർമ്മ ആചരിക്കുമ്പോൾ നേർച്ചകാഴ്ചകളോടെ വന്ന് സംബന്ധിക്കുന്നു.

2. പരിശുദ്ധ ഒസ്താത്തിയോസ് ബാവായെ കുന്നംകുളത്ത് ചികിത്സിച്ചുകൊണ്ടിരുന്ന ഡോ. എച്ച്. എൻ. കമ്മത്തിന് ബാവായുടെ പ്രാർത്ഥനയാൽ നവീൻ ചന്ദ്രൻ എന്ന്

* *മോർ കൗമായുടെ തിരുശേഷിപ്പ് നീലിമംഗലം, മലേക്കുരിശ്, മഴുവന്നൂർ, പെരുമ്പാവൂർ എന്നീ പള്ളികളിലും പരിശുദ്ധ ഒസ്താത്തിയോസ് ബാവാ സ്ഥാപിച്ചിട്ടുണ്ട്.*


പിന്നീട് അറിയപ്പെട്ട ഒരു മകൻ ജനിച്ചു. അതിനു മുമ്പ് ജനിച്ച കുഞ്ഞുങ്ങളെല്ലാം ജനിച്ചയുടനെ മരണപ്പെടുകയായിരുന്നു. ബാവായെ അവസാനം വരെ ഹെർണിയ രോഗത്തിന് ചികിത്സിച്ച ഡോ. കമ്മത്ത്, ബാവാ കാലം ചെയ്തപ്പോഴും കബറടക്കസമയത്തും പള്ളിയിൽ വന്നിരുന്നു. പിന്നീടും വളരെക്കാലം നേർച്ച കാഴ്ചകളോടെ പള്ളിയിൽ വരിക പതിവായിരുന്നു.

3. വാതരോഗിയായ ശ്രീ. നാരായണൻ നായർ ഗുരുവായൂരിൽനിന്നും വന്ന്പരിശുദ്ധ ബാവായെ കണ്ട് പ്രാർത്ഥിക്കുകയും പരിശുദ്ധ ബാവാ നൽകിയ വെള്ളം സ്വീകരിച്ച് രോഗസൗഖ്യം പ്രാപിക്കുകയും ചെയ്തു. താമസിയാതെ പൗലോസ് എന്ന പേരിൽ മാമോദീസ ഏറ്റു. അടുത്ത ദിവസം വന്ദ്യ കോനാട്ട് മാത്തൻ മൽപ്പാൻ ബാവായുടെ അടുക്കൽ വന്നപ്പോൾ പൗലോസിനെ കൂടെ അയയ്ക്കണമെന്ന് താൽപര്യപ്പെട്ടതിനാൽ മൽപ്പാനച്ചനോടൊപ്പം പോയി. പൗലോസ്, മൽപ്പാനച്ചനെ മരണപര്യന്തം ശുശ്രൂഷിച്ചു. 'സുകൃതിനീ ധർമ്മം' എന്നൊരു പദ്യപുസ്തകവും പൗലോസ് അക്കാലത്ത് രചിച്ചിട്ടുണ്ട്.


*വന്ദ്യ കോനാട്ട് മാത്തൻ മൽപ്പാൻ*

സങ്കടകരമായ രണ്ടു കാര്യങ്ങൾ ഈ കാലഘട്ടത്തിൽ സംഭവിച്ചിട്ടുണ്ട്. പരിശുദ്ധ ബാവാ കുന്നംകുളം സിംഹാസനപള്ളിയിൽ താമസം ആരംഭിച്ചപ്പോൾ പനയ്ക്കൽ ഇയ്യപ്പന്റെ ഭവനത്തിൽനിന്നായിരുന്നു (നാല് വർഷത്തോളം) ഭക്ഷണം കൊടുത്തയച്ചുകൊണ്ടിരുന്നത്. ഇയ്യപ്പന്റെ പത്നി ഇലഞ്ഞിക്കൽ എലിസബത്ത് (പാപ്പിയമ്മ) ഇക്കാര്യങ്ങൾ വളരെ ഭംഗിയായി നിർവ്വഹിച്ചിരുന്നു. എന്നാൽ ബാവാ വടകരപള്ളിയിൽ ആയിരുന്ന സമയത്ത് അവരുടെ ഏക മകൾ ജ്വരം ബാധിച്ച് മരണമടയുകയുണ്ടായി. കുന്നംകുളത്തെ ചിലർ ടി കുടുംബക്കാരെ ഇപ്രകാരം അപഹസിച്ചു: ''ശീമക്കാർക്ക് ഉപകാരം ചെയ്തതിന്റെ ഫലം കിട്ടിയില്ലേ?'' ബാവാ താമസിയാതെ കുന്നംകുളത്തേക്ക് വരികയും അടുത്ത ദിവസം വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ചെയ്തു. തുടർന്ന് ബാവാ ഇയ്യപ്പനോട് ഇപ്രകാരം പറഞ്ഞു: ' 'നിനക്കൊരു മകൻ ജനിക്കും, ഞാൻ അവനെ മാമ്മോദീസ മുക്കും''. അപ്രകാരം ജനിച്ച മകനെ പെങ്ങാമുക്ക് പള്ളിയിൽ

# Patriarch St. Elias III with Bishops - 1929




Deir Ul Zapharan,
The See of Patriarchate, Mardin



കബറിടം നേർച്ചയായി
പുതുക്കിപണിയിച്ച
എഞ്ചിനിയർ പി.ഇ. ജോൺ

വച്ച് മാമോദീസ മുക്കുകയും 'ദൈവം നമുക്ക് കരുണ ചെയ്തു' എന്നർത്ഥമുള്ള 'യോഹന്നാൻ'* എന്ന് പേർ വിളിക്കുകയും ചെയ്തു.

മോർ കൗമായുടെ തിരുശേഷിപ്പിട്ട വെള്ളം കൊടുക്കുന്നതിന്, വെള്ളം കോരി എടുത്തിരുന്ന സിംഹാസന പള്ളിയുടെ കിണറ്റിൽ ഒരു സ്ത്രീ ചത്ത പൂച്ചയെ ഇട്ട് വെള്ളം ഉപയോഗശൂന്യമാക്കി. തുടർന്ന് ആ സത്രീക്ക് തൊണ്ടയിൽനിന്ന് വെള്ളം ഇറക്കാൻ സാധിക്കാതെ പരിശുദ്ധ ബാവായുടെ അടുക്കൽ കൊണ്ടുവന്ന് മാപ്പപേക്ഷിച്ചു. ബാവായുടെ അടുക്കൽ വളരെ പേർ കൂടുന്നതും പള്ളി പറമ്പിലും റോഡരികിലും ആളുകൾ ഷെഡ് വച്ച് ബാവായെ കാണുന്നതിന് കാത്തിരിക്കുന്നതിലുമുള്ള അസൂയയും വിരോധവും മൂലമായിരുന്നു അപ്രകാരം ചെയ്തത്.



പരിശുദ്ധനായ മോർ ഒസ്താത്തിയോസ് സ്ലീബ ബാവ രോഗ സൗഖ്യത്തിന് വാഴ്ത്തി കൊടുക്കുന്നതിന് വെള്ളം എടുത്തിരുന്ന കിണർ

* പിന്നീട് എൻജിനിയർ പി. ഇ. ജോൺ. ഇദ്ദേഹമാണ് 1957ൽ പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ കബറിടം പുതുക്കി പണിതത്.

## ബാവായുടെ ദേഹവിയോഗം

1927 മുതൽ പുണ്യവാനായ ഒസ്താത്തിയോസ് ബാവായുടെ ആരോഗ്യസ്ഥിതി മോശമായി. ഹെർണിയ രോഗത്താൽ ബാവാ ഏറെ വിഷമിച്ചു. പിൻഗാമിയായ അന്ത്യോഖ്യായുടെ ഇന്ത്യയിലെ പ്രതിനിധി പുണ്യവാനായ യൂലിയോസ് ഏലിയാസ് ബാവാ 1927 മുതൽ ഒസ്താത്തിയോസ് ബാവായുടെ സഹായിയായി പ്രവർത്തിച്ചുകൊണ്ടിരുന്നു.

1930 മാർച്ച് 13-ാം തീയതി ബാവായ്ക്ക് കന്തീല ശുശ്രൂഷ നടത്തി. പരിശുദ്ധ ബാവാ കുന്നംകുളത്തുണ്ടായിരുന്നപ്പോഴെല്ലാം കാൽകഴുകൽ ശുശ്രൂഷ നടത്തിയിരുന്ന അതേസ്ഥലത്ത് വലിയ പന്തലിൽവച്ചാണ് കന്തീല ശുശ്രൂഷ നടത്തിയത്. കന്തീല ശുശ്രൂഷയ്ക്ക് പ. ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ പിൻഗാമിയായ മോർ യൂലിയോസ് ഏലിയാസ് ബാവായും മോർ ദിവന്നാസ്യോസ് മീഖായേൽ തിരുമേനിയും കാർമ്മികത്വം വഹിച്ചു. നിരവധി പുരോഹിതന്മാരും വലിയ ജനക്കൂട്ടവും ആയതിന് സാക്ഷ്യം വഹിച്ചു.




*1930 മാർച്ച് 13-ാം തീയതി കന്തീല ശുശ്രൂഷയ്ക്കുശേഷം*
*പ. ഒസ്താത്തിയോസ് സ്ലീബാ ബാവാ പിൻഗാമിയായ മോർ യൂലിയോസ് ഏലിയാസ് ബാവായോടും*
*മോർ ദിവന്നാസ്യോസ് മീഖായേൽ തിരുമേനിയോടും വൈദികരോടും വിശ്വാസികളുമൊപ്പം*

1930 മാർച്ച് 19-ാം തീയതി ചൊവ്വാഴ്ച മോർ യൂലിയോസ് ഏലിയാസ് ബാവായുൾപ്പെടെയുള്ള മെത്രാപ്പോലീത്തന്മാരും വൈദികരും പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കെ രാത്രി 9 മണിക്ക് ബാവാ തന്റെ ആത്മാവിനെ സ്വർഗ്ഗ പിതാവിന്റെ തൃക്കരങ്ങളിലേൽപ്പിച്ചു. ബുധനാഴ്ച മുഴുവനും വലിയ ജനക്കൂട്ടം ബാവായെ ഒരുനോക്കു കാണുന്നതിന് തിക്കും തിരക്കും കൂട്ടി. വ്യാഴാഴ്ച രാവിലെ 8 മണിക്ക് നഗരികാണിക്കലും തുടർന്ന് അഞ്ച് തിരുമേനിമാർ ചേർന്ന് കബറടക്ക ശുശ്രൂഷകളും പൂർത്തിയാക്കി. മീഖായേൽ മാർ ദീവന്നാസിയോസ്, ഔഗേൻ മാർ തീമോത്തിയോസ് എന്നീ തിരുമേനിമാർ ചരമപ്രസംഗങ്ങൾ നടത്തി ജനങ്ങളെ ആശ്വസിപ്പിച്ചു. കബറടക്ക ശുശ്രൂഷയിൽ സഹകാർമ്മികരായ മറ്റു മെത്രാപ്പോലീത്തന്മാരാണ് മോർ അത്താനാസിയോസ് പൗലോസും മോർ ദിയസ്കോറോസ് തോമായും മോർ യൂലിയോസ് ഏലിയാസ് ബാവായും. നഗരി കാണിക്കൽ സമയത്ത് മോർ യൂലിയോസ് ഏലിയാസ് ബാവാ കണ്ണുനീരിൽ മുഴുകിയിരുന്നു. പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ പ്രാർത്ഥനയാൽ രോഗസൗഖ്യം ലഭിച്ചവരും സഹായങ്ങൾ ലഭിച്ചവരും കരഞ്ഞുകൊണ്ടിരുന്നു. ദൂരസ്ഥലങ്ങളിൽ നിന്ന് വൈകി വന്ന ജനങ്ങൾക്ക് കാണേണ്ടതിന് ഉച്ചകഴിഞ്ഞ് 4.30 മണിവരെ കബർ മൂടിയിരുന്നില്ല. ആ ദിവസങ്ങളിൽ




*പ. ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ കബറടക്കം – 1930 മാർച്ച് 21*



*പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ കബറിടം – 1956ന് മുമ്പ്*

കൈക്കാരൻ അരിമ്പൂർ ചേറുവും ചുങ്കത്ത് താരപ്പനും ചെയ്ത സേവനങ്ങൾ സ്തുത്യർഹമാണ്. ശ്രീ. അരിമ്പൂർ പൗലോസ് ചേറു 1921–1947 കാലഘട്ടത്തിൽ പള്ളിയുടെ കൈക്കാരനായിരുന്നു. ചുങ്കത്ത് ശ്രീ. സി. സി. താരപ്പൻ 1930–1942 കാലഘട്ടത്തിൽ ബാവായുടെ കബറിങ്കലെ ട്രസ്റ്റിയായിരുന്നു.

1942ൽ ചുങ്കത്ത് ശ്രീ. താരപ്പൻ നിര്യാതനായതിനെ തുടർന്ന് ശ്രീ. സി. സി. ചേറപ്പായിയെ കബറിങ്കൽ ട്രസ്റ്റിയായി നിയമിക്കുകയും താരപ്പന്റെ മകനായ വർക്കിയിൽനിന്ന് താക്കോൽ വാങ്ങുന്നതിനായി മോർ യൂലിയോസ് ഏലിയാസ് ബാവാ നിർദ്ദേശം നൽകുകയും ചെയ്തു. ശ്രീ. സി. സി. ചേറപ്പായി 1976 വരെ കബറിങ്കൽ കൈക്കാരനായി സേവനം അനുഷ്ഠിച്ചു.



1957ൽ പുതുക്കിപണിത പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ കബറിടം



*2006ൽ നവീകരിച്ച പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ കബറിടം*



*1950ന് മുമ്പ് സിംഹാസനപള്ളിയുടെ ചിത്രം*
*ശ്രീ കെ.വി. മാണിയുടെ ആൽബത്തിൽനിന്ന്*

1945–1953 കാലഘട്ടത്തിലാണ് സിംഹാസന പള്ളിയുടെ മൂന്ന് മദ്ബഹാകളുടെയും പണി നടന്നത്. മദ്ബഹായുടെ ആർച്ചുകൾ ചെങ്കല്ല് ഉപയോഗിച്ച് (ആണി ഇട്ട് കെട്ടുന്ന രീതി) കെട്ടുകയും പലതവണ അവസാന സമയത്ത് താഴെ വീഴുകയും പണി ആവർത്തിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. 1945ൽ പള്ളി പണിയുടെ പ്രധാന ചുമതലക്കാരൻ തോലത്ത് പാത്തു ഇട്ട്യേര മാസ്റ്ററായിരുന്നു. മോർ യൂലിയോസ് ഏലിയാസ് ബാവാ ഇദ്ദേഹത്തിന്റെ പേരിലാണ് ചെക്കുകളും കത്തുകളും അയച്ചിരുന്നത്.

1946ൽ സ്ഥലപരിമിതി മൂലം വളരെ അടുത്തടുത്തായിരുന്നു ശവക്കല്ലറകൾ നിർമ്മിച്ചിരുന്നത്. ആകെ 44 ശവക്കുഴി എടുക്കുന്നതിനും (1, 11, 21, 51, 101 എന്നീ സ്ഥാനങ്ങൾ തിരിച്ചിരുന്നു) അസ്ഥിക്കുഴിക്ക് (ഒരേ ശവക്കുഴി വീണ്ടും ഉപയോഗിക്കുമ്പോൾ അസ്ഥികൾ സൂക്ഷിക്കുന്നതിന്) ഒരു സ്ഥാനവും ഉൾപ്പടെ 45 കുഴികളാണ് ഉണ്ടായിരുന്നത്. 1946ൽ ഒരു കല്ലറ പണിയുന്നതിന് 50 രൂപ നൽകുന്നവരെ കല്ലറ (മൂന്ന് കോൽ നീളം ഒന്നേകാൽ കോൽ വീതി) പണിയുന്നതിന് അനുവദിച്ചിരുന്നു [Ext. P67(e)].

## 1948ൽ കുന്നംകുളം സിംഹാസനപള്ളിക്ക് മരണപത്രപ്രകാരം ലഭിച്ച നെൽവയൽ

1948 (1123ൽ) 57–ാം നമ്പരായി രജിസ്റ്റർ ചെയ്ത മരണപത്രപ്രകാരം സിംഹാസന പള്ളിക്ക് സിദ്ധിച്ച 19 സെന്റ് (കണ്ടം) സ്ഥലം (1921 – 1096ൽ 782 നമ്പരായി രജിസ്റ്റർ ചെയ്ത സ്ഥലം) 1955 ഫെബ്രുവരി 25–ാം തീയതി ചെറുവത്തൂർ പാത്തു മകൻ വറീത് ആർത്താറ്റ് സിംഹാസന പള്ളിക്കുവേണ്ടി ടി പള്ളിയുടെ മെത്രാപ്പോലീത്തായും മലങ്കര അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയുമായ പത്തനംതിട്ട താലൂക്ക് ഓമല്ലൂർ കരയിൽ താമസവും കൊറെ മെൽകിയുടെ പുത്രനും 74 വയസ്സുമായ മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്തായിൽനിന്ന് പാട്ടത്തിനെടുത്തപ്പോൾ എഴുതിക്കൊടുത്ത പാട്ടശീട്ട് (Ext. P87 in A.S. 11/2003).



*1951–1957 കാലഘട്ടത്തിൽ നിർമ്മാണത്തിലിരുന്ന സിംഹാസനപള്ളിയുടെ ചിത്രം*
*ശ്രീ. പി. ഒ. ചെറിയാൻ, കോയമ്പത്തൂർ അയച്ചുതന്നത്*

1949ൽ പള്ളിയും പള്ളിമുറിയും ഓല മേഞ്ഞതായിരുന്നു. 1956 ഏപ്രിൽ 30–ാം തീയതി മോർ ഒസ്താത്തിയോസ് ബാവായുടെ കബർ പുതുക്കി പണിയുന്നതിന് മോർ യൂലിയോസ് ഏലിയാസ് ബാവാ അനുവാദകൽപന നൽകി. 1958ൽ മോർ ഒസ്താത്തിയോസ് ബാവായുടെ കബർ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ നിർദ്ദേശം അനു

സരിച്ച് മുഴുവൻ ചിലവും വഹിച്ചുകൊണ്ട് എഞ്ചിനിയർ പി. ഇ. ജോൺ ഒരു നേർച്ചയായി പുതുക്കിപണിതു.

1957 ജൂലൈ 6–ാം തീയതി ആണ് പള്ളി ഓട് മേഞ്ഞ് തുടങ്ങിയത്. 1957 ഒക്ടോബറിൽ പള്ളിയുടെ രണ്ടു വശങ്ങളിലെയും ഓട് മേച്ചിൽ പൂർത്തിയായിരുന്നില്ല. ചെങ്കൽ കിട്ടുന്നതിന് താമസം വന്നതിനാൽ ഭിത്തി കെട്ടുന്നത് പൂർത്തിയായിരുന്നില്ല [Ext. P32 (j) dt. 27-09-1957]. 1957ൽ പള്ളിയുടെ കിഴക്കുവശത്തുള്ള സ്ഥലം 2000 രൂപയ്ക്ക് സെമിത്തേരിക്കുവേണ്ടി വാങ്ങുന്നതിനു ആലോചിച്ചിരുന്നു.

## സെമിത്തേരിക്ക് കിഴക്കുവശത്ത് വാങ്ങിയ കൂടുതൽ സ്ഥലത്തിന്റെ ആധാരം

1957 ഡിസംബർ 2–ാം തീയതി (1957ൽ 1535 നമ്പരായി രജിസ്റ്റർ ചെയ്തു). **ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളി ക്കുവേണ്ടി** ടി പള്ളിയിലെ ഇപ്പോഴത്തെ കൈക്കാരനായ കുന്നംകുളം അങ്ങാടിയിൽ പനയ്ക്കൽ ഇയ്യാക്കു മകൻ മാത്തു എന്നവരുടെ പേരിൽ എഴുതിക്കൊടുത്ത തീറാധാരം. 900 ക 1, 2 നമ്പരുകാർക്ക്, 100 ക 3 നമ്പരുകാർക്ക് ആകെ 1000 ക പള്ളിയിൽനിന്ന് തന്ന് ബോധ്യം വന്നിരിക്കുന്നു (Ext. P9 in A.S. 11/2003).

1958 നവംബർ 24–ാം തീയതി ശ്രീ. പനയ്ക്കൽ മാത്തു മോർ യൂലിയോസ് ഏലിയാസ് ബാവായ്ക്ക് അയച്ച കത്തിൽ വെട്ടിക്കുന്നത്ത് അച്ചൻ (വികാരി 1926–1959) തീരെ സുഖമില്ലാതിരിക്കുന്നതെന്നും മരിക്കുകയാണെങ്കിൽ ഈ പള്ളിയിൽനിന്നും എന്തെങ്കിലും തുക ചിലവാക്കണമൊ



*1957 വരെ പള്ളിയുടെ തെക്കുവശത്തുള്ള ഹാളിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചിട്ടുണ്ട്.*

എന്നും ഈ പള്ളിയിൽ കബറടക്കണമൊ എന്നും സംബന്ധിച്ച് ഒരു കൽപന ആവശ്യപ്പെട്ടിരുന്നു. 1958 ഡിസംബർ 3–ാം തീയതി ബഹുമാനപ്പെട്ട വെട്ടിക്കുന്നേൽ മത്തായി അച്ചന് മോർ ഫീലക്സിനോസ് തിരുമേനി തൈലാഭിഷേകം നടത്തി. 1959 ഡിസംബർ 21–ാം തീയതി നിര്യാതനായി, 23–ാം തീയതി പെരുമ്പള്ളി സിംഹാസനപള്ളിയിൽ കബറടക്കി.

1959 ഫെബ്രുവരിയിൽ മോർ സേവേറിയോസ് പൗലോസ് മെത്രാപ്പോലീത്തായ്ക്ക് (1958ലെ സഭാ സമാധാനത്തിനുശേഷം) കൊച്ചി ഭദ്രാസന ചുമതല മോർ ഔഗേൻ കാതോലിക്ക നൽകുകയുണ്ടായി. 1959 ഫെബ്രുവരി 28–ാം തീയതി പുലിക്കോട്ടിൽ ജോസഫ് കത്തനാർ മോർ യൂലിയോസ് ബാവായ്ക്ക് എഴുതിയ കത്തിൽ ''ബാവാ ഈ സമയത്ത് ഇങ്ങോട്ട് (സിംഹാസന പള്ളിയിലേക്ക്) വരാതിരിക്കുന്നതാണ് നല്ലത്. ഇവിടെ സ്ഥിതി വളരെ മോശമാണ്. ഇവിടെ എന്തു സംഭവിക്കുമെന്ന് അറിഞ്ഞുകൂടാ. ബാവാ എന്നെ തെറ്റിധരിക്കരുത്.''

1968 ഓഗസ്റ്റ് 1–ാം തീയതി പള്ളിയുടെ മുഖവാരം ഇടിഞ്ഞുവീഴുകയുണ്ടായി. അത് പുതുക്കി പണിയുന്നതിന് അമ്പതിനായിരത്തിലധികം രൂപ ചിലവായി. ഇതിനോടനുബന്ധിച്ചാണ് പള്ളിയുടെ പ്ലാസ്റ്ററിംഗ് ജോലികൾ, മൊസൈക്ക് വർക്ക്, വാട്ടർ ടാങ്ക് നിർമ്മാണം എന്നിവ നിർവ്വഹിച്ചത്. റിസീവർ കൈവശം ഉണ്ടായിരുന്ന തുകയിൽനിന്ന് കുറെ പണം ഈ സമയത്ത് ലഭിക്കുകയുണ്ടായി.

1968–1973 കാലഘട്ടത്തിൽ സഹവികാരിയായി ബ. ഗീവർഗ്ഗീസ് അച്ചനും (പിന്നീട് കോലഞ്ചേരി കോളജിലെ ലക്ചറർ), പിന്നീട് സഹവികാരിയായിരുന്ന ബ. സൈമൺ ചെല്ലിക്കാട്ടിൽ അച്ചനും (പിന്നീട് പിറവം പള്ളി വികാരി) ശ്രീ. എം. വി. വർക്കി, വേളംകോട് (പിന്നീട് ബഹുമാനപ്പെട്ട ഗീവർഗ്ഗീസ് മേലോത്തച്ചൻ, സുൽത്താൻബത്തേരി) പള്ളിയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സണ്ടേസ്കൂൾ അദ്ധ്യാപകനായും പള്ളി ശുശ്രൂഷകനായും പള്ളിയുടെ മുഖവാരത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങളുമായി സഹകരിച്ചിട്ടുണ്ട്.



1957ൽ പണി പൂർത്തിയാക്കിയ ആർത്താറ്റ് സിംഹാസന പള്ളി
ശ്രീ. കെ. വി. മാണിയുടെ ആൽബത്തിൽനിന്ന്



01. 08. 1968ൽ പള്ളിയുടെ മുഖവാരം നിലംപതിച്ചപ്പോൾ. പുനരുദ്ധാരണ ജോലികൾ ആരംഭിക്കുന്നു



ആർത്താറ്റ് സിംഹാസന പള്ളി 1968ൽ മുഖവാരം ഇടിഞ്ഞുവീണതിനെ തുടർന്ന് പുനർനിർമ്മിച്ചപ്പോൾ




*1968ൽ പുനർനിർമ്മിച്ച ആർത്താറ്റ് സിംഹാസന പള്ളിയുടെ ശിലാഫലകം*




*1968ൽ പുനർനിർമ്മിച്ച ആർത്താറ്റ് സിംഹാസന പള്ളി*

1969ലാണ് വിപുലമായ പള്ളിഗായക സംഘം രൂപീകരിച്ചത്. വേനൽ അവധി ക്കാലത്ത് മോർ ഒസ്താത്തിയോസ് ഹാളിൽവച്ച് ആയതിന് പരിശീലനം നൽകിയത് കീഴില്ലം പരത്തുവയലിൽ ബ. ജോർജ്ജ് വർഗ്ഗീസ് ശെമ്മാശനായി രുന്നു.



*ബ. ജോർജ്ജ് വർഗ്ഗീസ് ശെമ്മാശൻ*



*2007ൽ മുഖവാരത്തിന്റെ ചോർച്ച നീക്കി കേടുപാടുകൾ നീക്കിയശേഷം ആർത്താറ്റ് സിംഹാസന പള്ളി*



2009 മെയ് മാസം 24-ാം തീയതി വൈദിക വസതി ഉദ്ഘാടനം ചെയ്യുന്നു




2014 ഒക്ടോബർ 8-ാം തീയതി നിർമ്മാണം പൂർത്തിയാക്കിയ
മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ മെമ്മോറിയൽ ബിൽഡിംഗ് (പഴയ ഊട്ടുപുര)

# ആർത്താറ്റ് സിംഹാസന പള്ളിയുടെ അനുബന്ധ സ്ഥാപനങ്ങൾ

## മോർ ഒസ്താത്തിയോസ് ഹാൾ

1922 നവംബർ മാസത്തിൽ കുന്നംകുളം തെക്കേ അങ്ങാടി മോർ ഒസ്താത്തിയോസ് ഹാൾ രജിസ്റ്റർ ചെയ്തു. കുന്നംകുളം തെക്കേ അങ്ങാടി മോർ ഒസ്താത്തിയോസ് ഹാൾ രണ്ട് ആധാരപ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ കിഴക്കുവശത്തെ സ്ഥലം ഒരു ആധാരവും, (Ext. P7 in A.S. 11/2003); പടിഞ്ഞാറുവശത്തെ സ്ഥലം മറ്റൊരു ആധാരവുമാണ് [Ext. P7(a) in A.S. 11/2003]. 1922 നവംബർ 1-ാം തീയതി (1098 തുലാം 18) കുന്നംകുളം ചിറളയം താഴത്തങ്ങാടിയിൽ ചെറുവത്തൂര് വറീത് കത്തനാരുടെ മകൻ മാത്തു കത്തനാർ, 409-ാം നമ്പരായി രജിസ്റ്റർ ചെയ്ത തീറാധാരം **അന്ത്യോഖ്യാ സിംഹാസനത്തിന്മേൽ ഇപ്പോൾ**




*മോർ ഒസ്താത്തിയോസ് ഹാൾ*

**വാഴും ഇഗ്നാത്തിയോസ് ഏലിയാസ് എന്ന തിരുനാമമുള്ള പ്രിൻസ് പാത്രിയർക്കീസ് തിരുമനസ്സിലേക്കുവേണ്ടി** ആർത്താറ്റ് സിംഹാസന പള്ളിയിലിരിക്കും സ്ലീബാ മാർ ഒസ്താത്തിയോസ് ബാവായ്ക്ക് . . . 500 രൂപ പള്ളി പിരിവിൽനിന്നും തിരുമനസ്സിനോട് രൊക്കം വാങ്ങി എഴുതിക്കൊടുത്ത തീറാധാരം (Ext. P7).



*2018ൽ പുനർനിർമ്മിച്ച മോർ ഒസ്താത്തിയോസ് ഹാൾ*

1922 നവംബർ 1–ാം തീയതി (1098 തുലാം 18–ാം തീയതി 419–ാം നമ്പരായി രജിസ്റ്റർ ചെയ്ത തീറാധാരം. കൂത്തൂര് ഉക്രു മകൻ ചേറു, **അന്ത്യോഖ്യാ സിംഹാസനത്തിന്മേൽ ഇപ്പോൾ വാഴും ഇഗ്നാത്തിയോസ് ഏലിയാസ് എന്ന തിരുനാമമുള്ള പ്രിൻസ് പാത്രിയർക്കീസ് തിരുമനസ്സിലേക്കുവേണ്ടി** ആർത്താറ്റ് സിംഹാസന പള്ളിയിലിരിക്കും സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലേക്ക്. . . 500 രൂപ പള്ളി പിരിവിൽനിന്നും തിരുമനസ്സിനോട് രൊക്കം വാങ്ങി ഒഴിഞ്ഞുതന്നിരിക്കുന്നു [Ext. P7 (a)].

## 1935 തെക്കെ അങ്ങാടി മോറാൻ ഏലിയാസ് തൃതീയൻ സ്മാരക കുരിശ് സ്ഥാപിച്ചു


മോറാൻ ഏലിയാസ് തൃതീയൻ സ്മാരക കുരിശ് (1935ൽ സ്ഥാപിതം)

1935ൽ മോറാൻ ഏലിയാസ് തൃതീയൻ ബാവായുടെ സ്മരണാർത്ഥം തെക്കേഅങ്ങാടിയിൽ കുരിശുപള്ളി പണി ആരംഭിച്ചു. 1935 മിഥുനം 9–ാം തീയതി കണ്ണനായിക്കൽ മാണി വർഗ്ഗീസ് മാസ്റ്ററെ തെക്കെ അങ്ങാടി കുരിശിന്റെ കൈക്കാരനായി മോർ യൂലിയോസ് ഏലിയാസ് ബാവാ നിയമിച്ചു.

1951 ജൂൺ 25–ാം തീയതിയിലെ മോർ യൂലിയോസ് ഏലിയാസ് ബാവാ യുടെ 173–ാം നമ്പർ കൽപനപ്രകാരം ശ്രീ. റ്റി. ഐ. താവുവിനെ മോർ ഒസ്താത്തിയോസ് ഹോളിന്റെ മുൻ വശത്തുള്ള കുരിശിന്റെ ചുമതല ഏൽപ്പിച്ചു.

## വൈശ്ശേരി മോർ യൂലിയോസ് ഹാൾ

1939 – കുന്നംകുളം–വൈശ്ശേരി മോർ യൂലിയോസ് ഹാളിന്റെ ആധാരം. 1939 മെയ് 18–ാം തീയതി പത്ത് പേർ ചേർന്ന് (1114 ഇടവം 4–ാം തീയതി 1114ൽ 1762 നമ്പരായി രജിസ്റ്റർ ചെയ്ത തീറാധാരം) **ഏഷ്യഖണ്ഡത്തിൽ തുർക്കി രാജ്യത്തിലുള്ള അന്ത്യോഖ്യാ സിംഹാസനത്തിൽ വാഴും അഫ്രേം പ്രഥമൻ എന്ന തിരുനാമമുള്ള വിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് പത്ത് പേർ**




*മോർ യൂലിയോസ് ഹാൾ – 1939ൽ സ്ഥാപിതം*

**ചേർന്ന് എഴുതിക്കൊടുത്ത ദാനത്തീറാധാരം** – "സിംഹാസന പള്ളിക്കുവേണ്ടി 200 ക. വില നിശ്ചയിച്ച് ടി പള്ളിക്കുവേണ്ടി തീറ് തന്നിരിക്കുന്നു. 36 ക. എം. ഡി. എം. സുവിശേഷ സംഘത്തിൽനിന്നും, 64ക. പള്ളി വരവിൽനിന്നും 100ക. 1 മുതൽ 10 വരെ നമ്പരുകാർ മനസ്സാൽ ഉപേക്ഷിച്ചതും ചേർത്ത് **ഇപ്പോഴത്തെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായ നി. വ. ദി. ശ്രീ. മോർ യൂലിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലേക്ക് ഒഴിഞ്ഞ് കൈവശം തന്നിരിക്കുന്നു** (Ext. P8 in A.S. 11/2003). ഇപ്രകാരം ദാനത്തീറ് നൽകിയ പത്തുപേരുടെ പേരുവിവരങ്ങൾ: (1) തോലത്ത് ഇട്ട്യേര മകൻ പീറ്റർ, (2) കണ്ണനായ്ക്കൽ മാണി മകൻ വർഗ്ഗീസ്, (3) അരിമ്പൂർ ചേറു മകൻ ഇറ്റിമാത്തു, (4) പുലിക്കോട്ടിൽ ഉട്ടൂപ്പ് മകൻ ഇട്ട്യേര, (5) തെക്കേക്കര താവു മകൻ ഇട്ട്യേര, (6) വടക്കേത്തലയ്ക്കൽ കുര്യൻ മകൻ ഇയ്യാവു, (7) ചൊവ്വല്ലൂർ വറീത് മകൻ ഇട്ടിക്കുരു, (8) പുലിക്കോട്ടിൽ മാണി മകൻ ഇട്ടൂപ്പ്, (9) കിടങ്ങൻ പൗലൂസ് മകൻ ഇയ്യാക്കു, (10) ചീരൻ ഇട്ടിക്കുരു മകൻ ഇയ്യാക്കു.

## 1941ൽ മോർ യൂലിയോസ് ഹാൾ പുനരുദ്ധരിച്ചു

1941ൽ ഒരു കൊടുങ്കാറ്റ് ഉണ്ടായതിനെ തുടർന്ന് സണ്ടേ സ്കൂൾ കെട്ടിടം തകരുകയും അത് കേട് പോക്കുന്നതിന് കെ. എം. വർഗ്ഗീസ് മാസ്റ്റർക്ക് 25 രൂപ കൊടുക്കുന്നതിന് കൈക്കാരൻ അരിമ്പൂർ പൗലൂസ് ചേറുവിന് മോർ യൂലിയോസ് ബാവാ നിർദ്ദേശം നൽകുകയും ചെയ്തു.



*മോർ തോമ്മാശ്ലീഹാ സ്മാരക കുരിശ്*
*1957ൽ സ്ഥാപിതം*

1957 മാർച്ച് 25-ാം തീയതി അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായ മോർ യൂലിയോസ് ഏലിയാസ് ബാവാ വൈശ്ശേരി സെന്റ് തോമസ് കുരിശുപള്ളിക്ക് തറക്കല്ലിട്ടു. താമസിയാതെ പണി പൂർത്തിയാകുകയും ചെയ്തു.

1951ൽ മോർ യൂലിയോസ് ഹാൾ, പാറയിൽ ചാപ്പൽ എന്നിവ ഓല മേഞ്ഞ കെട്ടിടങ്ങളായിരുന്നു. 1953ലാണ് പാറയിൽ ചാപ്പലിന്റെ വരാന്തയും പടിഞ്ഞാറുവശവും ഒഴികെ ഓട് മേഞ്ഞത്.

## പാറയിൽ സെന്റ് തോമസ് സിംഹാസന ചാപ്പൽ

1944ൽ കുന്നംകുളം-പാറയിൽ സെന്റ് തോമസ് സിംഹാസന ചാപ്പൽ ആരംഭിക്കുന്നു. 1944 ജൂലൈ 21-ാം തീയതി (1119 കർക്കടം 6) 1119ൽ 3563 നമ്പരായി രജിസ്റ്റർ ചെയ്ത തീറാധാരം. ചെറുവത്തൂർ ഉട്ടൂപ്പ് മകൻ മാത്തു ആർത്താറ്റ് യാക്കോബായ പാത്രിയർക്കീസ് സിംഹാസനപള്ളിക്കുവേണ്ടി മേപ്പടി പള്ളിയിലെ ഇപ്പോഴത്തെ കൈക്കാരനായ വാലിപ്പറമ്പങ്ങാടിയിൽ താമസം അരിമ്പൂർ പൗലൂസ് ചേറുവിന്റെ പേരിൽ എഴുതിയ ദാനത്തീറാധാരം. എന്റെ വകയും ഗുരുവായൂർ ദേവസ്വം വക കാണം കുഴിക്കാണവകാശം ഉള്ളതും താഴെ വിവരിക്കുന്നതുമായ ഒരു നമ്പ്രു പീടികപ്പറമ്പ് ഒരായിരം



പാറയിൽ സെന്റ് തോമസ് സിംഹാസന ചാപ്പൽ



2018ൽ പുനർനിർമ്മിച്ച പാറയിൽ സെന്റ് തോമസ് സിംഹാസന ചാപ്പൽ

ഉറുപ്പിക വില നിശ്ചയിച്ച് ടി സിംഹാസനപള്ളിയിലേക്കായി ദാനത്തീറ് തന്നിരിക്കുന്നു (Ext. P10 in A.S. 11/2003). സെന്റ് തോമസ് സിംഹാസന ചാപ്പൽ സ്ഥിതി ചെയ്യുന്ന സ്ഥലം മേൽപറഞ്ഞ ശ്രീ. മാത്തുവിന്റെ വീടായിരുന്നു. ഈ സ്ഥലം ആർത്താറ്റ് സിംഹാസനപള്ളിക്ക് ദാനം നൽകുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. മറ്റ് പല പള്ളിക്കാരും ഈ സ്ഥലം ലഭിക്കണമെന്നാഗ്രഹിച്ച് അദ്ദേഹത്തെ സമീപിച്ചു. ആരുടെയും അപ്രീതി സമ്പാദിക്കാതിരിക്കുന്നതിന് അദ്ദേഹം നറുക്കിടുകയും ആ സ്ഥലം സിംഹാസന പള്ളിക്ക് ലഭിക്കുകയുമാണുണ്ടായത്.

പിന്നീട് അവിടെ ഉണ്ടായിരുന്ന കെട്ടിടത്തിൽ സണ്ടേ സ്കൂൾ ആരംഭിക്കുകയും തുടർന്ന് ചാപ്പലും മോർ ഒസ്താത്തിയോസ് സ്മാരക കുരിശും സ്ഥാപിക്കുകയും ചെയ്തു. ചാപ്പൽ പണിക്ക് നേതൃത്വം നൽകിയിരുന്നത് ചീരൻ തരകൻ ചേറുണ്ണി ഉക്രുവായിരുന്നു. 1955 മുതൽ ശ്രീ. പി. ഐ. പാപ്പച്ചൻ കൈക്കാരനായി ചുമതലകൾ വഹിച്ചുവന്നു. അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായ വന്ദ്യ അപ്രേം ആബൂദി റമ്പാച്ചന്റെ കാലഘട്ടത്തിൽ ശ്രീ. പി. ഐ. പാപ്പച്ചൻ, കൈക്കാരസ്ഥാനം ഒഴിഞ്ഞു.



മോർ ഒസ്താത്തിയോസ് സ്മാരക കുരിശ്



നവീകരിച്ച മോർ ഒസ്താത്തിയോസ് സ്മാരക കുരിശ്

# ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസന പള്ളിയുടെ

## വ്യവഹാര ചരിത്രം

(1959 – 2020)

1958ൽ K.L.T. 721 ആയി റിപ്പോർട്ട് ചെയ്ത സഭാ കേസിലെ വിധിയെ തുടർന്ന് 1959 മാർച്ച് 19–ാം തീയതി അന്നത്തെ മലങ്കര യാക്കോബായ സുറിയാനി സഭയിലെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ പൗലോസ് മോർ സേവേറിയോസ് തിരുമേനി, മെത്രാൻകക്ഷിയിൽ ചേർന്ന അന്നത്തെ സിംഹാസനപള്ളി കൈക്കാരൻ പനയ്ക്കൽ ഇയ്യാക്കു മാത്തു, വൈദികരായ ചെറുവത്തൂർ ഉക്രു മാത്തു കത്തനാർ, പുലിക്കോട്ടിൽ ഇട്ട്യേര ജോസഫ് കത്തനാർ (രണ്ടുപേരും അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവായിൽനിന്ന് വൈദികപട്ടം സ്വീകരിച്ചവരാണ്) എന്നി വരുടെ സഹകരണത്തോടെയും മലങ്കര യാക്കോബായ സുറിയാനി സഭയുടെ മെത്രാൻ കക്ഷി വിഭാഗത്തിലെ കുന്നംകുളത്തുള്ള ആളുകളുടെ പിൻബലത്തോടുകൂടെ ആർത്താറ്റ് സിംഹാസന പള്ളിയിലേക്ക് അതിക്രമിച്ച് കടക്കുന്നതിന് ശ്രമിച്ചു. സിംഹാസനപള്ളി അക്കാലംവരെ ഭരിച്ചു വന്നിരുന്ന അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവായും സെക്രട്ടറി മാടപ്പാട്ട് യാക്കോബ് റമ്പാച്ചനും (പിന്നീട് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്താ) സിംഹാസനപള്ളിയിലു ണ്ടായിരുന്നു. പള്ളിയിലെ കബറിങ്കൽ കൈക്കാരനായിരുന്ന ചീരൻ തരകൻ ചേറുണ്ണി ചേറപ്പായി, സെക്രട്ടറിയായിരുന്ന കണ്ണനായ്ക്കൽ മാണി വർഗ്ഗീസ് മാസ്റ്റർ പള്ളിയിലെ കപ്യാ രായിരുന്ന കൊള്ളനൂർ കാക്കു തേച്ചൻ എന്നിവരും പള്ളി യിൽ സന്നിഹിതരായിരുന്നു. അനധികൃത പ്രവേശനത്തെ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് R.D. O. ക്ക് അപേക്ഷ കൊടുക്കുകയും ചെയ്തു. തുടർന്ന് പള്ളിയിൽ സംഘർഷാ വസ്ഥ സംജാതമായി.

പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ ശ്രാദ്ധദിനമായ 1959 മാർച്ച് 19-ാം തീയതി ഞായറാഴ്ച രാവിലെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയും സിംഹാസനപള്ളിയുടെ മെത്രാപ്പോലീത്തയുമായ മോർ യൂലിയോസ് ഏലിയാസ് ബാവാ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. റാസയും സദ്യയും സംഘർഷമില്ലാതെതന്നെ പര്യവസാനിച്ചു. മെത്രാൻകക്ഷിക്കാർ മോർ യൂലിയോസ് ബാവായെ ''സമാധാനവിരുദ്ധൻ'' എന്ന് ആക്ഷേപിക്കുകയുണ്ടായി.

1959 ഏപ്രിൽ 25-ാം തീയതി പനയ്ക്കൽ ഇയ്യാക്കു മാത്തുവിനെയും പുലിക്കോട്ടിൽ ഇട്ടൂപ്പ് ഇട്ടൂപ്പിനെയും യഥാക്രമം ട്രസ്റ്റി, അസി. ട്രസ്റ്റി എന്നീ സ്ഥാനങ്ങളിൽനിന്ന് നീക്കിയതായി മോർ യൂലിയോസ് ഏലിയാസ് ബാവാ രജിസ്റ്റർ നോട്ടീസ് അയച്ചു. 1959 മെയ് 11-ാം തീയതി പുലിക്കോട്ടിൽ ഇട്ടൂപ്പ് ഇട്ടൂപ്പ് ചുമതലയിൽനിന്ന് ഒഴിഞ്ഞു. എന്നാൽ പനയ്ക്കൽ ഇയ്യാക്കു മാത്തു കൈക്കാരസ്ഥാനം ഒഴിയാതെ ചെറുവത്തൂർ മാത്തു കത്തനാർ പുലിക്കോട്ടിൽ ജോസഫ് കത്തനാർ എന്നിവരോട് ചേർന്ന് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ നേരിട്ടുള്ള ഭരണത്തിൽ ഇരിക്കുന്ന കുന്നംകുളം സിംഹാസനപള്ളി കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെട്ട പള്ളിയാക്കുന്നതിന് ശ്രമമാരംഭിച്ചു. ഇതേതുടർന്നാണ് കേസുകൾ ആരംഭിച്ചത്.

**O.S. No. 67/1959 Filed on 8 July 1959**

അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ വാദിയായും കൊച്ചി ഭദ്രാസനത്തിന്റെ പൗലോസ് മോർ സേവേറിയോസ് തിരുമേനി ഉൾപ്പെടെ പതിമൂന്ന് പേരെ പ്രതികളാക്കിയുമാണ് തൃശ്ശൂർ സബ്കോടതിയിൽ **O.S. No. 67/1959** കേസ് ഫയൽ ചെയ്തത്. കുന്നംകുളം സിംഹാസനപള്ളിയുടെ ആധാരപ്രകാരവും നാൽപതു വർഷത്തെ ഭരണക്രമീകരണ കീഴ്വഴക്കവുമനുസരിച്ച് പള്ളിയും അനുബന്ധ സ്വത്തുക്കളും മലങ്കര സഭയ്ക്ക് പുറത്താണെന്നും സ്ഥാപനോദ്ദേശ്യപ്രകാരം പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ നിയന്ത്രണത്തിലും ഭരണത്തിലുമാണെന്ന് സ്ഥാപിച്ചുകിട്ടുന്നതിനും പ്രതികളായ കാതോലിക്ക, കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത തുടങ്ങിയവർക്ക് ഈ പള്ളിയിലോ സ്ഥാപനത്തിലോ യാതൊരുവിധ അധികാര അവകാശങ്ങളും ഇല്ലെന്ന് സ്ഥാപിച്ചു കിട്ടുന്നതിനും പ്രതി

കളെയും അവരോട് ചേരുന്നവരെയും സിംഹാസന പള്ളിയിൽ പ്രവേശിക്കുന്നതിൽനിന്നും ഇടപെടുന്നതിൽ നിന്നും ശാശ്വതമായി നിരോധിക്കണമെന്നുമായിരുന്നു അപേക്ഷയുടെ രത്നച്ചുരുക്കം.

പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി യായ മോർ യൂലിയോസ് ഏലിയാസ് ബാവാ, പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പവർ ഓഫ് അറ്റോർണി ഹാജരാക്കിയില്ല എന്ന ന്യൂനത ചൂണ്ടിക്കാണിച്ചുകൊണ്ട് **O.S. No. 67/1959** തള്ളിക്കളഞ്ഞു.

1960 ജനുവരി 13–ാം തീയതിയിലെ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ 30–ാം നമ്പർ കൽപനപ്രകാരം കൊച്ചുപുരയ്ക്കൽ കെ. വി. കുര്യാക്കോസ് അച്ചനെ ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളി വികാരിയായി നിയമിച്ചു.

കേസിന്റെ നടപടികൾ കോടതിയിൽ നടന്നുവരവെ 1960 മാർച്ച് 18–ാം തീയതി കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത മോർ സേവേറിയോസിന്റെ കൽപനപ്രകാരം എന്നു പറഞ്ഞ്, പള്ളിയുടെ ഭരണാധികാരിയായിരുന്ന മോർ യൂലിയോസ് ഏലി യാസ് ബാവായുടെയോ കബറിങ്കൽ കൈക്കാരനായിരുന്ന ശ്രീ. സി. സി. ചേറപ്പായിയുടെയോ അറിവോ സമ്മതമോ കൂടാതെ കബറിങ്കലെ ഭണ്ഡാരം മെത്രാൻകക്ഷിക്കാർ എടുത്തു മാറ്റുകയും ഒളിപ്പിച്ചുവയ്ക്കുകയും ചെയ്തു. കബറിങ്കൽ കൈക്കാരനായ ശ്രീ. സി. സി. ചേറപ്പായി കു ന്നംകുളം പോലീസിൽ ഭണ്ഡാരം കളവുപോയ സംഗതി യെ സംബന്ധിച്ച് പരാതി നൽകുകയുണ്ടായി. പിറ്റേ ദിവസം മാർച്ച് 19–ാം തീയതി സംഘർഷം പരിഹൃത മാകാതെതന്നെ പള്ളിയകത്ത് മോർ സേവേറിയോസ് കുർബ്ബാന ആരംഭിച്ചു. എന്നാൽ സത്യവിശ്വാസികളുടെ ഒരു വലിയ സംഘം പള്ളിപരിസരത്തും പള്ളിയകത്തും പ്രവേശിച്ചു. മോർ സേവേറിയോസ് തിരുമേനി വിശുദ്ധ കുർബ്ബാനയുടെ പകുതി ഭാഗം പരസ്യമായി ചൊല്ലി. അതേ തുടർന്ന് തൃശ്ശൂർ ആർ.ഡി.ഒ. കുന്നംകുളം സിംഹാസന പള്ളി പൂട്ടി സീൽവച്ചു. കബറിങ്കലിൽനിന്ന് കാണാതെ പോയ ഭണ്ഡാരം അടുപ്പൂട്ടിയിലെ ബഹുമാനപ്പെട്ട ജോസഫ് കാക്കശ്ശേരി അച്ചന്റെ വീട്ടിൽനിന്ന് തിരികെ കാറിൽ കയറ്റിവച്ചത് ശ്രീ. എ. സി. ചേറു ആണ്.

പോലീസിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ Cr. P.C. 144 പ്രകാരം ഭണ്ഡാരങ്ങളെല്ലാം കസ്റ്റഡിയിലെടുക്കുകയും റിസീവറെ നിയമിക്കുകയും ചെയ്തു. 23.06.1960ൽ C. C. No. 71/60 ആയി ശ്രീ. റ്റി. സി. ഐപ്പിനെയും മറ്റ് 23 പേരെയും ചേർത്ത് മെത്രാൻ കക്ഷികൾ ഒരു സ്വകാര്യ ക്രിമിനൽ അന്യായം ഫയൽ ചെയ്തു. 19.03.1960ൽ ഞായറാഴ്ച കാലത്ത് വിശുദ്ധ കുർബ്ബാന ചൊല്ലുമ്പോൾ പ്രതികൾ മാരകായുധങ്ങളുമായി പള്ളിയകത്ത് നിയമവിരുദ്ധമായി സംഘം ചേർന്ന് തടസ്സം സൃഷ്ടിച്ചുവെന്നും മതവികാര ങ്ങളെ വ്രണപ്പെടുത്തിയെന്നുമായിരുന്നു കേസ്. ശിക്ഷിക്ക പ്പെട്ട ഒന്നു മുതൽ ഏഴു വരെ പ്രതികൾ അപ്പീൽ സമർപ്പി ക്കുകയും 29.09.1962ൽ പ്രതികൾ കുറ്റക്കാരനല്ലാത്തതിനാൽ വിട്ടയക്കുന്നതിനും ഈടാക്കിയ പിഴ തിരികെ കൊടുക്കുന്ന തിനും വിധിയായി. തുടർന്ന് മെത്രാൻകക്ഷികൾ ഹൈക്കോട തിയിൽ അപ്പീൽ നൽകിയെങ്കിലും ജില്ലാ കോടതി വിധി ശരിവയ്ക്കുകയാണുണ്ടായത്. അതേതുടർന്ന് ജാമ്യം എടുത്തവരുടെ പേരിലും മെത്രാൻ കക്ഷികൾ കേസു കൊടുക്കുകയുണ്ടായി. അതും തള്ളി വിധിയായി.

1961 മാർച്ചിൽ പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ ശ്രാദ്ധത്തിന് മെത്രാൻ കക്ഷിയിലെ കാതോലിക്ക ബസ്സേലി യോസ് ഗീവർഗ്ഗീസ് ദ്വിതീയൻ വരുന്നുണ്ടെന്ന് തീർച്ചയായി. അതേത്തുടർന്ന് ശ്രീ. സി.വി. ജോബിന്റെ നേതൃത്വത്തിൽ പള്ളി കവാടത്തിൽ പിക്കറ്റിംഗ് നടത്തുകയും പിക്കറ്റ് ചെയ്ത വ്യക്തികളെ അറസ്റ്റ് ചെയ്തു നീക്കുകയുണ്ടായി.

പിക്കറ്റിനും അറസ്റ്റിനുശേഷം ശ്രീ. കെ.സി. ജോർജ്ജി ന്റെ വസതിയിൽ കൂടിയ യോഗത്തെ തുടർന്ന് ഒരു പുതിയ കേസ് ആരംഭിക്കുന്നതിന് തീരുമാനം എടുത്തു. അപ്രകാരം ഫയൽ ചെയ്ത കേസാണ് O.S. No. 47/1961.

O.S. No. 67/1959 തള്ളിക്കളയുന്നതിനിടയാക്കിയ ന്യൂനത പരിഹരിച്ചും പരിശുദ്ധ പാത്രിയർക്കീസ് യാക്കോബ് തൃതീ യൻ ബാവാ ഒന്നാം വാദിയായും സിംഹാസന പ്രതിനിധി യായ മോർ യൂലിയോസ് ഏലിയാസ് ബാവാ രണ്ടാം വാദിയാ യും വികാരിയായി ബഹുമാനപ്പെട്ട കെ.വി. കുര്യാക്കോസ് അച്ചൻ പള്ളി ആരാധക പ്രതിനിധികളായി ശ്രീമാന്മാരായ വടക്കേതലയ്ക്കൽ ഇയ്യാവൂ കുര്യൻ, പനയ്ക്കൽ താഞ്ചു

ഇട്ട്യേച്ചൻ, തോലത്ത് ചേറു ഐപ്പ്, ചുങ്കത്ത് താരപ്പൻ ജോൺ, എന്നീ നാലു പേരെ കക്ഷിചേർത്തുമാണ് O.S. No. 47/1961 ഫയൽ ചെയ്തത്.

1961 മാർച്ച് 20–ാം തീയതിയിലെ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ 63–ാം നമ്പർ കൽപനപ്രകാരം ശ്രീ. സി. റ്റി. ജോണി, ശ്രീ. റ്റി. സി. ഐപ്പ് എന്നിവരെ ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളി കൈക്കാരന്മാരായി നിയമിച്ചു. 1961 ഏപ്രിൽ 10–ാം തീയതിയിലെ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ 101–ാം നമ്പർ കൽപനപ്രകാരം ശ്രീ. ചുങ്കത്ത് താരപ്പൻ ജോൺ, ശ്രീ. തോലത്ത് ചേറു ഐപ്പ് എന്നിവരെ പാറയിൽ ചാപ്പൽ, തെക്കെ അങ്ങാടി മോർ ഒസ്താത്തിയോസ് ഹാളിന്റെ മുമ്പിലെ കുരിശ് എന്നിവയുടെ കൈക്കാരന്മാരായി നിയമിച്ചു.

1961 മെയ് 13–ാം തീയതി മുതൽ ഒക്ടോബർ 25–ാം തീയതി വരെ പള്ളി പൂട്ടികിടന്നു. തുടർന്ന് 1962 ജൂൺ 15–ാം തീയതി C.M.A. 183/1961 ൽ സമയം അനുവദിച്ചുകൊണ്ട് ഉഭയസമ്മതപ്രകാരം തീർപ്പുണ്ടായി. I.A. 2422/1961 പ്രകാരം വാദികളെ ആരാധന നടത്തുന്നതിൽനിന്ന് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദായി. തുടർന്ന് വിവാഹങ്ങൾ, മാമോദീസാ തുടങ്ങിയ പള്ളിയകത്ത് വച്ച് നടത്തുന്ന മറ്റു മതപരമായ കർമ്മങ്ങൾ ഉൾപ്പടെ വാദികൾക്ക് നടത്തുന്നതിനും 1964 മാർച്ച് 16–ാം തീയതി കോടതി ഉത്തരവായി. വാദികൾ മതപരമായ കർമ്മങ്ങൾ നടത്തുന്നതിന് മെത്രാൻകക്ഷികളുടെ അനുവാദം വാങ്ങണമെന്ന C.M.A. Nos. 62 & 99/1963 അപേക്ഷയിലാണ് മേൽപറഞ്ഞ ഉത്തരവുണ്ടായത്. 1963–64 കാലഘട്ടത്തിൽ ക്രിസ്തുമസ്, ഈസ്റ്റർ എന്നീ വിശേഷ ദിവസങ്ങളിൽ തെക്കെഅങ്ങാടി മോർ ഒസ്താത്തിയോസ് ഹാളിലായിരുന്നു പുലർച്ച ശുശ്രൂഷകൾ നടന്നുവന്നിരുന്നത്. തുടർന്ന് വിശ്വാസികൾ റാസയായി സിംഹാസനപള്ളിയിലേക്ക് പോകുമായിരുന്നു. ഇങ്ങനെയുള്ള യാത്രകളും സംഘർഷങ്ങളിൽ കലാശിച്ചിട്ടുണ്ട്.

സിംഹാസനപള്ളി വികാരിയായ ബ. കെ. വി. കുര്യാക്കോസ് അച്ചൻ നടത്തുന്ന മാമോദീസ, വിവാഹം, ശവസംസ്കാരം എന്നിവയുടെ പള്ളി വരുമാനം മെത്രാൻകക്ഷിയിലെ ട്രസ്റ്റിയെ ഏൽപിച്ച് രസീത് വാങ്ങണം എന്ന ഉത്തരവ് സമ്പാദിക്കുന്നതിന് C.M.A. No. 22/1963 സമർപ്പിക്കുകയുണ്ടായി. 1964

സെപ്റ്റംബർ 2-ാം തീയതി മതിയായ കാരണങ്ങളില്ലെന്ന് കാണിച്ച് അപേക്ഷ തള്ളിക്കളയുകയുണ്ടായി.

1962 ഫെബ്രുവരി 18-ാം തീയതി വന്ദ്യ അഫ്രേം പൗലോസ് റമ്പാൻ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ Power of Attorney holder ആയിരുന്നു. മഞ്ഞനിക്കരയിൽ താമസിച്ചിരുന്ന കാലഘട്ടത്തിൽ ഇദ്ദേഹം പ്രസിദ്ധീകരിച്ച രണ്ടു പുസ്തകങ്ങളാണ്: *വെള്ളിനക്ഷത്രങ്ങൾ* (1963), *ശീമക്കാരായ പിതാക്കന്മാർ* (1964).

1964 മെയ് 22-ാം തീയതി കോട്ടയത്തുവച്ച് മോർ ഔഗേൻ കാതോലിക്കയെ വാഴിച്ചശേഷം 1964 ജൂൺ 14-ാം തീയതി പരിശുദ്ധ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കൂബ് മൂന്നാമൻ ബാവാ 163/64 നമ്പർ കൽപനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: നാം മലങ്കരയിലുള്ള സിംഹാസനപള്ളികളെ സംബന്ധിക്കുന്ന ചോദ്യം പരിഗണിച്ചു. അവ പരിശുദ്ധ സിംഹാസനത്തിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലും മലങ്കരയിലെ അധികാരശ്രേണിക്കുപുറത്തും വിഭിന്നവുമായിരുന്നു. ആ പള്ളികൾ കാലക്രമത്തിൽ പള്ളികൾ സ്ഥിതി ചെയ്യുന്ന അതാതു ഭദ്രാസനങ്ങളിൽ കൊണ്ടുവരണമെന്നാണ് നാം ആഗ്രഹിക്കുകയും ചിന്തിക്കുകയും ചെയ്യുന്നത്. ഈ സാഹചര്യത്തിൽ കൊണ്ടുവരുന്നതിന് കുറച്ചു സമയം ആവശ്യമായി വരും. അതിനിടയിൽ ഒരു താൽക്കാലിക ക്രമീകരണം എന്ന നിലയിൽ ഈ പള്ളികളുടെ ഭരണസംബന്ധമായ അധികാരങ്ങൾക്ക് കാതോലിക്കയെ ചുമതലപ്പെടുത്താൻ നാം ആഗ്രഹിക്കുന്നു (Ext. D 204 in A.S. 11/2003).

1965 ജനുവരി 9-ാം തീയതി മോർ ബസേലിയോസ് ഔഗേൻ കാതോലിക്ക പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് 32/65 നമ്പരായി അയച്ച കത്തിൽ ഏറെ കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട് (Ext. P 129 in A.S. 11/2003). **കത്തിന്റെ നാലാം പാരഗ്രാഫിൽ** ഇപ്രകാരം എഴുതിയിരിക്കുന്നു. പരിശുദ്ധ ബാവായുടെ 161/64 നമ്പർ കൽപനയിൽ മലേക്കുരിശ് പിറമാടം കിഴക്കമ്പലം ദയറാകളെ കുറിച്ച് പരാമർശങ്ങളൊന്നുമില്ല. 1964 ജൂലൈ 21-ാം തീയതിയിലെ എന്റെ (കാതോലിക്കയുടെ) കത്തിൽ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിലുള്ള പള്ളികളുടെയും ദയറാകളുടെയും ഭരണം കാതോലിക്കയെ ഏൽപ്പിക്കണമെന്ന് എഴുതിയിരുന്നു. എന്നാൽ ഇപ്പോഴത്തെ 416/64 നമ്പർ



1964 മെയ് 22–ാം തീയതി മോറാൻ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ
മോർ ഔഗേൻ തിമോത്തിയോസിനെ കാതോലിക്കയായി വാഴിക്കുന്നു




പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായോടൊപ്പം മോർ ബസ്സേലിയോസ്
ഔഗേൻ കാതോലിക്ക, മോർ ഒസ്താത്തിയോസ് കുര്യാക്കോസ് (കൈമാഖാം),
മോർ ഗ്രിഗോറിയോസ് കുര്യാക്കോസ് (പാമ്പാടി),
അന്ത്യോഖ്യാ പ്രതിനിധി വന്ദ്യ അഫ്രേം പൗലോസ് റമ്പാൻ




ഇരിക്കുന്നവർ: നി.വ.ദി.ശ്രീമാന്മാരായ ദാനിയേൽ മോർ ഫീലക്സിനോസ്, എബ്രഹാം മോർ ക്ലീമിസ്, മാത്യൂസ് മോർ അത്തനാസ്യോസ്, സഖാ മോർ സേവേറിയോസ് (പിന്നീട് പ. ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ പാത്രിയർക്കീസ്), തോമാ മാർ ഡയനീഷ്യസ്, കുര്യാക്കോസ് മോർ ഒസ്താത്തിയോസ്, പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ, ശ്രേഷ്ഠ കാതോലിക്ക മോർ ബസ്സേലിയോസ് ഔഗേൻ, നി.വ.ദി.ശ്രീമാന്മാരായ കുര്യാക്കോസ് മോർ ഗ്രീഗോറിയോസ് (പാമ്പാടി), ഗീവർഗ്ഗീസ് മോർ ഗ്രീഗോറിയോസ് (വയലിപ്പറമ്പിൽ), മാത്യൂസ് മോർ ഈവാനിയോസ്, പൗലോസ് മോർ ഫീലക്സിനോസ് (പിന്നീട് ശ്രേഷ്ഠ കാതോലിക്ക മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ), മാത്യൂസ് മോർ കൂറിലോസ്

നിൽക്കുന്നവർ: വന്ദ്യ സൈമൺ സലീബ റമ്പാൻ (പിന്നീട് മോർ ഗ്രീഗോറിയോസ് സലീബ ശെമവൂൻ), വന്ദ്യ അഫ്രേം പൗലൂസ് റമ്പാൻ, അന്ത്യോഖ്യ സിംഹാസന പ്രതിനിധി (പിന്നീട് മോർ അത്തനാസ്യോസ് അഫ്രേം പൗലോസ്)

കൽപനയിൽ പരിശുദ്ധ ബാവാ പറയുന്നത് അതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട് എന്നാണ്. . . സുന്നഹദോസിൽനിന്നും കാതോലിക്കയിൽനിന്നും ദയറാകൾ സ്വതന്ത്രമായി നിലനിന്നാൽ അത് ഭാവിയിൽ തർക്കങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കും കാരണമാകും.

**ഏഴാം പാരഗ്രാഫിൽ** ഇപ്രകാരം എഴുതിയിരിക്കുന്നു: ദയറാകളുടെയും സിംഹാസനപള്ളികളുടെയും ഉടമസ്ഥാവകാശം (Title & ownership) മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന് കൈമാറ്റം ചെയ്യണം. തുടർന്ന് ഒമ്പതാം പാരഗ്രാഫിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: പരിശുദ്ധ ബാവാ വിചാരിക്കുന്നതിനേക്കാൾ സങ്കീർണ്ണമാണ് കുന്നംകുളം സിംഹാസന പള്ളിയുടെ കേസ്. . . ആ കേസിൽ പരിശുദ്ധ ബാവാ ഒരു വശത്തും ഞാൻ (കാതോലിക്ക) മറുവശത്തുമാണ്. . . എന്നാൽ യഥാർത്ഥത്തിൽ രണ്ടു ഗ്രൂപ്പുകളായി തിരഞ്ഞിരിക്കുന്ന ഇടവകക്കാർ ആണ് തർക്കക്കാർ. . . പരിശുദ്ധ ബാവാ അവിടെ നിയമിച്ചിരിക്കുന്ന അച്ചൻ (വികാരി ബ. കെ. വി. കുര്യാക്കോസ് അച്ചൻ) ആ ഭദ്രാസനത്തിൽപെട്ടതല്ല. ആ അച്ചൻ അവിടെ തുടരുന്നിടത്തോളം കാലം മറുഭാഗത്തിന്റെ കാർക്കശ്യം കുറയുകയില്ല. . .

ഉപസംഹാര പാരഗ്രാഫിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: ആ സമൂഹം ഒന്നായെങ്കിലെ അവിടുത്തെ പ്രശ്നങ്ങൾ തീരുകയുള്ളൂ. അതു സാധ്യമാക്കുന്നതിന് രണ്ടു കൂട്ടരും ഇഷ്ടപ്പെടുന്ന ഒരു പുതിയ പുരോഹിതന്റെ കീഴിൽ ആ ആരാധന സമൂഹം വരേണ്ടതാണ്. ആ കാര്യം എന്നെ (കാതോലിക്ക) ഏൽപ്പിച്ചാൽ ഒരു സ്വീകാര്യമായ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. അതിനായി രണ്ടു വർഷത്തേക്ക് കാതോലിക്കയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കണമെന്നാണ് എന്റെ നിർദ്ദേശം (Ext. P 129 in A.S. 11/2003).

1967 മാർച്ച് 31-ാം തീയതി വാദികളുടെ അന്യായപ്രകാരം മുഴുവൻ നിവൃത്തികളും അനുവദിച്ചുകൊണ്ട് O.S. No. 47/1961 വിധിയായി. കേസിലെ വാദികൾ: (1) മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ, (2) മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്ത, (3) വർക്കി കുര്യാക്കോസ് കത്തനാർ, (4) വടക്കേതലയ്ക്കൽ ഇയ്യാവു കുര്യൻ, (5) പനയ്ക്കൽ താഞ്ചു ഇട്ട്യേച്ചൻ, (6) തോലത്ത്

ചേറു ഐപ്പ്, (7) ചുങ്കത്ത് താരപ്പൻ ജോൺ, (8) റവ. അപ്രേം പൗലോസ് റമ്പാൻ (9) വെരി. റവ. അഫ്രേം ആബൂദി റമ്പാൻ.

പ്രതികൾ: (1) പൗലോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത, (2) കാക്കശ്ശേരി മാത്തു ജോസഫ് കത്തനാർ, (3) ചെറുവത്തൂർ ഉക്രു മാത്തു കത്തനാർ (4) പുലിക്കോട്ടിൽ ഇട്ട്യേര ജോസഫ് കത്തനാർ, (5) പനയ്ക്കൽ ഇയ്യാക്കു മാത്തു, (6) പുലിക്കോട്ടിൽ ഇട്ടൂപ്പ് ഇട്ടൂപ്പ്, (7) തെക്കേക്കര ഇട്ട്യേര താവു, (8) പുലിക്കോട്ടിൽ ഇട്ടൂപ്പ് പാപ്പച്ചൻ, (9) ചീരൻ തരകൻ ചേറുണ്ണി ചേറപ്പായി, (10) കണ്ണനായ്ക്കൽ മാണി വർഗ്ഗീസ്, (11) കൊള്ളനൂർ കാക്കു തേച്ചൻ, (12) ചെറുവത്തൂർ പാത്തു വറീത്, (13) ചെറുവത്തൂർ ചാക്കു ഇയ്യു (9,10,11, എന്നിവർ അനുകൂല പ്രതികളാണ്).

O.S. No. 47/61 ലെ വിധിയിന്മേൽ മെത്രാൻകക്ഷികൾ A.S. No. 111/1967 നമ്പരായി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. സമയം നിശ്ചയിച്ചുകൊണ്ടുള്ള C.M.A. 183/1961 ലെ ആരാധനയ്ക്കുള്ള സമയം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവു മാത്രം നിലനിർത്തുകയുണ്ടായി. 31-03-1967 മുതൽ 13-12-1972 വരെ സിംഹാസനപള്ളി യഥാർത്ഥ അവകാശികളുടെ പരിപൂർണ്ണ അധീനതയിലായിരുന്നു. ഈ കാലഘട്ടത്തിൽ മെത്രാൻ കക്ഷികൾ ആരാധനയ്ക്കായി സിംഹാസനപള്ളിയിൽ വന്നിരുന്നില്ല. 1972 ഡിസംബർ 13-ാം തീയതി A.S. No. 111/1967 നമ്പരായ കേസിന്റെ മെറിറ്റിലേക്ക് കടക്കാതെ **മലങ്കരസഭയുടെ കാതോലിക്കായെ കക്ഷി ചേർത്ത് കേസ് കീഴ്കോടതിയിൽ കേൾക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവായി.** ഈ അപ്പീൽ കേസ് ആദ്യം ഡിവിഷൻ ബെഞ്ചിലും 1972 ഒക്ടോബർ 25-ാം തീയതിയിലെ ഉത്തരവനുസരിച്ച് ഹൈക്കോടതിയിലെ ഫുൾബഞ്ചാണ് പരിഗണിച്ചത്.

1972 ഡിസംബർ 13-ാം തീയതി മുതൽ കുന്നംകുളം സിംഹാസനപള്ളി 1959-62 കാലഘട്ടത്തിലെ സംഘർഷഭരിതമായ അന്തരീക്ഷത്തിലേക്ക് മടങ്ങുകയായിരുന്നു. പലരും ആ കാലഘട്ടത്തിൽ പള്ളികെട്ടിടം സംരക്ഷിക്കുന്നതിന് ഏറെ പരിശ്രമിച്ചവരാണ്. അവരിൽ ചില വ്യക്തികളുടെ ചിത്രം താഴെ ചേർത്തിരിക്കുന്നു.

ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസന പള്ളിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളായ പല വ്യക്തികളെയും അനുസ്മരിക്കേണ്ടതായിട്ടുണ്ട്. ഏതാനും പേരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഈ പട്ടിക പൂർണ്ണമല്ല. പലരേയും ബന്ധപ്പെടുവാൻ സാധിച്ചില്ല. പലരും വിശദാംശങ്ങൾ നൽകുന്നതിന് സന്നദ്ധരായിരുന്നില്ല.



ഷെവ. റ്റി. സി. ഐപ്പ്



ശ്രീ. ചീരൻ സഖറിയ വർഗ്ഗീസ്



ശ്രീ. സി.ഐ.കുഞ്ഞപ്പൻ




ശ്രീ. സി. വി. ജോബ്



ശ്രീ. സി. സി. കാക്കു



ശ്രീ. ഇട്ടൂപ്പ് പനയ്ക്കൽ



ശ്രീ. കുഴിക്കാട്ട് പത്രോസ്



ശ്രീ. കുന്നത്തുവളപ്പിൽ പൊറിഞ്ചു



ശ്രീ. കുറ്റിക്കാട്ടിൽ വാറപ്പൻ



ശ്രീ. പി. കെ. വിൽസൺ



ശ്രീ. പി. ഐ. ജോൺകുട്ടി

1973 ഫെബ്രുവരി 9-ാം തീയതി ആർത്താറ്റ് സിംഹാസന പള്ളിയിൽ ലാത്തിച്ചാർജ്ജ് നടന്നു. മെത്രാൻകക്ഷിക്കാർ അവർക്കനുവദിച്ചിരിക്കുന്ന സമയം കഴിഞ്ഞിട്ടും പിരിഞ്ഞുപോകാതെ പൊതുയോഗം ചേരുകയും മറ്റും ചെയ്തതിനെത്തുടർന്നാണ് ലാത്തിച്ചാർജ്ജ് ഉണ്ടായത്.

1973 ഒക്ടോബർ 13-ാം തീയതി C.M.A. No. 120/1973 ന്റെ അന്തിമ വിധിയുണ്ടായി. അതനുസരിച്ച് മെത്രാൻ കക്ഷികൾ മുകളിലത്തെ നിലയിൽനിന്ന് ഒഴിഞ്ഞുപോകുവാൻ ഉത്തരവായി. 1973 ഒക്ടോബർ 18-ാം തീയതി തൃശ്ശൂർ സബ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി സ്ഥിരീകരിച്ചു. 19-09-1973 മുതൽ 13-10-1973 വരെ ഒന്നാം നിലയിൽ വിശ്രമിച്ചവർ കോടതിവിധിപ്രകാരം ഇറങ്ങിപ്പോകുവാൻ വിസ്സമതിച്ചു. അതേത്തുടർന്നും പാതിരാത്രിവരെ സംഘർഷം നിലനിന്നു.

1974 ജനുവരി 29-ാം തീയതി O.S.No. 47/1961 തള്ളിക്കൊണ്ട് തൃശ്ശൂർ സബ്കോടതിയിൽനിന്ന് വിധിയുണ്ടായി. അതേത്തുടർന്ന് വീണ്ടും സംഘർഷങ്ങൾ ഉണ്ടായി. വികാരിയായിരുന്ന ബ. കെ. വി. കുര്യാക്കോസ് അച്ചനെ പള്ളിമേടയിൽനിന്ന് പുറത്താക്കുന്നതിന് ശ്രമങ്ങൾ ആരംഭിച്ചു. ഇരുവിഭാഗത്തിൽപ്പെട്ട ആളുകളുടെ പേരിൽ 107-ാം വകുപ്പ് പ്രകാരം പോലീസ് കേസെടുക്കുകയും ആളുകളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. പോലീസ് നടപടികളെ ചോദ്യം ചെയ്തുകൊണ്ട് ബ. കെ. വി. കുര്യാക്കോസ് അച്ചൻ തൃശ്ശൂർ സബ്കോടതിയിൽ I.A. No. 1433/1973 ആയി അപേക്ഷ സമർപ്പിച്ചു. ഈ കാലയളവിൽ പള്ളികെട്ടിടങ്ങൾക്ക് പോലീസ് സുരക്ഷ ഏർപ്പെടുത്തി. പള്ളിയുടെ വടക്കുവശത്തെ ഇരുനില കെട്ടിടത്തിലെ താഴത്തെ നില ബ. കെ. വി. കുര്യാക്കോസ് അച്ചന്റെയും മുകളിലത്തെ നില മെത്രാൻ കക്ഷി വൈദികരുടെയും കൈവശത്തിലുമാണെന്ന് സ്ഥാപിച്ചെടുക്കാനുള്ള പരിശ്രമങ്ങളാണ് അരങ്ങേറിയത്. 1973 സെപ്റ്റംബർ 19-ാം തീയതി C.M.P. No. 107/1973 in C.M.A. No. 120/1973 ആയി മെത്രാൻ കക്ഷികൾ ഒരു താൽക്കാലിക ഉത്തരവ് സമ്പാദിച്ചു. ഈ ഉത്തരവ് പ്രകാരം 1973 ഒക്ടോബർ 10-ാം തീയതി അപ്പീൽ പരിഗണിക്കുന്നതുവരെ മെത്രാൻ കക്ഷികൾക്ക് മതപരമായ ചടങ്ങുകൾക്കാവശ്യമായ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും വിശ്രമിക്കുന്ന

തിനുമായി ഇരുനിലകെട്ടിടത്തിന്റെ ഒന്നാം നില അനുവദിച്ചു. താഴത്തെ നിലയും അടുക്കളയും ബ. കുര്യാക്കോസ് അച്ചനുമായി തുറന്നുകൊടുത്തു. മുകളിലത്തെ നിലയിൽ താമസമാക്കിയ മെത്രാൻകക്ഷിക്കാർ അവിടെയുണ്ടായിരുന്ന പിതാക്കന്മാരുടെ ചിത്രങ്ങൾ എടുത്തു മാറ്റുകയും പുതിയ ചിത്രങ്ങൾ സ്ഥാപിക്കുകയും വാതിലുകളുടെ പൂട്ടുകൾ മാറ്റുകയും ചെയ്തു.

1943–74 കാലഘട്ടത്തിൽ കൊള്ളന്നൂർ കാക്കു മകൻ ശ്രീ തേച്ചൻ കപ്യാരായി സേവനം അനുഷ്ഠിച്ചിരുന്നു. അതിനുശേഷം മെത്രാൻ കക്ഷിയിൽ ചേർന്നു. അതേ തുടർന്ന് പള്ളിയുടെ തെക്കുവശത്തെ (പള്ളി പണിയുന്ന കാലഘട്ടത്തിൽ ചാപ്പലായി ഉപയോഗിച്ചിരുന്ന) കെട്ടിടം മെത്രാൻ കക്ഷിയുടെ കൈവശത്തിൽ ഇരിക്കുകയും 2002 നവംബർ മാസത്തിലെ O. S. No. 2/1983 കേസിലെ വിധിയെതുടർന്ന് യഥാർത്ഥ അവകാശികൾ വീണ്ടെടുക്കുകയും ചെയ്തു.

1975 ജൂൺ 24–ാം തീയതി പാമ്പാടി സിംഹാസനപള്ളിക്ക് അയച്ച പരിശുദ്ധ പാത്രിയർക്കീസ് യാക്കൂബ് തൃതീയൻ ബാവായുടെ 307/75 നമ്പർ കൽപനയിലെ ഉള്ളടക്കം താഴെ പറയുന്നപ്രകാരമാണ്.

നമ്മുടെ പ്രിയ ആത്മീയ മക്കളേ, ഇന്ത്യയിലെ നമ്മുടെ സഭയിൽ ശാശ്വത സമാധാനം ഉണ്ടാകണമെന്ന ആത്മാർത്ഥമായ ലക്ഷ്യത്തോടെ 1964 മെയ് 22–ാം തീയതി കിഴക്കിന്റെ കാതോലിക്കയെ വാഴിക്കുകയും ഒരു താൽക്കാലിക ക്രമീകരണമെന്ന നിലയിൽ സിംഹാസനപള്ളികളിന്മേൽ നമുക്കുള്ള ഭരണ നിർവ്വഹണം കാതോലിക്കയെ ചുമതലപ്പെടുത്തുകയും 1964 ജൂൺ 14–ാം തീയതി 163/64 നമ്പർ കൽപന ഇറക്കുകയും ചെയ്തു. കാതോലിക്ക നമ്മുടെ ആ കൽപന സ്വീകരിക്കാതെ ആറു മാസത്തിനുശേഷം ഒരു മറുപടി അയച്ചു (Ext. P 129 in A.S. 11/2003). അതിന്റെ **ഏഴാം പാരഗ്രാഫിൽ** ഇപ്രകാരം എഴുതിയിരിക്കുന്നു: ''**ദയറാകളുടെയും സിംഹാസനപള്ളികളുടെയും ഉടമസ്ഥാവകാശം (Title & owner ship) മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന് കൈമാറ്റം ചെയ്യണം**''. നാം ഒരിക്കലും അപ്രകാരം ഒരു കൈമാറ്റം ആഗ്രഹിച്ചില്ല. മാത്രവുമല്ല, അപ്രകാരം ഒരു കൈമാറ്റം ആ സ്ഥാപനങ്ങളുടെ സ്ഥാപനോദ്ദേശ്യത്തിന് എതിരാകുകയും ചെയ്യും. സിംഹാസനപള്ളികളിലെ ഗുണഭോക്താക്കളിൽനിന്നും

പരാതികൾ ലഭിക്കുകയും അവർ സിംഹാസനപള്ളികളുടെ ഭരണം പൂർവ്വസ്ഥിതിയിൽ ആക്കണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആ പള്ളികളുടെ സ്ഥാപനോദ്ദേശ്യത്തിനനു സരിച്ച് നമ്മുടെ 1964 ജൂൺ 14ലെ 163/64-ാം നമ്പർ കൽപന ഇതിനാൽ റദ്ദാക്കുകയും ആ പള്ളികളിന്മേലുള്ള നമ്മുടെ നേരിട്ടുള്ള ഭരണം പുനരാരംഭിക്കുകയും ചെയ്യുന്നു.

സിംഹാസനപള്ളിയുമായി ബന്ധപ്പെട്ട നമ്മുടെ 161/64, 417/64 കൽപനകൾ ഇതിനാൽ റദ്ദാക്കുകയും ഇന്ത്യയിലെ സിംഹാസനപള്ളികളുടെ ഗുണഭോക്താക്കൾ അതാതു പള്ളി കളിൽ തുടരുന്നതിന് അനുവദിക്കുകയും ചെയ്യുന്നു (Ext. P 123 & P124 in A.S. 11/2003).

1975 ജൂൺ 16-ാം തീയതി മുതൽ 20-ാം തീയതി വരെ ദമസ്ക്കോസിൽ മോർ ഇഗ്നാത്തിയോസ് യാക്കൂബ് മൂന്നാമൻ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ സുന്നഹദോ സിൽ 16 മെത്രാപ്പോലീത്തന്മാർ പങ്കെടുത്തു. അതിൽ അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഇന്ത്യയിലെ പ്രതിനിധി മോർ തിമോത്തിയോസ് അപ്രേം ആബൂദി ക്നാനായ സഭയുടെ മോർ ക്ലീമീസ് എബ്രഹാം പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ മോർ അത്താനാസ്യോസ് പൗലോസ്, ഇന്ത്യയിലെ മോർ ഗ്രീഗോറിയോസ് ഗീവർഗ്ഗീസ്, മോർ ദിവ ന്നാസ്യോസ് തോമസ്, മോർ കൂറിലോസ് കുര്യാക്കോസ്, എന്നിവരും പങ്കെടുത്തിരുന്നു.

ചർച്ച ചെയ്യപ്പെട്ട പ്രധാന വിഷയങ്ങൾ താഴെപറ യുന്നവയാണ്: ഈ സുന്നഹദോസിലേക്ക് കാതോലിക്കയെയും അദ്ദേഹത്തോടുകൂടെയുള്ള  മെത്രാപ്പോലീത്തന്മാരെയും ക്ഷണിച്ചിരുന്നുവെങ്കിലും പരിശുദ്ധ പാത്രിയർക്കീസ് ബാവാ യ്ക്ക് ഇന്ത്യയിലെ സഭയിലെ കാര്യങ്ങളിൽ ഇടപെടാൻ അധികാരമില്ലെന്ന് കാണിച്ച് പങ്കെടുക്കുന്നതിന് വിസ്സമതി ക്കുകയാണ് ഉണ്ടായത്.

കാതോലിക്ക പരിശുദ്ധ തോമാശ്ലീഹായുടെ സിംഹാ സനത്തിൽ ആരൂഢനായിരിക്കുന്നു എന്ന് അവകാശപ്പെടുന്നു. കാതോലിക്ക അമാലോഗ്യയിൽനിന്ന് പാത്രിയർക്കീസിന്റെ പേര് നീക്കം ചെയ്തിരിക്കുന്നു എന്നിങ്ങനെയായിരുന്നു പ്രധാന ചർച്ചാവിഷയങ്ങൾ. തുടർന്ന് കിഴക്കിന്റെ കാതോ

ലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ ഔഗേൻ പ്രഥമൻ സുറിയാനി ഓർത്തഡോക്സ് സഭയുമായുള്ള സംസർഗ്ഗത്തിൽനിന്നും സ്വയമേ വേർതിരിയപ്പെട്ടിരിക്കുന്നുവെന്നും കാതോലിക്കയായി വാഴിക്കപ്പെട്ടപ്പോൾ നൽകപ്പെട്ട എല്ലാ പ്രത്യേക അവകാശത്തിൽനിന്നും വിശേഷ അധികാരത്തിൽനിന്നും ഉരിയപ്പെട്ടിരിക്കുന്നു എന്ന് സുന്നഹദോസ് പ്രഖ്യാപിക്കുകയുണ്ടായി. അപ്പോസ്തോലികമായ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് മറുതലിക്കുന്ന, അടിസ്ഥാന വിശ്വാസത്തിൽനിന്ന് വ്യതിചലിക്കുന്ന മേൽപ്പറഞ്ഞ കാതോലിക്കയോട് ചേരുന്ന വൈദികരും അൽമേനികളും സഭയുടെ സംസർഗ്ഗത്തിൽനിന്നും വേർതിരിയപ്പെട്ടവരായിരിക്കും (Ext. P 126 in A.S. 11/2003).

1980 ജൂൺ 6–ാം തീയതി പ്രാതിനിധ്യ സ്വഭാവമുള്ള സിംഹാസനപള്ളികളുടെ O. S. No. 5/79 കേസിൽ വിധി പ്രസ്താവിക്കുകയുണ്ടായി. വിധിയുടെ സാരാംശം താഴെ ചേർക്കുന്നു: സിംഹാസനപള്ളികളെ സംബന്ധിച്ച് തർക്കത്തിന് സാധ്യതയില്ല. പാത്രിയർക്കീസിനും അദ്ദേഹത്തിന്റെ പ്രതിനിധിയിലും എല്ലാ അധികാരങ്ങളും നിക്ഷിപ്തമാക്കത്തക്കവിധത്തിൽ പള്ളികൾ സ്ഥാപിച്ചവർ ആഗ്രഹിക്കുകയും ആ ഉദ്ദേശ്യത്തോടെ സ്ഥാപിക്കുകയും ചെയ്തവയാണ് ഈ പള്ളികൾ. . . സിംഹാസനപള്ളികൾ മലങ്കര സഭയിൽ ഉൾപ്പെട്ട ട്രസ്റ്റല്ലെന്നും അവ വ്യത്യസ്ഥ ട്രസ്റ്റുകളാണെന്നും ബസ്സേലിയോസ് ഗീവർഗ്ഗീസ് രണ്ടാമൻ കാതോലിക്ക മൊഴി നൽകിയിട്ടുണ്ട് (പാരഗ്രാഫ് 309).

1964 ജൂൺ 14–ാം തീയതിയിലെ പാത്രിയർക്കീസ് ബാവായുടെ കൽപന (Ext. D204 in A.S. 11/2003) ഒരു താൽക്കാലിക ക്രമീകരണം അനുസരിച്ചുള്ള ചുമതലപ്പെടുത്തൽ മാത്രമായിരുന്നു. എന്നാൽ അതിനുമറുപടിയായി കാതോലിക്ക അയച്ച കത്തിൽ (Ext. P 129 in A.S. 11/2003) ദയറാകളുടെയും സിംഹാസനപള്ളികളുടെയും ഉടമസ്ഥാവകാശം മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന് കൈമാറണമെന്ന് ആവശ്യപ്പെട്ടിരുന്നു. അപ്രകാരം കൈമാറ്റം നടന്നിട്ടില്ല. അതുകൂടാതെ ട്രസ്റ്റി മാത്രമായ പാത്രിയർക്കീസിന് ആ പള്ളി അംഗങ്ങളുടെ ഏകാഭിപ്രായം കൂടാതെ സ്വന്തമായി ഒരു തീരുമാനം എടുക്കാൻ കഴിയുകയില്ല (Ext. P 123 in A.S. 11/2003). 1975 ജൂൺ 24–ാം തീയതിയിലെ പാത്രിയർക്കീസിന്റെ

307/75 നമ്പർ കൽപനപ്രകാരം അത് പിൻവലിക്കുകയും ചെയ്തു. അതിനാൽ വാദികളുടെ (കാതോലിക്കയുടെ) സിംഹാസനപള്ളികളെ സംബന്ധിച്ചുള്ള അവകാശവാദം പരാജയപ്പെട്ടു (പാരഗ്രാഫ് 310).

O.S. No. 47/1961 തൃശ്ശൂർ സബ്കോടതി തള്ളിയ സാഹചര്യത്തിൽ A.S. No. 200/74 ആയി അപ്പീൽ ബോധിപ്പിച്ചു. 1981 ഡിസംബർ 31–ാം തീയതി വാദംകേട്ട ഡിവിഷൻ ബഞ്ച് രണ്ടാം തവണ കീഴ്കോടതി വിധി അസ്ഥിരപ്പെടുത്തുകയും വീണ്ടും കീഴ്കോടതിയിൽ വാദം കേൾക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തു.

1990 ജൂൺ 1–ാം തീയതി സഭാ കേസിലെ O.S.No. 5/79 വിധിക്കെതിരെ മെത്രാൻകക്ഷി ഫയൽ ചെയ്ത അപ്പീൽ A.S.No. 354/1980 കേരള ഹൈക്കോടതി പരിഗണിച്ചു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിൽ ''സിംഹാസന പള്ളികളെ സംബന്ധിച്ച് ഇപ്രകാരം പരാമർശിച്ചിരിക്കുന്നു: മലങ്കര സഭയ്ക്കും സമുദായത്തിനും പള്ളികൾക്കും ഇടവകാംഗങ്ങൾക്കും ഭരണഘടന ബാധകമാണെന്ന ഞങ്ങളുടെ തീരുമാനം **സിംഹാസനപള്ളികൾക്ക് ബാധകമായിരിക്കുകയില്ല. ഭരണഘടനയോ അനന്തര ഭേദഗതികളോ ഈ പള്ളികൾക്ക് ബാധകമായിരിക്കുകയില്ല**. . .'' സിംഹാസനപള്ളികൾ മലങ്കര സഭയുടെ ഘടകയൂണിറ്റുകളല്ലെന്നും മലങ്കരസഭയ്ക്ക് അവയുടെമേൽ ഒരു തരത്തിലുമുള്ള നിയന്ത്രണ അധികാരവുമില്ലെന്നും ഞങ്ങൾ തീരുമാനിക്കുന്നു. അവ പാത്രിയർക്കീസിന്റെ നേരിട്ട് കീഴിലുള്ള പള്ളികളായാണ് പരിഗണിക്കേണ്ടത്.

1995 ജൂൺ 20–ാം തീയതി Civil Appeal No. 4958-60/1990 ൽ സുപ്രീം കോടതി വിധി പ്രസ്താവിക്കുകയുണ്ടായി. ആ വിധിയിൽ സിംഹാസനപള്ളിയെ സംബന്ധിക്കുന്ന ഭാഗം മാത്രം താഴെ ഉദ്ധരിക്കുന്നു: **സിംഹാസനപള്ളികളെ സംബന്ധിച്ച് പണ്ഡിതനായ സിംഗിൾ ജഡ്ജിന്റെയും ഡിവിഷൻ ബഞ്ചിന്റെയും നിഗമനങ്ങളിൽനിന്ന് വ്യതിചലിക്കുന്നതിന് ഞങ്ങൾ ഒരു കാരണവും കാണുന്നില്ല. അവരുടെ വിധി ഞങ്ങൾ സ്ഥിരീകരിക്കുകയും ഡിക്രി പുറപ്പെടുവിക്കുകയും ചെയ്യുന്നു.**

O.S.No. 2/1983 എന്ന പുതിയ നമ്പരോടുകൂടെ പുതുതായി നിലവിൽ വന്ന പള്ളിക്കോടതി (എറണാകുളം ഫസ്റ്റ് അഡീഷണൽ ഡിസ്ട്രിക്റ്റ് കോടതി) പരിഗണിക്കുകയും 2002 നവംബർ 29–ാം തീയതി വിധിയാകുകയും ചെയ്തു. വിധി വന്നപ്പോൾ ആദ്യം വാദികളായിരുന്ന അൽമേനികളിൽ ജീവിച്ചിരുന്ന ഒരേഒരു വ്യക്തിയാണ് പനയ്ക്കൽ താഞ്ചു ഇട്ട്യേച്ചൻ.

മേൽപറഞ്ഞ കേസിലെ വാദികളാണ്: (1) പനയ്ക്കൽ താഞ്ചു ഇട്ട്യേച്ചൻ, (2) തോലത്ത് ചേറു ഐപ്പ്, (3) അരിമ്പൂർ ചേറു പാപ്പച്ചൻ (4) പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവായുടെ മുക്തിയാർ പ്രകാരം മോർ ഒസ്ത്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത, (5) കണ്ണനായ്ക്കൽ വീട്ടിൽ ഫാ. മാണി രാജൻ, വികാരി.

പ്രതികൾ: (1) കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത, (2) കാതോലിക്ക എന്നവകാശപ്പെടുന്ന മോറാൻ മാർതോമ്മാ മാത്യൂസ് രണ്ടാമൻ, (3) മലങ്കര മെത്രാപ്പോലീത്ത എന്നവകാശപ്പെടുന്ന മോറാൻ മാർതോമ്മാ മാത്യൂസ് രണ്ടാമൻ, (4) കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത (കാതോലിക്ക വിഭാഗം) പൗലോസ് മോർ മിലിത്തിയോസ്, (5) തൃശ്ശൂർ മെത്രാപ്പോലീത്ത (പാത്രിയർക്കീസ് വിഭാഗം) യൂഹാനോൻ മാർ മിലിത്തിയോസ്, (6) ചെറുവത്തൂർ പാപ്പച്ചൻ സി. പി., (7) ചെറുവത്തൂർ പാത്തു വറീത് മകൻ ബേബി, (8) റവ. ഫാ. ജോൺ ഉറുമ്പിൽ.

ഈ വിധി ന്യായത്തിന്റെ പൂർണ്ണരൂപം കുന്നംകുളം സിംഹാസനപ്പള്ളിയുടെ കേസ് ഡയറി (വാല്യം 2) 2003ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ പ്രസക്തഭാഗം മാത്രം താഴെ ചേർക്കുന്നു: സിംഹാസനപള്ളിയുടെ ആധാരത്തിൽ (P4) പരാമർശിക്കുന്ന ഉദ്ദേശ്യങ്ങളോടെ സ്ഥാപിച്ചിരുന്ന ഒരു സിംഹാസനപള്ളിയാണ് (Thronal Church) വിവാദ പള്ളിയെന്ന് രേഖകളിൽനിന്ന് കാണാവുന്നതാണ്. അന്ത്യോഖ്യാ സിംഹാസനമാണ് ആത്മീയ അനുഗ്രഹങ്ങളുടെ ഉറവിടമെന്ന് വിശ്വസിക്കുന്നവരും യാക്കോബായ സുറിയാനി ക്രിസ്ത്യാനി സമുദായത്തിൽ അവരുടെ സഭയുടെ പരമമേലദ്ധ്യക്ഷൻ അന്ത്യോഖ്യാ പാത്രിയർക്കീസാണെന്ന് വിശ്വസിക്കുന്നവരുമായവർ ഒരു നിശ്ചിത ആശയത്തിനു

വേണ്ടി സ്ഥാപിച്ച് നിർവ്വഹിച്ചതാണ് P4. P4 പ്രകാരം മത പരമായ ഒരു ട്രസ്റ്റ് നിലവിൽ വന്നു. തീർച്ചയായും ഒരു പൊതു ട്രസ്റ്റിന്റെ സ്വഭാവമാണ് ഇതിനുള്ളത്. **പത്രോസിന്റെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പ്രതിനിധിയാലോ അദ്ദേഹം നിർദ്ദേ ശിക്കുന്നവരാലോ ആത്മീയ ശുശ്രൂഷകൾ നടത്തുന്നതിനും അങ്ങനെയുള്ള പ്രതിനിധിയുടെ താമസസ്ഥലത്തിനും ഉള്ളതാണ് വിവാദപള്ളിയും വസ്തുവകകളും. മലങ്കര സഭയുടെ ഭരണപരവും സഭാപരവും ആത്മീകവുമായ അധി കാരങ്ങൾക്ക് പുറത്തുള്ളതാണ്.** കേസിലെ പ്രതികളും അവ രുടെ ഏജന്റുമാരും പ്രതിനിധികളും അന്യായപട്ടികയിലെ ഇനങ്ങളിൽ അതിക്രമിച്ച് കടക്കുന്നതിനും ശാശ്വതമായി നിരോധിച്ചിരിക്കുന്നു. ആരാധകർക്ക് പള്ളിയിലും പള്ളിയി ലുള്ള കബറിങ്കലും പ്രാർത്ഥിക്കുന്നതിന് പ്രതിബന്ധമോ ഏതെങ്കിലും തടസ്സമോ സൃഷ്ടിക്കുന്നതിൽനിന്നും പ്രതി കൾക്കെതിരെ ശാശ്വത നിരോധന ഉത്തരവ് അനുവദി ച്ചിരിക്കുന്നു.

2003 ജനുവരി 8-ാം തീയതി മെത്രാൻ കക്ഷികൾ A. S. No. 11/2003 ഹൈക്കോടതിയിൽ ഫയൽ ചെയ്തു. 2003 ജനുവരി 10-ാം തീയതി C.M.P. No. 153/2003 ആയി ഫയൽ ചെയ്ത അപേക്ഷയിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രാവിലെ 8.15 മുതൽ 10.15 വരെ അപ്പീൽ വാദികൾക്ക് ആരാധന നടത്തുന്നതിന് അനുവാദം നൽകി. പിന്നീട് C.M.P. No. 1421/2003 ആയി മെത്രാൻ കക്ഷികൾ വിശേഷ ദിവസങ്ങളിൽ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് ഒരു അപേക്ഷ സമർപ്പിക്കുകയും 2003 മാർച്ച് 27-ാം തീയതി പെസഹാ, ദുഃഖവെള്ളി, ഉയിർപ്പ്, ക്രിസ്തുമസ്സ്, കല്ലിട്ട പെ രുന്നാൾ എന്നിവയ്ക്ക് നിശ്ചിത സമയം അനുവദിക്കുകയും ആ സമയങ്ങളിൽ മാത്രം നിലവിലുള്ള നിരോധന ഉത്തരവിൽ അയവു വരുത്തുകയും ചെയ്തു. അതിനുശേഷവും വളരെ യേറെ ഹർജികൾ സമർപ്പിക്കപ്പെട്ടുവെങ്കിലും അവയൊന്നും അനുവദിക്കപ്പെട്ടില്ല.

2003 ജനുവരി 28-ാം തീയതി മാർതോമാ മാത്യൂസ് ദ്വിതീയൻ O.P. No. 22946/2002 (F) നമ്പരായി ഹൈക്കോട തിയിൽ സമർപ്പിച്ചിരുന്ന പോലീസ് സംരക്ഷണ ഹർജിയിൽ വിധിയുണ്ടായി. അതനുസരിച്ച് സിംഹാസനപള്ളിയുടെയും

പൗരസ്ത്യ സുവിശേഷ സമാജം പള്ളികളെയും സംബന്ധിക്കുന്ന റിട്ട്ഹർജി നിലനിൽക്കുന്നതല്ലെന്ന് ഉത്തരവായി (വിശദാംശങ്ങൾ 18, 25, 53 ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്). മേൽപറഞ്ഞ കേസിൽ കുന്നംകുളം സിംഹാസനപള്ളിയുടെ പേര് 377–ാം നമ്പരായി ചേർത്തിരുന്നു. 9–ാം എതിർ കക്ഷിയായി ബെന്യാമിൻ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും, 10–ാം എതിർ കക്ഷിയായി ഗീവർഗ്ഗീസ് മോർ പോളികാർപ്പോസ് മെത്രാപ്പോലീത്തായും, 13–ാം എതിർകക്ഷിയായി കുര്യാക്കോസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും ഉൾപ്പെട്ടിരുന്നു.

2005ൽ I.A. No. 858/2005 (in A.S. 11/2003) നമ്പരായി മെത്രാൻകക്ഷികൾ അപേക്ഷ സമർപ്പിച്ചിരുന്നു. രാവിലെ 8.15മുതൽ 11.15 വരെയും വൈകിട്ട് 6.00 മുതൽ 6.30 വരെയും ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും സമയം അനുവദിക്കണമെന്നും മരിച്ചവരെ കബറടക്കുന്നതിന് ഏതു സമയത്തും (രാവിലെ 8.15 മുതൽ 10.15 വരെയാണ് കോടതി നിരോധന ഉത്തരവ് നീക്കിയിരിക്കുന്നത്) അനുവാദം നൽകണമെന്നും ആയിരുന്നു അപേക്ഷയുടെ രത്നചുരുക്കം. സമയക്രമീകരണം ഭേദപ്പെടുത്തുന്നില്ലെന്നും എത്രയും വേഗം അപ്പീൽ കേൾക്കണമെന്നുള്ള നിർദ്ദേശത്തോടെ അപേക്ഷയ്ക്ക് തീർപ്പ് കൽപ്പിച്ചു.

2005ൽ മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത A.S. 11/2003 അപ്പീൽ കേസിൽ കക്ഷിചേർന്നു.

2010 മാർച്ച് 22–ാം തീയതി പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പവർ ഓഫ് അറ്റോർണി ഹോൾഡറായി മോർ അത്താനാസ്യോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്തായെ നിയമിച്ചു.

പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് മെത്രാൻ കക്ഷികൾ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച O.P. No. 22946/2002 (F) തള്ളിക്കളഞ്ഞതിനെ തുടർന്ന് സുപ്രീം കോടതിയിൽ സിവിൽ അപ്പീൽ നമ്പർ 5460–5466/2004 ഫയൽ ചെയ്തു ഈ അപ്പീൽ 2007 ഏപ്രിൽ 4–ാം തീയതി സുപ്രീം കോടതി തള്ളിക്കളഞ്ഞു. വിധിയിൽ: ''സിവിൽ കോടതി വഴി വസ്തുവിന്മേലുള്ള അവകാശം സ്ഥാപിക്കാതെ, വസ്തുവിന്മേൽ ഉണ്ടെന്ന് അവകാശപ്പെടുന്ന കൈവശ

അവകാശം സംരക്ഷിക്കാനായി പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിക്കുന്നത് ദുരുപയോഗമാണെന്ന്'' നിരീക്ഷിച്ചു (പാരഗ്രാഫ് 10).

ഇതേത്തുടർന്ന് മെത്രാൻ കക്ഷികൾ 2009 ജനുവരി 30-ാം തീയതി Ex.P. No. 1/2009 in O.S. 4/1979 ഫയൽ ചെയ്തു. ഈ കേസിലെ 34, 35, 36, 37 പ്രതികളാണ് യഥാക്രമം മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത, മോർ ദിവന്നാസ്യോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്ത, മോർ ദിയസ്കോറോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത, മോർ അത്താനാസ്യോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്ത എന്നിവർ. അതിൽ ഇനിയും തീരുമാനമുണ്ടായിട്ടില്ല.

2019 സെപ്റ്റംബർ 19-ാം തീയതി സുപ്രീം കോടതിയിൽ ഒരു Contempt Petition (C) No. 001022/2019 ഫയൽ ചെയ്തു. അതിൽ 357 പള്ളികളുടെ പേരുകളും അവിടെ വികാരിമാരെ നിയമിച്ചു എന്ന് അവകാശപ്പെട്ട് ഒരു പട്ടികയിൽ ചേർത്തിരുന്നു. 357 ഇടവകപള്ളികളുടെ ഭരണ നിർവ്വഹണത്തിന് ആവശ്യമായ പോലീസ് സംരക്ഷണം നൽകുന്നതിന് ചീഫ് സെക്രട്ടറി, പോലീസ് അധികാരികൾ, കളക്ടർമാർ, എന്നിവർക്ക് നിർദ്ദേശം നൽകണമെന്നായിരുന്നു പ്രധാന നിവൃത്തി. ഈ പള്ളികളുടെ പട്ടികയിൽ 269-ാം നമ്പരായി കുന്നംകുളം സിംഹാസനപള്ളിയും ഉൾപ്പെടുത്തിയിരുന്നു. മെത്രാൻ കക്ഷികൾ അപ്പീൽ വാദികളായ കുന്നംകുളം സിംഹാസന പള്ളിയുടെ A.S.11/2003 കേസ് ഹൈക്കോടതിയിൽ തീർപ്പ് കൽപ്പിക്കപ്പെട്ടിട്ടില്ലാതിരിക്കെയാണ് ഇപ്രകാരം ഒരു കോടതി അലക്ഷ്യ ഹർജി ഫയൽ ചെയ്തിരിക്കുന്നത്. നിയമ വ്യവസ്ഥയുടെ നഗ്നമായ ലംഘനവും ദുരുപയോഗമാണ് ഇതുവഴി നടത്തിയിരിക്കുന്നത്.

ഇതുകൂടാതെ മെത്രാൻകക്ഷികൾ സുപ്രീം കോടതിയിൽ മറ്റൊരു SLP (C) No. 20661-20662/2019 ഫയൽ ചെയ്തു. അതിൽ 7115-7116/19 നമ്പരായുള്ള അപേക്ഷയിന്മേൽ കേരള ഹൈക്കോടതി രജിസ്ട്രാർക്ക് ഒരു നിർദ്ദേശം നൽകുകയുണ്ടായി. സഭാതർക്ക കേസുകൾ സംബന്ധിച്ച് തീർപ്പാക്കപ്പെടാത്ത കേസുകളുടെ പട്ടിക മൂന്ന് മാസത്തിനുള്ളിൽ നൽകുന്നതിന് 2019 സെപ്റ്റംബർ 6-ാം തീയതി ഉത്തരവായി. സുപ്രീം കോടതിയിലെ സിവിൽ അപ്പീൽ 7115-7116/2019 അപേക്ഷയിന്മേൽ Miscellaneous Application Nos. 2554-

2555/2019 ഫയൽ ചെയ്തു. 2020 ഒക്ടോബർ 27–ാം തീയതി ഈ അപേക്ഷ മൂന്നംഗ ബെഞ്ച് തീർപ്പാക്കി; **'തീർപ്പാക്കപ്പെടാത്ത കേസുകൾ K.S. Varghese (2017) കേസിന്റെ വെളിച്ചത്തിൽ തീരുമാനിക്കപ്പെടേണ്ടതാണെങ്കിൽ അപ്രകാരം തീരുമാനിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട്' വിധി പ്രസ്താവിച്ചു.**

**നിലവിലുള്ള A.S.11/2003 കേസിലെ കക്ഷികൾ** (ചിലരുടെ കക്ഷി ചേരാനുള്ള അപേക്ഷ പരിഗണനയിലാണ്)

1. മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവാ
2. മോർ ദിയസ്കോറോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത
3. മാണി രാജൻ കോർ എപ്പിസ്ക്കോപ്പ
4. ശ്രീ. വി. ജോർജ്ജ് ജോബ്
5. അഡ്വ. ചാക്കോ ജോർജ്ജ്
6. ചുങ്കത്ത് താരപ്പൻ ജോൺ
7. എ.സി. വർഗ്ഗീസ്
8. സുനിഷ് കെ. തോമസ്

1959 മുതൽ സിംഹാസന പള്ളിയുടെ കേസുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരിൽ പ്രധാനിയാണ് മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത. അദ്ദേഹത്തെ ഷെവലിയാർ റ്റി. സി. ഐപ്പ്, ശ്രീ. സി. റ്റി. ജോൺ, വടക്കേത്തലയ്ക്കൽ ഇയ്യാവൂ, ശ്രീ. കെ. മാണി വർഗ്ഗീസ് മാസ്റ്റർ, ശ്രീ. സി. റ്റി. തോമസ്, എന്നിങ്ങനെ പലരും സഹായിച്ചിട്ടുണ്ട്.

**കേസിന്റെ ചുമതല വഹിക്കുന്ന ലിറ്റിഗേഷൻ കമ്മറ്റി അംഗങ്ങൾ താഴെ പറയുന്നവരാണ്.**

1. വന്ദ്യ ഡോ. കെ. മാണി രാജൻ കോറെപ്പിസ്ക്കോപ്പ
2. റവ. ഫാ. സിജി മാത്യു
3. റവ. ഫാ. ജിബിൻ ചാക്കോ
4. ശ്രീ. താരൻ ജോൺ ചുങ്കത്ത്
5. ശ്രീ. ജോർജ്ജ് ജോബ് വടക്കേതലക്കൽ
6. ശ്രീ. ചാക്കോ ജോർജ്ജ്, പനയ്ക്കൽ

7. ശ്രീ. സി.ജെ. വർഗ്ഗീസ്, ചുങ്കത്ത്
8. ശ്രീ. എ.സി. വർഗ്ഗീസ്, അരിമ്പൂർ
9. ശ്രീ. കെ.റ്റി. മാത്യു, കൂത്തൂർ
10. ശ്രീ. കെ.പി. രാജൻ, കൊള്ളന്നൂർ
11. ശ്രീ. സുനീഷ് കെ. തോമസ്, കണ്ണനായ്ക്കൽ
12. ശ്രീ. ടെറിൻ വർഗ്ഗീസ്, ചുങ്കത്ത്
13. ശ്രീ. ഗ്രിഗറി ചാക്കോച്ചൻ, പനയ്ക്കൽ
14. ശ്രീ. സദീപ് വർക്കി, ചീരൻ
15. ശ്രീ. റെന്നി വി.ഐ., വടക്കേതലക്കൽ
16. ശ്രീ. സിബിൻ വർഗ്ഗീസ്, അരിമ്പൂർ

# പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ



പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1867 ഒക്ടോബർ 13-ാം തീയതി ടർക്കിയിലെ മർദ്ദീനിൽ ജനിച്ചു. ഷാക്കിർ കുടുംബത്തിൽ വന്ദ്യ എബ്രഹാം കോർ എപ്പിസ്കോപ്പായുടെയും മറിയമിന്റെയും രണ്ടാമത്തെ മകനായ ബാവായുടെ ആദ്യത്തെ പേര് നാസറി എന്നായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം മൂസലിലെ (ഇറാക്ക്) 40 സഹദേന്മാരുടെ നാമത്തിലുള്ള വിദ്യാലയത്തിൽ പൂർത്തീകരിച്ചു. 1887ൽ പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽനിന്ന് ശെമ്മാശപ്പട്ടം സ്വീകരിച്ച് ഏലിയാസ് എന്ന പേരിൽ അറിയപ്പെട്ടു. 1888ൽ ശർവ്വോയോ റമ്പാനായും 1892ൽ കശ്ശീശയായും പട്ടമേറ്റു. 1908ൽ പരിശുദ്ധ അബ്ദേദ് ആലോഹോ രണ്ടാമൻ ബാവാ മോർ ഈവാനിയാസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 1915ൽ മോറാൻ അബ്ദേദ് ആലോഹോ (അബ്ദുള്ള) ബാവാ കാലം ചെയ്തതിനെ തുടർന്ന് പാത്രിയർക്കാ സ്ഥാനത്തേക്ക് തിരെഞ്ഞെടുക്കപ്പെടുകയും 1917ൽ സ്ഥാനാരോഹണം ചെയ്യുകയും ചെയ്തു.

## 1930–1931 കാലഘട്ടത്തിൽ സിംഹാസനപള്ളിയുടെ വടക്കുവശത്തെ ഇരുനിലകെട്ടിടം പണിതു

പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരയിലേക്ക് എഴുന്നെള്ളുമ്പോൾ താമസിക്കുന്നതിന് മോർ യൂലിയോസ് ഏലിയാസ് ബാവാ കുന്നംകുളം സിംഹാസനപള്ളിയുടെ വടക്കുവശത്ത് ഒരു ഇരുനില കെട്ടിടം 1931ൽ പണി കഴിപ്പിക്കുകയുണ്ടായി.




*1931ൽ പ. ഏലിയാസ് തൃതീയൻ ബാവായുടെ മലങ്കര സന്ദർശനത്തോടനുബന്ധിച്ച് നിർമ്മിച്ച കെട്ടിടം*

മലങ്കരസഭയിലെ കക്ഷിവഴക്കിനു പരിഹാരം കാണുന്നതിനായി പരിശുദ്ധ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എഴുന്നെള്ളുകയോ ഒരു പ്രതിനിധിയെ അയയ്ക്കുകയോ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് അന്നത്തെ ഇൻഡ്യൻ വൈസ്രോയി ഇർവ്വിൻ പ്രഭു 1930 ഡിസംബർ 1ന് പരിശുദ്ധ ബാവായ്ക്ക് ഒരു ക്ഷണക്കത്തയച്ചു. പരിശുദ്ധ ബാവാ ചില ഉപാധികളോടെ ക്ഷണക്കത്തു സ്വീകരിച്ചുകൊണ്ട് ഡിസംബർ 15ന് മറുപടി അയച്ചു.

ഹൃദ്രോഗബാധിതനായിരുന്ന പരിശുദ്ധ ബാവാ ഇന്ത്യയിലേക്ക് യാത്ര ചെയ്യുന്നത് അഭിലഷണീയമല്ലെന്ന് ഡോക്ടർമാർ ഉപദേശിച്ചു. 75 വയസ്സുണ്ടായിരുന്ന മൂത്ത സഹോദരിയും പരിശുദ്ധ ബാവാ യാത്രചെയ്യരുതെന്ന് കണ്ണീരോടെ അപേക്ഷിച്ചു. പരിശുദ്ധ ബാവായുടെ മറുപടി ശ്രദ്ധേയമായിരുന്നു. ‘‘നാം ഇവിടെ തന്നെ താമസിച്ചാലും

# Patriarch St. Elias III with Bishops - 1931




Dyro D'mor Hananyo (Z'afran Monastry)
The Syrian Patriarchal See of Antioch

ഒരു ദിവസം മരിക്കും. നാം ഇൻഡ്യയിലായിരിക്കുമ്പോൾ മരിച്ചെന്നു വരാം. നാം മലങ്കരയിലെ നമ്മുടെ മക്കൾക്കു വേണ്ടി നമ്മുടെ ജീവനെ ബലികഴിക്കുന്നു.''

പരിശുദ്ധ ബാവാ 1931 ഫെബ്രുവരി 6–ാം തീയതി മൂസലിൽ നിന്ന് യാത്ര തിരിച്ചു. 1931 മാർച്ച് 5ന് കറാച്ചിയിൽ കപ്പലിറങ്ങി. ബാവായെ സ്വീകരിക്കുന്നതിന് അന്നത്തെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ, ആലുവായിലെ മോർ അത്താനാസിയോസ് വലിയ തിരുമേനി എന്നിവരും, കശീശന്മാരും, ശെമ്മാശന്മാരും, വിശ്വാസികളും എത്തിയിരുന്നു. പരിശുദ്ധ ബാവാ 1931 മാർച്ച് 6 –ാം തീയതി കറാച്ചിയിൽ നിന്ന് ട്രെയിൻമാർഗ്ഗം 8–ാം തീയതി ഡൽഹിയിലെത്തി വൈസ്രോയിയെ സന്ദർശിച്ചു. 12–ാം തീയതി മദ്രാസിലെത്തി ഗവർണർ, സർ ജോർജ്ജ് സ്റ്റാൻലിയെ സന്ദർശിച്ച്, മാർച്ച് 21–ാം തീയതി ആലുവായിലെത്തി. 1931 മാർച്ച് 22–ാം തീയതി ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ പരിശുദ്ധ ബാവാ വി. ബലിയർപ്പിച്ചു.

മലങ്കരയിലെ നിരവധി പള്ളികൾ സന്ദർശിച്ച ബാവാ 1931–ലെ കഷ്ടാനുഭവ ശുശ്രൂഷകൾ കരിങ്ങാച്ചിറ പള്ളിയിൽ നിർവ്വഹിച്ചു. 1931 ജൂലൈ 5–ാം തീയതി കുറുപ്പംപടി പള്ളിയിൽ പള്ളി പ്രതിപുരുഷയോഗം ചേർന്നു. 1932ലെ ദനഹാ ശുശ്രൂഷകൾ (ജനുവരി 6) പാക്കിൽ സെന്റ് തോമസ് പള്ളിയിലാണ് നിർവ്വഹിച്ചത്.

1932 ഫെബ്രുവരി 11–ാം തീയതി മഞ്ഞിനിക്കര മാർ സ്തേഫാനോസ് പള്ളിയുടെ ക്ഷണപ്രകാരം അവിടെ എത്തി. മഞ്ഞിനിക്കരയിലെത്തിയ ബാവാ, ''ഇവിടുത്തെ താമസം നമുക്കു വളരെ സുഖമായി തോന്നുന്നു. ഇവിടെ സ്ഥിരമായി താമസിച്ചാൽ കൊള്ളാമെന്ന് നാം ആഗ്രഹിക്കുന്നുവെന്നു കല്പിച്ചു''. ഫെബ്രുവരി 12–ാം തീയതി പരിശുദ്ധ ബാവായെ സന്ദർശിക്കാനെത്തിയ പട്ടക്കാരോട് ''ഇന്ന് നിങ്ങളാരും പോകരുത്. രണ്ടു ദിവസം എന്നോടുകൂടെ താമസിക്കരുതോ?'' എന്നു കല്പിച്ചു. അന്നുവൈകിട്ടു മെത്രാപ്പോലീത്തന്മാർ താമസിക്കുന്ന പള്ളിക്കു വടക്കുവശത്തുള്ള ഷെഡിൽവച്ച് കന്തീലായുടെ (തൈലാഭിഷേക ശുശ്രൂഷയുടെ) പല ഭാഗങ്ങളും ചൊല്ലികേൾപ്പിക്കുകയും, നിദ്രപ്രാപിക്കുന്നവരെ സംബന്ധിച്ച് പരാമർശിക്കുകയും ചെയ്തു.

ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച ബാവാ കല്പിച്ച പ്രകാരം മോർ ക്ലീമിസ് യൂഹാനോൻ അബ്ബാച്ചി തിരുമേനി വിശുദ്ധ കുർബ്ബാനയർപ്പിച്ചു. പരിശുദ്ധ ബാവാ വിശുദ്ധ കുർബ്ബാനമധ്യേ പ്രസംഗിച്ചു. മധ്യാഹ്നപ്രാർത്ഥനയ്ക്കുശേഷം ഭക്ഷണം കഴിച്ചു. പിന്നീട് പതിവു തെറ്റിക്കാതെ ഡയറിയെഴുതാനാരംഭിച്ചു. ഡയറി എഴുതുന്നതിനിടയിൽ ഒരു പദത്തെക്കുറിച്ചു സംശയനിവാരണം വരുത്തുന്നതിനായി നിഘണ്ടു ആവശ്യപ്പെട്ടു. ഡയറിയെഴുതി കഴിഞ്ഞ് ഉലാത്തുമ്പോൾ തലവേദന തോന്നി ''എന്റെ തല എന്റെ തല'' എന്നിങ്ങനെ പറഞ്ഞു. റമ്പാച്ചന്മാർ അടുത്തെത്തിയപ്പോൾ കുഴയുന്നതുപോലെ തോന്നിയതിനാൽ താങ്ങി മെത്തയിൽ കിടത്തി. പരിശുദ്ധ ബാവാ നിത്യതയിലേക്കു യാത്രയായി. അപ്പോൾ ഉച്ചകഴിഞ്ഞ് രണ്ടര മണിയായിരുന്നു.

പരിശുദ്ധ ബാവായുടെ കബറടക്കസ്ഥലത്തെക്കുറിച്ച് പല അഭിപ്രായങ്ങളുമുണ്ടായെങ്കിലും സ്തേഫാനോസ് പള്ളിക്കു വടക്കുവശത്തുള്ള സ്ഥലം അന്ത്യോഖ്യാ സിംഹാസനത്തിലേക്കെഴുതി അവിടെ കബർ പണിതു. ഫെബ്രുവരി 14-ാം തീയതി പരിശുദ്ധന്റെ കബറടക്ക ശുശ്രൂഷ നടന്നു.



1954ൽ നിർമ്മിച്ച
പരിശുദ്ധ ഏലിയാസ് തൃതീയൻ
ബാവായുടെ കബറിടം



2017ൽ പുനർനിർമ്മിച്ച
പരിശുദ്ധ ഏലിയാസ് തൃതീയൻ
ബാവായുടെ കബറിടം

# പരിശുദ്ധനായ
# മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ



പരിശുദ്ധ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ ടർക്കിയിലെ ആമീദ് പട്ടണത്തിനടുത്തുള്ള ശൃഹരെ എന്ന സ്ഥലത്തെ കഫർസൊ ഗ്രാമത്തിൽ 1854 ജനുവരി 1-ാം തീയതി ജനിച്ചു. വൈദിക വിദ്യാഭ്യാസവും സുറി യാനിയും ദമസ്കോസ് പള്ളി വികാരിയായിരുന്ന വന്ദ്യ ശെമവൂൻ റമ്പാച്ചന്റെ അടുക്കൽനിന്ന് പഠിച്ചു. 1880ൽ വന്ദ്യ ശെമവൂൻ റമ്പാച്ചനെ പരിശുദ്ധ പത്രോസ് തൃതീയൻ പാത്രി യർക്കീസ് ബാവാ മോർ അത്താനാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് മലങ്കരയിലേക്ക് അയച്ചു. ശിഷ്യനായ സ്ലീബായ്ക്ക് ശെമ്മാശപട്ടം നൽകി. രണ്ടുപേരും കൂടി 1881 ജനുവരി 1-ാം തീയതി കൊച്ചിയിൽ വന്നിറങ്ങി. കോട്ടയം ചെറിയപള്ളിയും പഴയ സെമിനാരിയും നവീകര

# പരിശുദ്ധനായ മോറാൻ അബ്ദേദ് ആലോഹോ രണ്ടാമൻ പാത്രിയർക്കീസ് ബാവാ



| | | |
|---|---|---|
| ജനനം | : | 1833 |
| 1872 | : | ഊർശ്ലേമിന്റെ മെത്രാപ്പോലീത്തയായി മോർ ഗ്രീഗോറിയോസ് അബ്ദുള്ള എന്ന പേരിൽ വാഴിക്കപ്പെട്ടു |
| 1875 | : | പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായോടുകൂടെ മോർ ഗ്രീഗോറിയോസ് അബ്ദുള്ള മലങ്കര സന്ദർശിച്ചു. |
| 1906 | : | പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു (1894ൽ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ കാലം ചെയ്തതിനെ തുടർന്ന് 1903ൽ സ്ഥാനഭ്രഷ്ടനാക്കപ്പെടുന്നതുവരെ അബ്ദുൾ മ്ശിഹാ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്നു). |
| **1908** | : | **ബ. സ്ലീബാ റമ്പാച്ചനെ മോർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.** |
| 1909 | : | മലങ്കര സന്ദർശിച്ച് 1910ൽ ക്നാനായ സമുദായത്തിന്റെ മോർ സേവേറിയോസ് ഗീവർഗ്ഗീസ് തിരുമേനിയെ വാഴിച്ചു. |
| 1915 | : | ഡിസംബർ 9–ാം തീയതി (നവംബർ 26 ?) കാലംചെയ്ത് വി. മർക്കോസിന്റെ മാളികയിൽ ദയറാപള്ളയിൽ കബറടക്കപ്പെട്ടു. |

ണക്കാരുടെ കൈവശം ആയതിനാൽ കോട്ടയം പുത്തൻ പള്ളിയിൽ താമസമാക്കി. 1889ൽ കോടതിവിധി അനുകൂലമായതിനെ തുടർന്ന് പഴയ സെമിനാരിയിലേക്ക് താമസമാക്കി. 1889 ജൂൺ 11–ാം തീയതി മോർ അത്തനാസിയോസ് ശെമവൂൻ ബാവാ കാലം ചെയ്ത് കോട്ടയം പുത്തൻ പള്ളിയിൽ കബറടക്കപ്പെട്ടു. 1895ൽ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് തിരുമേനിയോടുകൂടെ വിശുദ്ധ നാടുകൾ സന്ദർശിച്ചു. 1902ൽ ചാത്തുരുത്തി തിരുമേനി കാലം ചെയ്തപ്പോൾ സ്വദേശത്തും വിദേശത്തുമുള്ള ഗുരുസ്ഥാനിയരുടെ വേർപാട് സ്ലീബാ ശെമ്മാശനെ തളർത്തിയില്ല. പുസ്തകങ്ങൾ രചിച്ചും (മ്ശിഹൈക സ്വഭാവം, യാക്കോബായക്കാർ) രചിച്ചും സുവിശേഷവേല ചെയ്തും സഭാ ശുശ്രൂഷകൾ നിർവ്വഹിച്ചു. ശെമ്മാശനെന്ന നിലയിൽ 25 വർഷത്തെ മലങ്കരയിലെ താമസത്തിനുശേഷം സ്ലീബാ ശെമ്മാശൻ ശീമയിലേക്ക് യാത്ര തിരിച്ചു. മൂസലിലെ മോർ മത്തായിയുടെ ദയറായിൽ താമസിച്ചുവരവെ ദയറാധിപനായ മോർ കൂറിലോസ് ഏലിയാസ് കുദ്ശോ മെത്രാപ്പോലീത്ത സ്ലീബാ ശെമ്മാശനെ ദയ്റോയൂസോ സ്ഥാനവും താമസിയാതെ കശ്ശീശാപട്ടം നൽകുകയുണ്ടായി. 1908 മാർച്ച് മാസത്തിൽ പരിശുദ്ധ അബ്ദേദ് ആലോഹോ രണ്ടാമൻ ബാവാ മൂസലിലെ 40 സഹദേന്മാരുടെ പള്ളിയിൽവച്ച് മോർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് ഇന്ത്യയിലെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി നിയമിച്ചു. മലങ്കരയിൽ എത്തിച്ചേർന്ന ബാവാ 1909 ജൂലൈ 11–ാം തീയതി മോർ ദിവന്നാസ്യോസ് ജോസഫ് മെത്രാപ്പോലീത്ത കാലം ചെയ്തപ്പോൾ സിംഹാസന പ്രതിനിധി എന്ന നിലയിൽ കർത്തവ്യങ്ങൾ നിർവ്വഹിച്ചു. 1910 മുതൽ സഭയിലുണ്ടായ അഭിപ്രായ ഭിന്നതയെതുടർന്ന് മോർ ഒസ്താത്തിയോസ് ബാവാ പഴയ സെമിനാരിയിലെ താമസം മതിയാക്കി. 1920ൽ കുന്നംകുളത്ത് താമസമാക്കുന്നതുവരെ കോട്ടയം– കല്ലുങ്കത്ര, പാണംപടി, കുമരകം ആറ്റാമംഗലം പള്ളികളിൽ താമസിക്കുകയുണ്ടായി.

## 1922 – വടവുകോട് മർത്തമറിയംപള്ളി സ്ഥാപനം

ബ. കുരിശിങ്കൽ മാണി കത്തനാർ, തേനുങ്കൽ ഗീവർഗ്ഗീസ് മൽപ്പാൻ, ആർത്തങ്കൽ എൻ. കെ. കുര്യൻ എന്നിവരുടെ പരിശ്രമഫലമായി വടവുകോട് ഒരു സണ്ടേസ്കൂൾ


പ്രവർത്തിച്ചിരുന്നു. പ്രസ്തുത സണ്ടേസ്കൂളിന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവാ വടവുകോട്ടേക്ക് എഴുന്നെള്ളുകയുണ്ടായി. അതേത്തുടർന്ന് വടവുകോട് താമസിക്കുകയും 1922 ഡിസംബർ 15–ാം തീയതി വടവുകോട് മർത്തമറിയം പള്ളിക്ക് തറക്കല്ലിടുകയും ചെയ്തു.

## 1923ൽ നിരപ്പേൽ കുരിശുപള്ളി മോർ ഒസ്താത്തിയോസ് ബാവായെ ഏൽപിക്കുന്നു


അയക്കരനാട് പകുതിയിൽ വടയമ്പാടി കരയിൽ നിരപ്പേൽ കുരിശുപള്ളിയും (പിന്നീട് മലേക്കുരിശ് ദയറാ പള്ളി) അതിൽപെട്ട സകല ഉപകരണങ്ങളും അതിന്റെ ഉടമയായിരുന്ന വാളിയാൽ കുരിയാക്കോ പരിശുദ്ധ ഒസ്താത്തിയോസ് ബാവായ്ക്ക് തീറ് നൽകുകയുണ്ടായി. അതേതുടർന്ന് അതിന്റെ നടത്തിപ്പിനെകുറിച്ച് ആലോചിക്കുന്നതിനുവേണ്ടി പരിശുദ്ധ ഒസ്താത്തിയോസ് ബാവാ 1923 മേടം 21–ാം തീയതി നിരപ്പേൽ കുരിശുപള്ളിയിൽനിന്ന് ഒരു കൽപന അയയ്ക്കുകയുണ്ടായി.

1920–30 കാലഘട്ടത്തിൽ കുന്നംകുളം സിംഹാസന പള്ളിയിൽ താമസിക്കുകയും 1930 മാർച്ച് 19–ാം തീയതി കാലം ചെയ്ത് മാർച്ച് 21–ാം തീയതി ആർത്താറ്റ് സിംഹാസന പള്ളിയിൽ കബറടക്കി.

# പുണ്യശ്ലോകനായ
# മോർ യൂലിയോസ് ഏലിയാസ് ബാവാ



പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവാ 1881 ആഗസ്റ്റ് 1-ാം തീയതി ടർക്കിയിലെ മർദീനിൽ ജനിച്ചു. 1902ൽ കുർക്കുമ ദയറായിൽ ചേരുകയും 1905 ജൂൺ 16-ാം തീയതി മോർ ദീവന്നാസ്യോസ് ബഹനാം മെത്രാപ്പോലീത്തായിൽനിന്നും ദയറാ വസ്ത്രം സ്വീകരിച്ചു. 1908ൽ കശ്ശീശാപട്ടം ഏറ്റു. 1909 സെപ്റ്റംബർ 24-ാം തീയതി മോറാൻ അബ്ദേദ് ആലോഹോ രണ്ടാമൻ പാത്രിയർക്കീസ് ബാവായോടുകൂടെ വന്ദ്യ ഏലിയാസ് റമ്പാച്ചൻ മലങ്കരയിൽ വന്നു. 1911 ഒക്ടോബർ 14-ാം തീയതി തിരികെ പോയി. 1923 സെപ്റ്റംബർ 23-ാം തീയതി പരിശുദ്ധ ഏലിയാസ്



അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ്
ബാവായോടൊപ്പം ബ. തുലാക്കുളത്തിൽ എബ്രഹാം അച്ചൻ, ബ. പി. ജെ. പൗലോസ് അച്ചൻ, ബ. എം. സി. യാക്കോബ് അച്ചൻ,
മറ്റ് ദയറാ അന്തേവാസികളും ശുശ്രൂഷകരും

തൃതീയൻ പാത്രിയർക്കീസ് ബാവാ വന്ദ്യ ഏലിയാസ് റമ്പാച്ച നെ മോർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് മലങ്കരയിലേക്ക് അയച്ചു. 1923 ഒക്ടോബർ 22–ാം തീയതി മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്ത മലങ്കരയിൽ എത്തിച്ചേർന്നു. 1927ൽ അന്ത്യോഖ്യാ സിംഹാ സന പ്രതിനിധിയായിരുന്ന മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ സഹായിയായി നിയമിക്കപ്പെട്ടു. മോർ ഒസ്താത്തിയോസ് ബാവാ കാലം ചെയ്തതിനെത്തുടർന്ന് 1930ൽ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി നിയ മിതനായി.


1931 മാർച്ച് 5–ാം തീയതി മുതൽ 1932 ഫെബ്രുവരി 13–ാം തീയതി വരെ മലങ്കരയിലെ പള്ളികൾ സന്ദർശിച്ചിരുന്ന പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവായെ അനുഗമിച്ചു. മഞ്ഞനിക്കര ദയറാ പള്ളി പണിയുന്നതിനും 1954ൽ പരി ശുദ്ധ ഏലിയാസ് തൃതീയൻ ബാവായുടെ കബർ പുതുക്കി പണിയുന്നതിനും നേതൃത്വം നൽകി. തുമ്പമൺ, പെരുമ്പള്ളി, കല്ലുങ്കത്ര, ആലപ്പുഴ, പാമ്പാടി, തിരുവല്ല, കട്ടച്ചിറ, എന്നീ സിംഹാസന പള്ളികൾ സ്ഥാപിക്കുകയും കുന്നംകുളം സിംഹാസനപള്ളിയുടെ പണികൾ പൂർത്തീകരിക്കുകയും മലേക്കുരിശ്, കോട്ടയം എന്നീ സിംഹാസനത്തിൻകീഴിലുള്ള പള്ളികൾക്കുവേണ്ടി പള്ളികെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു.

1933 മുതൽ 1946 വരെ മഞ്ഞനിക്കരയിൽ താമസിച്ചിരുന്ന വന്ദ്യ അബ്ദുൾ ആഹാദ് റമ്പാച്ചന് (പിന്നീട് പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ) 1934ൽ മോർ യൂലിയോസ് ഏലിയാസ് ബാവാ കശ്ശീശാപട്ടം നൽകി. 1951ൽ വന്ദ്യ മോശ സലാമ റമ്പാച്ചൻ (പിന്നീട് മോർ ക്രിസോ സ്റ്റമോസ് മോശ സലാമ) മഞ്ഞനിക്കരയിൽ താമസിച്ച് വൈദിക വിദ്യാർത്ഥികളെ അഭ്യസിപ്പിച്ചിരുന്നു. 1962ൽ വന്ദ്യ അഫ്രേം പൗലോസ് റമ്പാൻ (പിന്നീട് മോർ അത്താനാ സ്യോസ് അഫ്രേം) യൂലിയോസ് ബാവായുടെ സഹായി യായി നിയമിതനായി. ആ കാലഘട്ടത്തിൽ മഞ്ഞനിക്കര ദയറായിൽ മോർ യൂലിയോസ് ബാവായോടുകൂടെ താമസി ച്ചിരുന്ന വൈദികരും മൽപാന്മാരും പിന്നീട് വിവിധ നിലകളിൽ ഉന്നത പദവികളിൽ ചേർന്നു.



*1959 നവംബർ 14–ാം തീയതി തിരുവല്ല സിംഹാസനപള്ളി കൂദാശ ചെയ്ത് പ്രഥമ ദിവ്യബലി അർപ്പിച്ചശേഷം മോർ യൂലിയോസ് ഏലിയാസ് ബാവായോടൊപ്പം പെരുമ്പള്ളി ഗീവർഗ്ഗീസ് അച്ചൻ, കുമരം പുന്നൂസ് വായിത്ര അച്ചൻ, മാടപ്പാട്ട് യാക്കോബ് അച്ചൻ, കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പ, കടിയന്തുരുത്തേൽ യേശു കത്തനാർ എന്നിവരോടൊപ്പം*

1962 ജനുവരി 8-ാം തീയതി വന്ദ്യ അപ്രേം പൗലൂസ് റമ്പാൻ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. അന്ന് മോർ യൂലിയോസ് ഏലിയാസ് ബാവാ അന്ത്യപ്രസംഗം നടത്തി. 1962 ജനുവരി 10-ാം തീയതി മോർ ഫീലക്സിനോസ് പൗലോസ്, മോർ ക്ലീമീസ് എബ്രഹാം, മോർ ഗ്രീഗോറിയോസ് വയലിപ്പറമ്പിൽ എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ ബാവായ്ക്ക് തൈലാഭിഷേക ശുശ്രൂഷ നടത്തി. 1962 ഫെബ്രുവരി 17-ാം തീയതി മോർ ഫീലക്സിനോസ് പൗലോസ് മെത്രാപ്പോലീത്ത വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ബാവാ വിശുദ്ധ കുർബ്ബാന അനുഭവിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കെ. വി. കുര്യാക്കോസ് അച്ചൻ (പിന്നീട് മോർ യൂലിയോസ് കുര്യാക്കോസ്) ബാവായെ ഈ നാളുകളെല്ലാം ശുശ്രൂഷി ച്ചുകൊണ്ടിരുന്നു. 1962 ഫെബ്രുവരി 19-ാം തീയതി മോർ യൂലിയോസ് ഏലിയാസ് ബാവാ കാലം ചെയ്ത് മഞ്ഞിനിക്കര ദയറാ പള്ളിയിൽ കബറടക്കപ്പെട്ടു.



കാലം ചെയ്ത പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവ

## സെന്റ് ആന്റണീസ് – ഹോണവാർ മിഷൻ

അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ St. Antony's Educational Institutions, Honavar, North Canara എന്ന പ്രസ്ഥാനത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ടി കമ്മീഷന്റെ – *The Syrian Church of Malabar: Its present situation* എന്ന റിപ്പോർട്ട് ശ്രീ തോമസ് മാത്യു B. A., L. T., (Travancore Education Service) 1938 ജനുവരി 10–ാം തീയതി ബാവായ്ക്കു സമർപ്പിച്ചു.

1922 ജനുവരിയിലാണ് ബ്രദർ ജോർജ്ജ് 'The St. Antony's Educational Society'എന്ന ഒരു മതപരമായ സമൂഹം (Religious order) സ്ഥാപിച്ചത്. 1937 ജനുവരി 9–ാം തീയതി St. Antony's Educational Society യുടെ ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം M. Sanjivoro യിൽനിന്നും മംഗലാപുരത്ത് കുറച്ച് സ്ഥലം വാങ്ങിയിരുന്നു. അത് പ്രകാരം 1938 ജനുവരി 10–ാം തീയതിയിലെ നിശ്ചയം അനുസരിച്ചാണ് അന്നത്തെ ഡയറക്ടറായിരുന്ന റവ. ഫാ. പിന്റോ ജോർജ്ജ് സ്ഥലം വാങ്ങിയതും പള്ളിയും പള്ളിക്കൂടവും സ്ഥാപിച്ചതും.

കാതോലികവും അപ്പോസ്തോലികവുമായ സുറിയാനി ഓർത്തഡോക്സ് സഭയുടെ പൊതുനിയമപ്രകാരം **പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അഫ്രേം പ്രഥമൻ പ്രിൻസ് ബാവായുടെയും പിൻഗാമികളുടെയും നിയന്ത്രണത്തിലും മേൽനോട്ടത്തിലും അന്ത്യോഖ്യാ സിംഹാസനത്തിന്റെ പാത്രിയർക്കീസിനാൽ നിയോഗിക്കപ്പെടുന്ന മലബാറിലെ പ്രതിനിധിയാലോ പ്രത്യേകിച്ച് അധികാരപ്പെടുത്തുന്ന വ്യക്തിയാലോ ഭരണനിർവ്വഹണത്തിനായി 1950ലെ Bombay Public Trust Act അനുസരിച്ചും 1860ലെ Societies Registration Act അനുസരിച്ചുമാണ് ഈ ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത്.** കർണ്ണാടക സംസ്ഥാനത്തിലെ ജില്ലാ കോടതികളിലും ഹൈക്കോടതിയിലും മെത്രാൻ കക്ഷിക്കാർ ഹോണവാർ മിഷ്യനിൽ അധികാരം സ്ഥാപിക്കുന്നതിനായി കേസുകൾ നൽകിയിരുന്നു. 1995ലെ സുപ്രീം കോടതി വിധിയിൽ സെന്റ് ആന്റണീസ് പ്രസ്ഥാനം പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ ഭരണനിയന്ത്രണത്തിലാണെന്നും മലങ്കര സഭയ്ക്കു പുറത്താണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.


# പുണ്യശ്ലോകനായ
# മോർ സേവേറിയോസ് പൗലോസ്



പൗലോസ് 1910 നവംബർ 6–ാം തീയതി ജനിച്ചു. 1926ൽ ആരക്കുന്നം സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് മോർ അത്താനാസ്യോസ് വലിയ തിരുമേനി ശെമ്മാശനാക്കി. 1930ൽ വലിയ തിരുമേനി തന്നെ വൈദിക പട്ടം നൽകി. 1930 ആഗസ്റ്റ് 19–ാം തീയതി ബ. വഞ്ചിത്താറ്റിൽ എം. കുര്യാക്കോസ് അച്ചനോടൊപ്പം പ. വലിയ തിരുമേനി റമ്പാൻ സ്ഥാനം നൽകി.

1946 ആഗസ്റ്റ് 4–ാം തീയതി ഹോംസിലെ (സിറിയ) സെന്റ് മേരീസ് പള്ളിയിൽവച്ച് വന്ദ്യ മുളയിരിക്കൽ പൗലോസ് റമ്പാനെ മോറാൻ മോർ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ മോർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. ''1958ലെ സമാധാനത്തെതുടർന്ന്'' വ്യത്യസ്തമായ നിലപാട് സ്വീകരിക്കുകയും അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായ മോർ യൂലിയോസ് ഏലിയാസ് ബാവായുമായി ഭിന്നതയിലാകുകയും ചെയ്തു.

1962 മാർച്ച് 17–ാം തീയതി മുളയിരിക്കൽ മോർ സേവേറിയോസ് പൗലോസ് മെത്രാപ്പോലീത്ത കാലം ചെയ്ത് മാർച്ച് 18–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ആർത്താറ്റ് സിംഹാസന പള്ളിയുടെ തെക്കു ഭാഗത്ത് കബറടക്കപ്പെട്ടു.



*1962ൽ പണിത മോർ സേവേറിയോസ് പൗലോസ് തിരുമേനിയുടെ കബറിടം*



*2007ൽ പുതുക്കിപണിത മോർ സേവേറിയോസ് പൗലോസ് തിരുമേനിയുടെ കബറിടം*

# പുണ്യശ്ലോകനായ
# മോർ തിമോത്തിയോസ് അപ്രേം ആബൂദി



അപ്രേം 1930ൽ ഇറാക്കിലെ മൂസലിൽ ഭൂജാതനായി. 1945ൽ മൂസലിലെ മോർ അപ്രേം തിയോളജിക്കൽ സെമിനാരിയിൽ ചേർന്ന് പഠനം ആരംഭിക്കുകയും 1951ൽ പഠനം പൂർത്തീകരിച്ച് സഭാവക സ്കൂളുകളിൽ സുറിയാനി ഭാഷാ അധ്യാപകനായി ജോലി ചെയ്യുകയും ചെയ്തു.

1953 ഫെബ്രുവരി 16–ാം തീയതി മോർ ദിവന്നാസ്യോസ് ബഹനാം ജജ്ജാവി തിരുമേനിയിൽനിന്നും സന്യാസ വസ്ത്രം സ്വീകരിച്ചു. 1954 ഡിസംബർ 14–ാം തീയതി ശെമ്മാശനായും 1956 മാർച്ച് 25–ാം തീയതി റമ്പാച്ചനായും പൗരോഹിത്യം സ്വീകരിച്ചു.

1964ൽ വന്ദ്യ അഫ്രേം ആബൂദി റമ്പാച്ചൻ ഇന്ത്യയിലെ സിംഹാസന പ്രതിനിധിയായി നിയമിതനായി. 1972 ജനുവരി 9–ാം തീയതി പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ വന്ദ്യ അഫ്രേം ആബൂദി റമ്പാച്ചനെ മോർ തിമൊത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് മലങ്കരയിലേക്ക് അയച്ചു. തുടർന്ന് തിരുമേനിയുടെ വിസ ക്യാൻസൽ ചെയ്യുകയും 1973 മെയ് 18–ാം തീയതി ലബനോനിലേക്ക് മടങ്ങിപ്പോകുകയും ചെയ്തു.

1977–87 കാലഘട്ടത്തിൽ സ്വീഡൻ, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിലെ പാത്രിയർക്കൽ വികാരിയായും 1988–2008 കാലഘട്ടത്തിൽ ഓസ്ട്രേലിയ, കാനഡ എന്നീ രാജ്യങ്ങളിലെ പാത്രിയർക്കൽ വികാരിയായും സേവനം അനുഷ്ഠിച്ചു.

2008 മുതൽ ലബനോനിലെ അച്ചാനിയിൽ വിശ്രമജീവിതം നയിച്ചുകൊണ്ടിരുന്ന തിരുമേനി 2019 ഏപ്രിൽ 25–ാം തീയതി കാലം ചെയ്ത് ലബനോനിലെ അച്ചാനിയിലുള്ള മോർ യാക്കൂബിന്റെ ദയറായിൽ കബറടക്കപ്പെട്ടു.

# പുണ്യശ്ലോകനായ
# മോർ ഒസ്താത്തിയോസ് ബെന്യാമിൻ
# ജോസഫ് മെത്രാപ്പോലീത്ത



കുന്നംകുളം പനയ്ക്കൽ ഉക്രുവിന്റെയും (ജോസഫ്) താണ്ടുവിന്റെയും മകനായ ബെന്നി 1949 ജൂൺ 24-ാം തീയതി ജനിച്ചു.

ശ്രീ. പി. ഒ. ബെന്നി 1972ൽ മഞ്ഞനിക്കര ദയറായിൽ വിദ്യാർത്ഥിയായി ചേർന്നു. അൽമേനിയായിരിക്കെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ തിമൊഥിയോസ് അഫ്രേം ആബൂദി മെത്രാപോലീത്തായുടെ സെക്രട്ടറിയായി പ്രവർത്തിച്ചു.


ശ്രീ. പി. ഒ. ബെന്നി

1973 ജൂൺ 15–ാം തീയതി (സ്വർണ്ണ വെള്ളിയാഴ്ച) അഭിവന്ദ്യ അഫ്രേം ആബൂദി മെത്രാപോലീത്തായിൽനിന്നും മഞ്ഞനിക്കര ദയറായിൽവച്ച് കോറൂയോ പട്ടം സ്വീകരിച്ചു.

1977 ജൂലൈ 14–ാം തീയതി പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവയിൽ നിന്ന് ശർവ്വോയോ റമ്പാനായും 1977 ജൂലൈ 16–ാംതീയതി പൂർണ്ണ ശെമ്മാശനായും പട്ടമേറ്റു.



ബ. ബെന്നി ശെമ്മാശൻ

1979 ജൂലൈ 15–ാം തീയതി പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവയിൽനിന്ന് ബഹുമാനപ്പെട്ട ബെന്യാമീൻ ശർവ്വോയോ റമ്പാൻ കശീശ പട്ടമേറ്റു.

1979 ഡിസംബറിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ മലങ്കര കാര്യങ്ങൾക്കുള്ള സെക്രട്ടറിയായി നിയമിതനായി. 1980–84 കാലയളവിൽ പ. സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായുടെ ഒന്നാം സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു.


ബ. ബെന്യാമിൻ ശർവ്വോയോ റമ്പാൻ

1984 ഒക്ടോബർ 7–ാം തീയതി ദമസ്കോസിലെ സെന്റ് ജോർജ് കത്തീഡ്രലിൽവച്ച് വന്ദ്യ ബെന്യാമിൻ റമ്പാച്ചനെ മോർ ഒസ്താത്തിയോസ് എന്ന പേരിൽ മോറാൻ സാഖാ ഒന്നാമൻ ബാവാ മെത്രാപോലീത്തായായി വാഴിച്ചു.



പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ പാത്രിയർക്കീസ് ബാവ വന്ദ്യ ബെന്യാമീൻ റമ്പാച്ചനെ മോർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപോലീത്തത്തായായി വാഴിക്കുന്നു



മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപോലീത്തത്തായുടെ സ്ഥാനാരോഹണം

# ബഹുമാനപ്പെട്ട തോലത്ത് പൗലോസ് ഉപദേശി

**(1886–1944)**

തോലത്ത് ചേറു മകൻ പൗലോസ് 1886ൽ ജനിച്ചു. സുവിശേഷ വേലയിൽ തൽപരനായ പൗലോസിനെ പരിശുദ്ധ ഒസ്താത്തിയോസ് ബാവാ ഉപദേശിയായി നിയമിച്ചു. സുവിശേഷ വേലയിലും സാധു സംരക്ഷണത്തിനും ക്രിസ്തീയ ലഘുലേഖനങ്ങളും ചെറുപുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു.


സുവിശേഷവേലയുടെ ഭാഗമായി 1929–1940 കാലഘട്ടത്തിൽ കുന്നംകുളം എ. ആർ. പി. പ്രസ്സ്, സിറിയൻ ബുക്ക് ഡിപ്പോ എന്നിവിടങ്ങളിൽനിന്ന് ധാരാളം ലഘു ലേഖകളും ചെറിയ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി. സി. പൗലോസ് ഉപദേശി 1944 ഡിസംബർ 6–ാം തീയതി (1120 വൃശ്ചികം 21) കർത്താവിൽ നിദ്രപ്രാപിച്ച് ആർത്താറ്റ് സിംഹാസനപള്ളിയിൽ കബറടക്കി. 1944ൽ 57 വയസ്സുള്ളപ്പോൾ പൗലോസ് ഉപദേശി ഒരു മരണപത്രം രജിസ്റ്റർ ചെയ്തു. അതിന്റെ രത്നചുരുക്കം താഴെ ചേർക്കുന്നു.

കാണിയാമ്പാൽ തോലത്ത് ചേറു മകൻ പൗലോസ് ഉപദേശി (1943) 1118 ധനു 21–ാം തീയതി 17–ാം നമ്പരായി രജിസ്റ്റർ ചെയ്ത മരണപത്രപ്രകാരം (Will Deed) അദ്ദേഹം ചുങ്കത്ത് ഇട്ട്യേച്ചൻ മകൻ ഇട്ട്യേച്ചനോട് 1110ൽ 348–ാം നമ്പരായി രജിസ്റ്റർ ചെയ്ത് 430 രൂപയ്ക്ക് വാങ്ങിയ 79 സെന്റ് സ്ഥലം കാലശേഷം വല്യപ്പന്റെ മകൻ തോലത്ത് പാത്തു ഇട്ട്യേരയും അയാളുടെ കാലശേഷവും കുന്നംകുളം തെക്കേക്കര താവു മകൻ ഇട്ട്യേരയും അയാളുടെ കാലശേഷം കുന്നംകുളം തെക്കേക്കര ഉട്ടൂപ്പ് മകൻ വറീതും കൈവശംവച്ച് നടത്തിപരിപാലിച്ചുകൊള്ളുവാനും അവരുടെ കാലശേഷം ടി വസ്തു അതിൽ മുമ്പുള്ളതും അവർ ഉണ്ടാക്കിയിട്ടുള്ളതുമായ കുഴിക്കൂറ് പുരകൾ മുതലായവ

ആർത്താറ്റ് സിംഹാസനപള്ളി ഉടമസ്ഥനെ ഒഴിഞ്ഞു കൊടുക്കുന്നതിനും പൂർണ്ണമായി സമ്മതിക്കുകയും നിശ്ചയിക്കുകയും ചെയ്തിരുന്നു. 'തെക്കേക്കര വർഗ്ഗീസ് ട്രസ്റ്റ്' എന്നും 'പൗലോസ് ഉപദേശി സ്മാരക ആശ്രമം' എന്നുമാണ് ആദ്യകാല രേഖകളിൽ ഈ വസ്തുവിനെകുറിച്ച് പരാമർശിച്ചിട്ടുള്ളത്. ഭവനരഹിതർക്ക് താമസിക്കുന്നതിനുവേണ്ടിയാണ് ഈ സ്ഥലം വ്യവസ്ഥ ചെയ്തിരിക്കുന്നത്.


വന്ദ്യ അഫ്രേം ആബൂദി റമ്പാച്ചൻ

1971 ജൂലൈ 10-ാം തീയതി മേൽപ്പറഞ്ഞ തെക്കേക്കര ഉട്ടൂപ്പ് മകൻ റിട്ടയേഡ് സ്കൂൾ മാസ്റ്റർ വറിയത് മേൽപ്പറഞ്ഞ മരണപത്ര വ്യവസ്ഥയനുസരിച്ച് ആ സ്ഥലം മഞ്ഞനിക്കര ദേശത്ത് മോർ ഇഗ്നാത്തിയോസ് ദയറായിൽ ഇരിക്കും അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസിന്റെ ഇന്ത്യയിലെ ഇപ്പോഴത്തെ പ്രതിനിധി വന്ദ്യ അഫ്രേം ആബൂദി റമ്പാച്ചന്റെ പേർക്ക് Document No. 879 of 1971 ആയി ഒഴുമുറി (Release Deed) എഴുതിക്കൊടുത്തു. വഴി വീതികൂട്ടുന്നതിനുവേണ്ടി ഗവൺമെന്റിലേക്ക് എടുത്ത സ്ഥലത്തിന്റെ അവാർഡ് തുക സിംഹാസനപള്ളിക്കുവേണ്ടി വാങ്ങുന്നതിനും നിശ്ചയിച്ചും സമ്മതിച്ചുമാണ് ഒഴുമുറി രജിസ്റ്റർ ചെയ്തത്.



Phone No. 392 Pta.

Mar Ignatius Dayara.

APHRAIM ABOODI REMBAN,
Representative in India of the
Syrian Patriarchate of Antioch & All the East.

No. 260

Mathoor P. O.,
Via. Pathanamthitta,
Kerala, S. India.
7/8/1971

To
Rev. Fr. K.V. Kuriakose
Vicar , Simhasana church , Arthat P.O.
Kunnamkulam ;

I hereby authorise you to secure the value of acquisition from the authorities according the award No. 58/67 dated 30-10-1967 of item iv (a) in Sj.No. 1580/6 , producing the proper records which I have entrusted you viz. the will executed by Poulose Tholathu ( registered on 20th Dhanu 1118 No. 17 ) and the transfer of right deed by Thekkekara Ittoop Varghese ( Registered on 10th July 1971 No. 879), and giving receipt on behalf of me.

Aphraim Aboodi Remban
EPHRAIM ABOODY RAMBAN,
Representative in India of the
SYRIAN PATRIARCHATE OF ANTIOCH & ALL THE EAST.

1971ലും 1997ലും ഉപദേശിയുടെ കുന്നത്ത് (പൗലോസ് ഉപദേശി സ്മാരകപറമ്പ്) താമസിക്കുന്നവർ കുടികിടപ്പ് അവകാശപ്രകാരം സ്ഥലം വിട്ട് കിട്ടണമെന്ന് ആവശ്യപ്പെട്ട് Land Tribune ൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഒരു Charitable Trust Property ആയതിനാൽ അപ്രകാരം അവകാശമില്ലെന്ന് കണ്ടെത്തുകയും അപേക്ഷകൾ തള്ളിക്കളഞ്ഞ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.


# ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളിയുടെ സ്ഥാപനകാലം മുതൽ

## സുറിയാനി സഭയെ മേയിച്ചു ഭരിച്ച

## അന്ത്യോഖ്യാ സിംഹാസനത്തിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവാമാരും

## സിംഹാസന പ്രതിനിധികളായിരുന്ന അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരും

# പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവാ (1917 – 1932)



| | | |
|---|---|---|
| *ജനനം* | : | *1867 ഒക്ടോബർ 13* |
| *1892* | : | *പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ കശ്ശീശയാക്കി.* |
| *1908* | : | *പ. അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവാ മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് ഉയർത്തി.* |
| *1917* | : | *പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു.* |
| *1931–1932* | : | *മലങ്കര സന്ദർശനം* |
| *1932* | : | *ഫെബ്രുവരി 13–ാം തീയതി കാലംചെയ്ത് മഞ്ഞിനിക്കരയിൽ കബറടക്കി.* |

## പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബാവാ (1933 – 1957)



| | | |
|---|---|---|
| *ജനനം* | : | *1887 ജൂൺ 15* |
| *1908* | : | *കശ്ശീശയായി വാഴിക്കപ്പെട്ടു* |
| *1928* | : | *പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ മോർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.* |
| *1933* | : | *ജനുവരി 30–ാം തീയതി പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു.* |
| *1957* | : | *ജൂൺ 23–ാം തീയതി കാലം ചെയ്ത ഹോംസിലെ സൂനോറോ പള്ളിയിൽ കബറടക്കി.* |

## മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ ബാവാ (1957 – 1980)



*ജനനം : 1912 ഒക്ടോബർ 13*

*1924 : മോർ ക്ലീമീസ് യൂഹാനോൻ മെത്രാപ്പോലീത്തായിൽനിന്ന് കോറൂയോ പട്ടം സ്വീകരിച്ചു.*

*1929 : പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്ന് യൗഫദ്യക്കനൊ പട്ടം സ്വീകരിച്ചു.*

*1933 : ജൂലൈ 20–ാം തീയതി മോറാൻ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ അബ്ദുൾ ആഹാദ് എന്ന പേരിൽ ദയറാ വസ്ത്രം ധരിപ്പിച്ചു. 1933–46 അബ്ദുൾ ആഹാദ് റമ്പാൻ മഞ്ഞനിക്കരയിൽ താമസിച്ചു.*

*1934 : ജനുവരി 19–ാം തീയതി മോർ യൂലിയോസ് ഏലിയാസ് ബാവാ അബ്ദുൾ ആഹാദ് റമ്പാനെ പൂർണ്ണ ശെമ്മാശനായും മാർച്ച് 11–ാം തീയതി കശ്ശീശയായും പട്ടം നൽകി*

*1950 : ഡിസംബർ 17–ാം തീയതി മോറാൻ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ മോർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.*

*1957 : ഒക്ടോബർ 27–ാം തീയതി മോർ സേവേറിയോസ് യാക്കോബ് മെത്രാപ്പോലീത്ത അന്ത്യോഖ്യാ സിംഹാസനത്തിൽ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു.*

*1980 : ജൂൺ 25–ാം തീയതി കാലം ചെയ്ത് ഡമസ്കോസിലെ സെന്റ് ജോർജ്ജ് കത്തീഡ്രലിൽ കബറടക്കപ്പെട്ടു. 2016 ജൂൺ 29–ാം തീയതി തിരുശേഷിപ്പുകൾ മാറത്ത് സെയ്ദ്നായയിലെ കത്തീഡ്രലിലേക്ക് മാറ്റി സ്ഥാപിച്ചു.*

## മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഇവാസ് പ്രഥമൻ ബാവാ (1980 – 2014)



*ജനനം : 1933 ഏപ്രിൽ 21*

*1948 : ഡിസംബർ 28–ാം തീയതി മോർ അത്താനാസ്യോസ് തൂമാ കസ്സീർ മെത്രാപ്പോലീത്ത കോറൂയോപട്ടം നൽകി.*

*1953 : ഫെബ്രുവരി 8–ാം തീയതി മോർ ഗ്രീഗോറിയോസ് പൗലോസ് ബഹനാം മെത്രാപ്പോലീത്തായിൽനിന്നും റമ്പാൻസ്ഥാനം സ്വീകരിച്ചു. 1955 ഡിസംബർ 18–ാം തീയതി മോർ ദിവന്നാസ്യോസ് ജർജ്ജസ് ബഹനാം മെത്രാപ്പോലീത്ത പൂർണ്ണ ശെമ്മാശനാക്കി.*

*1957 : നവംബർ 17–ാം തീയതി മോറാൻ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ബ. സാഖാ ശെമ്മാശന് വൈദികപട്ടം നൽകി.*

*1963 : നവംബർ 17–ാം തീയതി മോർ സേവേറിയോസ് എന്ന പേരിൽ മോറാൻ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മെത്രാപ്പോലീത്തയായി വാഴിച്ചു.*

*1964 : മെയ് മാസത്തിൽ മോറാൻ യാക്കൂബ് തൃതീയൻ ബാവായോടൊപ്പം മോർ സേവേറിയോസ് സാഖാ മലങ്കര സന്ദർശിച്ച് കാതോലിക്ക വാഴ്ചയിൽ സഹകാർമ്മികനായി*

*1980 : സെപ്റ്റംബർ 14–ാം തീയതി അന്ത്യോഖ്യാ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു.*

*2014 : മാർച്ച് 21–ാം തീയതി കാലം ചെയ്ത് മാറത്ത് സെയ്ദ്നായയിലെ കത്തീഡ്രലിൽ കബറടക്കി.*

## മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ ബാവാ (2014 – )




**നമ്മെ ഭാഗ്യമോടെ മേയിച്ചു ഭരിക്കുന്ന പരിശുദ്ധ പത്രോസ് ശ്ലീഹായുടെ 123–ാം പിൻഗാമി**

## പരിശുദ്ധനായ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ
## (1908 – 1930)



| | | |
|---|---|---|
| *ജനനം* | : | *1854 ജനുവരി 1* |
| *1881 – 1906* | : | *ബ. സ്ലീബാ ശെമ്മാശനായി മലങ്കരയിൽ കോട്ടയം പുത്തൻപള്ളി, കോട്ടയം പഴയ സെമിനാരി, പരുമലപള്ളി എന്നിവിടങ്ങളിൽ താമസിച്ചു.* |
| *1895* | : | *പ. ചാത്തുരുത്തിൽ ഗ്രീഗോറിയോസ് ഗീവർഗ്ഗീസ് തിരുമേനിയോടുകൂടെ ഊർശ്ലേം സന്ദർശിച്ചു.* |
| *1908–1920* | : | *കോട്ടയം പഴയ സെമിനാരിയിലും, പാണംപടി, കല്ലുങ്കത്ര, വടവുകോട്, എന്നീ പള്ളികളിൽ താമസിച്ചു* |
| *1920* | : | *ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളിക്ക് തറക്കല്ലിട്ടു.* |
| *1930* | : | *മാർച്ച് 19–ാം തീയതി കാലം ചെയ്തു. 21–ാം തീയതി ആർത്താറ്റ് സിംഹാസന പള്ളിയിൽ കബറടക്കി.* |

## പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവ (1930 – 1962)



| | | |
|---|---|---|
| *ജനനം* | : | *1881 ആഗസ്റ്റ് 1* |
| *1905* | : | *മോർ ദിവന്നാസ്യോസ് ബഹനാൻ മെത്രാപ്പോലീത്ത ദയറാവസ്ത്രം നൽകി.* |
| *1908* | : | *കശ്ശീശപട്ടം ഏറ്റു.* |
| *1909–11* | : | *മോറാൻ അബ്ദേദ് ആലോഹോ രണ്ടാമൻ ബാവയോടൊപ്പം വന്ദ്യ ഏലിയാസ് റമ്പാച്ചൻ മലങ്കര സന്ദർശിച്ചു.* |
| *1923* | : | *സെപ്റ്റംബർ 23–ാം തീയതി മോർ യൂലിയോസ് എന്ന പേരിൽ മോറാൻ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മെത്രാപ്പോലീത്തയായി വാഴിച്ചു. 1923 ഒക്ടോബർ 22–ാം തീയതി മലങ്കരയിൽ എത്തിച്ചേർന്നു.* |
| *1927* | : | *പ. അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന പ. ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ സഹായിയായി നിയമിതനായി.* |
| *1930–62* | : | *പ. അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി മലങ്കരയിൽ പ്രവർത്തിച്ചു.* |
| *1962* | : | *ഫെബ്രുവരി 19–ാം തീയതി കാലം ചെയ്ത് മഞ്ഞനിക്കര ദയറാ പള്ളിയിൽ കബറടക്കി.* |

# പുണ്യശ്ലോകനായ മോർ അത്താനാസ്യോസ് അഫ്രേം ബർസൗം (1961 – 1964)



| | | |
|---|---|---|
| *ജനനം* | : | *1932 ഒക്ടോബർ 1* |
| *1952–57* | : | *മോറാൻ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറി* |
| *1956* | : | *മാർച്ച് 4 – മോറാൻ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ കശ്ശീശപട്ടം നൽകി.* |
| *1961–64* | : | *വന്ദ്യ അഫ്രേം പൗലോസ് റമ്പാൻ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി മഞ്ഞനിക്കരയിൽ താമസിച്ചു.* |
| *1965* | : | *ഡിസംബർ 12–ാം തീയതി മോർ അത്തനാസ്യോസ് എന്ന പേരിൽ മോറാൻ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മെത്രാപ്പോലീത്തയായി വാഴിച്ചു.* |
| *2016* | : | *ജനുവരി 3–ാം തീയതി കാലം ചെയ്ത് അമേരിക്കയിലെ റോഡ് ഐലന്റിലുള്ള മോർ അഫ്രേം പള്ളിയിൽ കബറടക്കി.* |

## പുണ്യശ്ലോകനായ മോർ തിമോത്തിയോസ് അപ്രേം ആബൂദി മെത്രാപ്പോലീത്ത (1964 – 1984)



| | | |
|---|---|---|
| *ജനനം* | : | *1930* |
| *1953* | : | *ഫെബ്രുവരി 16–ാം തീയതി മോർ ദിവന്നാസ്യോസ് ബഹനാം ജജ്ജാവി തിരുമേനിയിൽനിന്നും സന്യാസവസ്ത്രം സ്വീകരിച്ചു.* |
| *1954* | : | *ഡിസംബർ 14–ാം തീയതി ശെമ്മാശനായും 1956 മാർച്ച് 25–ാം തീയതി റമ്പാച്ചനായും പട്ടം കെട്ടപ്പെട്ടു.* |
| *1964* | : | *വന്ദ്യ അപ്രേം ആബൂദി റമ്പാച്ചനെ ഇന്ത്യയിലെ അന്ത്യോഖ്യ സിംഹാസന പ്രതിനിധിയായി നിയമിച്ചു.* |
| *1972* | : | *ജനുവരി 9–ാം തീയതി പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.* |
| *2019* | : | *ഏപ്രിൽ 25–ാം തീയതി കാലം ചെയ്ത് ലെബനോനിലെ അച്ചാനിയിലുള്ള മോർ യാക്കോബിന്റെ ദയറായിൽ കബറടക്കി.* |

## പുണ്യശ്ലോകനായ മോർ ഒസ്താത്തിയോസ് ബെന്യാമീൻ ജോസഫ് മെത്രാപ്പോലീത്ത (1984 – 2004)



| | | |
|---|---|---|
| *ജനനം* | : | *1949 ജൂൺ 24* |
| *1973* | : | *ജൂൺ 15–ാം തീയതി മഞ്ഞനിക്കര ദയറായിൽവച്ച് അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ തിമോത്തിയോസ് അഫ്രേം ആബൂദി മെത്രാപ്പോലീത്തായിൽനിന്ന് കോറൂയോ പട്ടം സ്വീകരിച്ചു.* |
| *1977* | : | *ജൂലൈ 13–ാം തീയതി മോർ സേവേറിയോസ് ഹാവാ മെത്രാപ്പോലീത്തായിൽ നിന്ന് യൗഫദ്യ്ക്കനൊ പട്ടം സ്വീകരിച്ചു. ജൂലൈ 14–ാം തീയതി പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ശർവ്വോയോ റമ്പാനായും ജൂലൈ 16–ാം തീയതി പൂർണ്ണ ശെമ്മാശനായും പട്ടം നൽകി.* |
| *1979* | : | *ജൂലൈ 15–ാം തീയതി പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ കശ്ശീശാപട്ടം നൽകി.* |
| *1979–84* | : | *പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ, പ. സാഖാ ഒന്നാമൻ പാത്രിയർക്കീസ് ബാവാ എന്നിവരുടെ സെക്രട്ടറിയായി പ്രവർത്തിച്ചു.* |
| *1984* | : | *ഒക്ടോബർ 7–ാം തീയതി മോർ ഒസ്താത്തിയോസ് എന്ന പേരിൽ പ. സാഖാ ഒന്നാമൻ ബാവാ മെത്രാപ്പോലീത്തയായി വാഴിച്ചു.* |
| *2004* | : | *ജൂൺ 17–ാം തീയതി കാലം ചെയ്തു. 19–ാം തീയതി മഞ്ഞിനിക്കര ദയറാ പള്ളിയിൽ കബറടക്കി.* |

# പുണ്യശ്ലോകനായ മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത (2004 – 2010)



| | | |
|---|---|---|
| *ജനനം* | : | *1933 ജൂലൈ 6* |
| *1955* | : | *ഫെബ്രുവരിയിൽ മോർ യൂലിയോസ് ഏലിയാസ് ബാവായിൽനിന്ന് ശെമ്മാശപട്ടം സ്വീകരിച്ചു.* |
| *1958* | : | *സെപറ്റംബർ 21–ാം തീയതി മോർ യൂലിയോസ് ഏലിയാസ് ബാവായിൽനിന്ന് കശ്ശീശാപട്ടം സ്വീകരിച്ചു.* |
| *1960–84* | : | *ആർത്താറ്റ്–കുന്നംകുളം സിംഹാസന പള്ളിയുടെ വികാരിയായി സേവനം അനുഷ്ഠിച്ചു.* |
| *1984–2004* | : | *മോറാൻ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവായുടെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു.* |
| *1990* | : | *ഡിസംബർ 22–ാം തീയതി മോറാൻ ഇഗ്നാത്തിയോസ് സാഖാ ബാവാ ബ. കെ. വി. കുര്യാക്കോസ് അച്ചനെ റമ്പാച്ചനാക്കി.* |
| *1998* | : | *സെപ്റ്റംബർ 27–ാം തീയതി മോറാൻ ഇഗ്നാത്തിയോസ് സാഖാ ബാവാ വന്ദ്യ. കുര്യാക്കോസ് റമ്പാച്ചനെ മോർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.* |
| *2004–2010* | : | *ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളിയുടെ മെത്രാപ്പോലീത്തയായി പ്രവർത്തിച്ചു.* |
| *2011* | : | *ഏപ്രിൽ 9–ാം തീയതി കാലം ചെയ്ത് മഞ്ഞനിക്കര ദയറാപള്ളിയിൽ കബറടക്കി.* |



*അഭിവന്ദ്യ മോർ ദിവന്നാസ്യോസ് ഗീവർഗ്ഗീസ്*
*സിംഹാസനപള്ളികളുടെ സഹായ മെത്രാപ്പോലീത്ത*
*(2004 – 2010)*



*അഭിവന്ദ്യ മോർ അത്തനാസ്യോസ് ഗീവർഗ്ഗീസ്*
*(2010 – 2016)*



*അഭിവന്ദ്യ മോർ ദിയസ്ക്കോറോസ് കുര്യാക്കോസ്*
*(2016 – )*

# ആർത്താറ്റ് സിംഹാസന പള്ളിയുടെ നാൾവഴികൾ

1920-30 കാലഘട്ടത്തിൽ ആർത്താറ്റ് സിംഹാസന പള്ളിയുടെ ശിലാസ്ഥാപനം, പള്ളിയുടെ പടിഞ്ഞാറു വശത്തുള്ള മോർ ഗ്രീഗോറിയോസ് സ്മാരക കുരിശിന്റെ നിർമ്മാണം, 1922ൽ മോർ ഒസ്താത്തിയോസ് ഹാളിന്റെ ആരംഭം, പരിശുദ്ധ ഒസ്താത്തിയോസ് ബാവാ കുന്നംകുളത്ത് താമസിച്ചിരുന്ന കാലഘട്ടത്തിലെ പ്രധാന സംഭവങ്ങൾ, ബാവായുടെ അന്ത്യനാളുകൾ എന്നിവ 'സിംഹാസന പള്ളി യും പരിശുദ്ധ ഒസ്താത്തിയോസ് ബാവായും' എന്ന ഒന്നാം ഭാഗത്ത് ചേർത്തിട്ടുണ്ട്.

1930-62 കാലഘട്ടത്തിൽ, പുണ്യശ്ലോകനായ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ നാളുകളിൽ, തെക്കെ അങ്ങാടി മോർ ഒസ്താത്തിയോസ് ഹോളിന് മുൻവശത്തുള്ള മോർ ഏലിയാസ് തൃതീയൻ സ്മാരക കുരിശിന്റെ നിർമ്മാണം (1935), മോർ യൂലിയോസ് ഹോളിന്റെ ആരംഭം (1939), പാറയിൽ സെന്റ് തോമസ് സിറിയൻ സിംഹാസന ചാപ്പലിന്റെ ആരംഭം (1944), മോർ യൂലിയോസ് ഹോളിന് മുൻവശത്തുള്ള മാർത്തോമ്മാശ്ലീഹാ സ്മാരക കുരിശിന്റെ നിർമ്മാണം (1957) എന്നിവയെ സംബന്ധിച്ച് 'സിംഹാസന പള്ളിയുടെ അനുബന്ധ സ്ഥാപനങ്ങൾ' എന്ന രണ്ടാം ഭാഗത്ത് വിവരിച്ചിട്ടുണ്ട്. കാലക്രമം അനുസരിച്ച് എല്ലാ കാര്യങ്ങളും നാൾവഴിയിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ആവർത്തനങ്ങൾ ഒഴിവാക്കുന്നതിനായി മേൽപ്രസ്താവിച്ചവ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഒരു കാര്യം ഇവിടെ പരാമർശിക്കട്ടെ. പത്തു വർഷമായിട്ടും സിംഹാസനപള്ളിയുടെ പണി ഇഴഞ്ഞുനീങ്ങുന്നതിൽ പരിശുദ്ധ ഒസ്താത്തിയോസ് ബാവാ ഏറെ ദുഃഖിതനായിരുന്നു. പരിശുദ്ധ ബാവായുടെ വാക്കുകളിൽ: "ഇനി പള്ളി പണിയുന്നതിന് ഞാൻ ആരോടും പണം ആവശ്യപ്പെടുകയില്ല. ഒരു തളിക ഇവിടെ വയ്ക്കും. നിങ്ങൾക്ക് ഇഷ്ടമുള്ളത് അതിൽ ഇടാം . . ." അതൊരു പ്രവാചക ശബ്ദമായിത്തീർന്നു. പരിശുദ്ധ ബാവായുടെ കബറിങ്കലെ നേർച്ചപണത്തിൽനിന്നാണ് പള്ളിപണി പൂർത്തീകരിക്കുന്നതിനുവേണ്ട ചിലവിന്റെ സിംഹഭാഗവും ലഭിച്ചിട്ടുള്ളത്.

1923ൽ നവാഭിക്ഷിക്തനായ മോർ യൂലിയോസ് ഏലി യാസ് ബാവായ്ക്ക് സിംഹാസനപള്ളിയിൽ സ്വീകരണം നൽകി.

1947ൽ ബ. ചെറുവത്തൂർ ഐപ്പ് മത്തായി കത്തനാരും വടക്കേത്തലയ്ക്കൽ ശ്രീ. ഇയ്യാവു കുര്യനും കൈക്കാരന്മാ യിരുന്നിട്ടുണ്ട്. ശ്രീ. ഇയ്യാവു കുര്യൻ ജോയിന്റ് കൈക്കാര നായി ഇരിപ്പാൻ താൽപര്യം ഇല്ലെന്നും കൈക്കാരനായി നിയമിക്കാമെങ്കിൽ ഒരു വർഷത്തേക്ക് ആ ചുമതല വഹി ക്കാൻ സന്നദ്ധനാണെന്നും അറിയിച്ചിരുന്നു (Ext. P84 & P85 in A. S. No. 11/2003). അതേ വർഷം തന്നെ ശ്രീ ഇയ്യാവു കുര്യൻ കൈക്കാരൻ സ്ഥാനം ഒഴിഞ്ഞതിനാൽ ചെറുവ ത്തൂർ മാത്തു കത്തനാർ കൈക്കാരനായിരുന്നിട്ടുണ്ട്.

1947ലെ കടുത്ത വരൾച്ചയെത്തുടർന്ന് മാർച്ച് മാസ ത്തിൽ മോർ ഒസ്താത്തിയോസ് ബാവായുടെ ശ്രാദ്ധം നട ത്തുന്നതിന് അനുമതി കിട്ടിയിരുന്നില്ല. അന്നത്തെ ട്രസ്റ്റി യായിരുന്ന ശ്രീ സി. സി. ചേറപ്പായി ഭക്ഷ്യവകുപ്പിന്റെ ചുമതലയുള്ള ശ്രി. കെ. ബാലകൃഷ്ണമേനോനെ കണ്ട് അനുമതി അപേക്ഷിച്ചെങ്കിലും നിരസിക്കുകയാണുണ്ടായത്. ‘‘നിങ്ങളുടെ ബാവാ അത്ര വിശുദ്ധനാണെങ്കിൽ മഴ പെയ്യിക്കട്ടെ’’ എന്ന് അദ്ദേഹം പറയുകയും ചെയ്തു. അന്ന് രാത്രി കുന്നംകുളത്ത് മാത്രമല്ല തലപ്പള്ളി താലൂക്കിലും അതി ശക്തമായ മഴ പെയ്തു. പിറ്റേദിവസം വടക്കാഞ്ചേരിയിൽ ക്യാമ്പ് ചെയ്തിരുന്ന ശ്രി. കെ. ബാലകൃഷ്ണമേനോനെ കാ ണുകയും ഉടനെ തന്നെ ശ്രാദ്ധം നടത്തുന്നതിന് പ്രത്യേക ഉത്തരവ് ഇറക്കുകയും ചെയ്തു.

1951 മാർച്ച് 19-ാം തീയതിയിലെ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ 72-ാം നമ്പർ കൽപനപ്രകാരം പന യ്ക്കൽ ശ്രീ. ഇയ്യാക്കു മാത്തുവിനെ സിംഹാസന പള്ളി യുടെ കൈക്കാരനായും പുലിക്കോട്ടിൽ ശ്രീ ഇട്ടൂപ്പ് ഇട്ടൂപ്പിനെ ഒരു വർഷത്തേക്ക് അസിസ്റ്റന്റ് കൈക്കാരനായും നിയമിച്ചു.

1951 ഏപ്രിൽ 9-ാം തീയതിയിലെ മോറാൻ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ 52-ാം നമ്പർ കൽപനപ്രകാരം വിശുദ്ധ കുർബ്ബാന ആരംഭിച്ച് കഴിഞ്ഞാൽ വലിയ മണി അടിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.


വന്ദ്യ മോശ സലാമ റമ്പാൻ

1951ൽ വന്ദ്യ മോശ സലാമ റമ്പാച്ചൻ (പിന്നീട് തെക്കേ അമേരിക്കൻ ഭദ്രാസനത്തിന്റെ മോർ ക്രിസോസ്റ്റമോസ് മോശ സലാമ മെത്രാപ്പോലീത്ത, d. 1996) മഞ്ഞനിക്കരയിൽ എത്തിച്ചേർന്ന് വൈദിക വിദ്യാർത്ഥികളെ അഭ്യസിപ്പിച്ചു. 1957ൽ വന്ദ്യ മോശ സലാമ റമ്പാച്ചൻ പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് *കാതോലിക്ക സഭയും റോമാവാദങ്ങളും – ബ: വി. സി. ഗീവർഗ്ഗീസ് കോർ എപ്പിസ്കോപ്പ, ബി. എ. അവർകൾക്ക് ഒരു മറുപടി.* അതു കൂടാതെ *ഭാഗ്യനിക്ഷേപം (1957),* ആണ്ടടക്കമുള്ള ഞായറാഴ്ചകളിലെ പ്രസംഗങ്ങൾ ഉൾക്കൊള്ളുന്ന *ജീവജലം (1958)* എന്ന പുസ്തകം രചിച്ചിട്ടുണ്ട്.

1953ൽ മോർ ക്ലീമീസ് എബ്രഹാം, മോർ ഫീലക്സിനോസ് പൗലോസ് എന്നീ തിരുമേനിമാർക്ക് സിംഹാസന പള്ളിയിൽ സ്വീകരണം നൽകി.

1958 മാർച്ചിലെ മോർ ഒസ്താത്തിയോസ് ബാവായുടെ ഓർമ്മ പെരുന്നാളിൽ മോർ യൂലിയോസ് ഏലിയാസ് ബാവാ വി. കുർബ്ബാന അർപ്പിച്ചു.

1958 ഏപ്രിൽ മാസത്തോടുകൂടി പനയ്ക്കൽ ശ്രീ മാത്തുവും മോർ യൂലിയോസ് ഏലിയാസ് ബാവായുമായി അഭിപ്രായവ്യത്യാസങ്ങളുണ്ടായി [Ext. P32 (n)]. മോർ യൂലിയോസ് ഏലിയാസ് ബാവായുടെ കൽപനപ്രകാരം മാത്രമേ കബറിങ്കൽ കൈക്കാരനായിരുന്ന ചീരൻ തരകൻ ചേറപ്പായി പള്ളികൈക്കാരനായ പനയ്ക്കൽ മാത്തുവിന് കബറിങ്കലെ ഭണ്ഡാരത്തിലെ വരുമാനം പള്ളിപണിക്കു കൊടുത്തിരുന്നുള്ളൂ. ഇത് അസ്വാരസ്യങ്ങൾ ഉണ്ടാക്കിയിരുന്നതായി മനസ്സിലാക്കാം. വെട്ടിക്കുന്നേൽ മത്തായി അച്ചനും സഹവികാരി ചെറുവത്തൂർ മാത്തു കത്തനാർ തമ്മിലും അഭിപ്രായ ഭിന്നതയുണ്ടായിരുന്നു. മോർ യൂലിയോസ് ഏലിയാസ് ബാവാ, ബ. ചെറുവത്തൂർ ഐപ്പ് മത്തായി കത്തനാർ, കബറിങ്കൽ കൈക്കാരൻ ശ്രീ. (ചീരൻ തരകൻ) സി. സി. ചേറപ്പായി എന്നിവർ ഒരു പക്ഷത്തും സിംഹാസനപള്ളി കൈക്കാരൻ ശ്രീ പനയ്ക്കൽ ഇയ്യാക്കു മാത്തു, ചെറുവത്തൂർ മാത്തു കത്തനാർ എന്നിവർ മറുപക്ഷത്തുമായി

അഭിപ്രായഭിന്നത നിലനിന്നിരുന്നതായി പല രേഖകളിൽ നിന്നും വ്യക്തമാകുന്നു.

1960 വൈശ്ശേരി കുരിശുപള്ളിയുടെ കൈക്കാരനായിരുന്ന കാക്കശ്ശേരിൽ ചുമ്മാരി ചാക്കു രാജി വച്ചതിനാൽ 1960 ഡിസംബർ 1-ാം തീയതി കണ്ണനായിക്കൽ മാണി വർഗ്ഗീസ് മാസ്റ്ററെ കുരിശുപള്ളിയുടെ കൈക്കാരനായി നിയമിച്ചു [Ext. D99 (a)].

1962 ഫെബ്രുവരി 19-ാം തീയതി അന്ത്യോഖ്യാ സിംഹാസന പ്രതിനിധി (1930-1962) മോർ യൂലിയോസ് ഏലിയാസ് ബാവാ കാലം ചെയ്തു.

1962 ജൂൺ ജൂലൈ മാസങ്ങളിൽ വന്ദ്യ മാടപ്പാട്ട യാക്കോബ് റമ്പാൻ കുന്നംകുളം സിംഹാസന പള്ളിയിൽ വിശുദ്ധ ബലി അർപ്പിച്ചു. 1962 ഓഗസ്റ്റ് മുതൽ ബഹുമാനപ്പെട്ട കെ. വി. കുര്യാക്കോസ് അച്ചൻ വികാരിയായി ശുശ്രൂഷകൾ നിർവ്വഹിച്ചു (1984 സെപ്റ്റംബർ 30-ാം തീയതി ദമസ്കോസിലെ പാത്രിയർക്കാ അരമനയിലേക്ക് പോകുന്നതുവരെ).

1962 ഒക്ടോബർ മാസത്തിലും പള്ളിയുടെ പണികൾ പൂർത്തിയായിരുന്നില്ല (Plastering and flooring works).

1965 മുതൽ ബ. കെ. വി. കുര്യാക്കോസ് അച്ചന്റെ നേതൃത്വത്തിൽ മോർ ഒസ്താത്തിയോസ് ചാരിറ്റീസ് എന്ന പേരിൽ ഒരു സംഘടന പ്രവർത്തനം ആരംഭിച്ചു. 1970ൽ മോർ ഒസ്താത്തിയോസ് ചാരിറ്റീസ് രജിസ്റ്റർ ചെയ്തു. (Reg. No. 44/70). 1970-1984 കാലഘട്ടത്തിൽ ബ. കെ. വി. കുര്യാക്കോസ് അച്ചൻ എം. ഒ. ചാരിറ്റീസിന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു.

1972ൽ നവാഭിഷിക്തനായ മോർ തിമോത്തിയോസ് അഫ്രേം ആബൂദി മെത്രാപ്പോലീത്തായ്ക്ക് സിംഹാസന പള്ളിയിൽ അതിഗംഭീരമായ സ്വീകരണം നൽകി.

1968ൽ പള്ളിയുടെ മുഖവാരം ഇടിഞ്ഞുവീണതിനെത്തുടർന്ന് പുനർനിർമ്മിച്ച കാലഘട്ടത്തിൽ ശ്രീ. വർക്കി (പിന്നീട് റവ.ഫാ. ഗീവർഗ്ഗീസ് മേലോത്ത്) ചെയ്ത സേവനങ്ങൾ സ്തുത്യർഹമാണ്. സണ്ടേസ്കൂൾ അദ്ധ്യാപകനെന്ന



*റവ. ഫാ. ഗീവർഗ്ഗീസ് മേലോത്തച്ചൻ*



*വന്ദ്യ ഏലിയാസ് കോർ എപ്പിസ്കോപ്പ*



*റവ. ഫാ. ബേബി ഏലിയാസ് 1977 – 1982*

നിലയിലും പള്ളി പണിയുടെ മേൽനോട്ടത്തിലുമെല്ലാം ഏറെ സഹായിച്ചിട്ടുണ്ട്. 1975–85 കാലഘട്ടത്തിൽ തുരുത്തിപ്ലി ചേട്ടാളുത്തുങ്കര ബഹുമാനപ്പെട്ട ഏലിയാസ് ശെമ്മാശൻ (പിന്നീട് വന്ദ്യ ഏലിയാസ് കോർ എപ്പിസ്കോപ്പ) ടി.എം.എച്ച്. എസ്. അദ്ധ്യാപകനായും സ്കൂളിന്റെ ഹോസ്റ്റൽ വാർഡനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1977–82 കാലഘട്ടത്തിൽ പുൽപ്പള്ളി ബഹുമാനപ്പെട്ട കുര്യാക്കോസ് ശെമ്മാശൻ (പിന്നീട് റവ. ഫാ. ബേബി ഏലിയാസ്) പ്രി-ഡിഗ്രി, ഡിഗ്രി പഠനത്തോടൊപ്പം പള്ളിയിലും അനുബന്ധ സ്ഥാപനങ്ങളിലും ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുണ്ട്.

1976 മാർച്ച് 14–ാം തീയതി കണ്ണനായക്കൽ മാണി രാജന് അഭിവന്ദ്യ മോർ യൂലിയോസ് യാക്കൂബ് (മാടപ്പാട്ട്) തിരുമേനി മഞ്ഞനിക്കര ദയറാ പള്ളിയിൽവച്ച് കോറൂയോ പട്ടം നൽകി.



*അഭിവന്ദ്യ മോർ യൂലിയോസ് യാക്കൂബ്*



*കോറൂയോ മാണി രാജൻ*

പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കൽപനപ്രകാരം 1978 ജൂലൈ 23-ാം തീയതി തൃക്കോതമംഗലം മോർ ശർബിൽ ദയറാ പള്ളിയിൽ വച്ച് കോറൂയോ മാണി രാജനെ മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവാ യൗഫദ്യക്നൊയായി പട്ടം കൊടുത്തു.



*മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവാ*
*കോറൂയോ മാണി രാജനെ യൗഫദ്യക്നൊയായി പട്ടം കൊടുത്തു*

1979-2000 കാലഘട്ടത്തിൽ ശ്രീ. എ. സി. പാപ്പച്ചൻ കൈക്കാരനായി ചുമതലകൾ നിർവ്വഹിച്ചു.

1982 മാർച്ച് 12-ാം തീയതി മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവാ ആർത്താറ്റ് സിംഹാസന പള്ളിയിൽ എഴുന്നള്ളി വിശുദ്ധ ബലി അർപ്പിച്ചു. സിംഹാസന പള്ളിയിൽ പുരുഷന്മാർ മുമ്പിലും (കിഴക്കുവശം) സ്ത്രീകൾ പിമ്പിലുമായി നിൽക്കുന്നതായിരുന്നു ആരംഭകാലം മുതലുള്ള പതിവ്. എന്നാൽ 1982ൽ പരിശുദ്ധ സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ പള്ളിയിൽ വിശുദ്ധ ബലി അർപ്പിച്ചതിനോടനുബന്ധിച്ചാണ് പുരുഷന്മാരും സ്ത്രീകളും യഥാക്രമം വടക്കു വശത്തും തെക്കുവശത്തും നിൽക്കുന്നതിന് വാക്കാൽ അനുവാദം നൽകിയത്.



മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവായ്ക്ക്
കുന്നംകുളം പട്ടണത്തിൽ സ്വീകരണം നൽകിയപ്പോൾ



മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവായ്ക്ക്
പെരുമ്പിലാവ് – ടി.എം. ഹൈസ്കൂളിൽ സ്വീകരണം നൽകിയപ്പോൾ

1984 സെപ്റ്റംബർ 30-ാം തീയതി സിംഹാസനപള്ളി വികാരിയായിരുന്ന ബ. കെ. വി. കുര്യാക്കോസ് അച്ചൻ വന്ദ്യ ബെന്യാമീൻ ശർവ്വോയോ റമ്പാന്റെ മെത്രാപ്പോലീത്ത സ്ഥാനാഭിഷേകത്തിനായി ഡമസ്കോസിലേക്കു പോയി. അതോടൊന്നിച്ച് ബ. കണ്ണനായ്ക്കൽ മാണി രാജൻ ശെമ്മാശനും പോകുകയുണ്ടായി.

1984 ഒക്ടോബർ 12-ാം തീയതി ഈ ലേഖകന് നവാഭിക്ഷിക്തനായ മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത ദമസ്കോസിലെ സെന്റ് ജോർജ് കത്തീഡ്രലിൽവച്ച് മാണി രാജന് പൂർണ്ണ ശെമ്മാശപട്ടം നൽകി.



മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത യൗഫ്ദയക്നൊ മാണി രാജന് പൂർണ്ണ ശെമ്മാശപട്ടം കൊടുക്കുന്നു

1984 ഒക്ടോബർ 14-ാം തീയതി ബ. മാണി രാജൻ ശെമ്മാശന് പരിശുദ്ധ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവാ കശ്ശീശാപട്ടം നൽകി.



പരിശുദ്ധ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവ ായുടെ 17–10–1984ലെ നമ്പർ E161/1984 ലെ കൽപനപ്രകാരം മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് തിരുമേനി കുന്നംകുളം സിംഹാസന പള്ളിയുടെ മെത്രാപ്പോലീത്തയായി നിയമിതനായി.

1984 ഡിസംബർ 2–ാം തീയതി നവാഭിഷിക്തനായ അഭിവന്ദ്യ മാർ ഒസ്താത്തിയോസ് ബെന്യാമിൻ മെത്രാപ്പോലീത്തായ്ക്ക് മാതൃദൈവാലയമായ സിംഹാസന പള്ളിയുടെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകുകയുണ്ടായി. ശ്രീ. സി. വി. ജോബ് സ്വീകരണ കമ്മറ്റിയുടെ കൺവീനറായി പ്രവർത്തിച്ചു.

1976–1988 കാലഘട്ടത്തിൽ ശ്രീ. പി. സി. ജോർജ്ജ് (കുട്ടിയപ്പു) കബറിങ്കൽ ട്രസ്റ്റിയായി ചുമതലകൾ നിർവ്വഹിച്ചു. 1988 മുതൽ ശ്രീ. വി. ജോർജ്ജ് ജോബ് (വിനയൻ) കബറിങ്കൽ ട്രസ്റ്റിയായി സേവനം അനുഷ്ഠിക്കുന്നു.

1990 മാർച്ച് 24–ാം തീയതി മോർ ഒസ്താത്തിയോസ് കമ്മ്യൂണിറ്റി ഹാളിന്റെ ശിലാസ്ഥാപനം മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. മോർ ഒസ്താത്തിയോസ് കുരിശ്, ചാപ്പൽ, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നിർമ്മാണത്തിൽ സ്തുത്യർഹമായ സേവനം നിർവ്വഹിച്ചവരാണ് ബഹുമാനപ്പെട്ട കോമയിൽ കെ. വി. ജോൺ അച്ചനും ശ്രീ. സി. സി. എം. സഖറിയയും.


ബ. കെ. വി. ജോൺ
കോമയിൽ അച്ചൻ


ശ്രീ. സി. എം. സഖറിയ

1990 മാർച്ച് 25–ാം തീയതി പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ ഡയമണ്ട് ജൂബിലി സുവനീർ പ്രസിദ്ധീകരിച്ചു. ഇതുകൂടാതെ 60–ാം ഓർമ്മപ്പെരുന്നാളിനോട

നുബന്ധിച്ച് ശ്രീ. വി. സി. സണ്ണി (പീപ്പിൾസ്) 'നീതിമാന്റെ ഓർമ്മയ്ക്ക്' എന്ന പേരിൽ രചിച്ച് പ്രസിദ്ധീകരിച്ച് ഓഡിയോ കാസറ്റ് ബാവായുടെ കുന്നംകുളത്തെ ജീവിത കാലഘട്ടത്തിലെ നിരവധി സംഭവങ്ങൾ വിവരിക്കുന്ന ഒരു ചരിത്ര സംഗ്രഹംകൂടെയാണ്. ആ കാലഘട്ടത്തിൽ ബ. കോമയിൽ കെ. വി. ജോൺ അച്ചൻ വികാരിയായിരുന്നു. ഈ കാസറ്റിന്റെ റിക്കാർഡിംഗിന് ഏറെ സഹായിച്ച മറ്റൊരു വ്യക്തിയാണ് കുളനട ബ. ജയിംസ് ജോർജ്ജ് ശെമ്മാശൻ (പിന്നീട് ബ. ജോർജ്ജ് ജയിംസ് അച്ചൻ). ഇദ്ദേഹം 1989-91 കാലഘട്ടത്തിൽ സിംഹാസന പള്ളിയിൽ താമസിച്ച് വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



ശ്രീ. സണ്ണി പീപ്പിൾസ്



ബ. ജോർജ്ജ് ജയിംസ് അച്ചൻ

1990 ഡിസംബർ 22-ാം തിയതി പരിശുദ്ധ പാത്രിയർക്കീസ് ബാവാ ബ: കുരിയാക്കോസച്ചനെ ദമസ്ക്കോസിലെ സെന്റ് ജോർജ്ജ് കത്തിഡ്രലിൽവച്ച് റമ്പാച്ചനാക്കി. 1998 സെപ്റ്റംബർ 27-ാം തീയതി ദമസ്ക്കോസിലെ മാറത്ത് സെയ്ദ്നായ സെന്റ് പീറ്റേഴ്സ് സെന്റ് പോൾസ് കത്തീഡ്രലിൽ വച്ച് മോർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.

1992 മാർച്ച് മാസത്തിൽ മോർ ഒസ്താത്തിയോസ് ബെന്യമിൻ ജോസഫ് മെത്രാപ്പോലീത്ത പെലക്കാട്ട്പയ്യൂർ മോർ ഒസ്താത്തിയോസ് കുരിശുപള്ളി കൂദാശ ചെയ്തു.

1995 മാർച്ചിൽ ആർത്താറ്റ് സിംഹാസന പള്ളിയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് (1920-1995) മോർ ഒസ്താത്തിയോസ് സിംഹാസന ചാപ്പലും കമ്യൂണിറ്റി ഹോളും മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത കൂദാശ ചെയ്തു.






*1995ൽ സിംഹാസനപള്ളിയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മോർ ഒസ്താത്തിയോസ് കമ്മ്യൂണിറ്റി ഹാളും ചാപ്പലും കൂദാശ ചെയ്യുന്നു.*



പെലക്കാട്ട്പയ്യൂർ മോർ ഒസ്താത്തിയോസ് കുരിശുപള്ളി

1997 ആഗസ്റ്റ് 17-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ തിരുമേനി മോർ ഒസ്ത്താത്തിയോസ് ചാപ്പലിൽവച്ച് സ്ലീബാ ജോർജ്ജ്, നിജോ പി. തമ്പി എന്നിവർക്ക് കോറൂയോ പട്ടം നൽകി.



1997 ആഗസ്റ്റ് 17-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ തിരുമേനി മോർ ഒസ്ത്താത്തിയോസ് ചാപ്പലിൽവച്ച് സ്ലീബാ ജോർജ്ജ്, നിജോ പി. തമ്പി എന്നിവർക്ക് കോറൂയോ പട്ടം നൽകി

1998 ഓഗസ്റ്റ് 23-ാം തീയതി കൊള്ളന്നൂർ ശ്രീ. വിൽസൺ മാസ്റ്റർ സംഭാവന ചെയ്ത സ്ഥലത്ത് അകതിയൂർ സെന്റ് ജോർജ്ജ് സിറിയൻ സിംഹാസന ചാപ്പലിന്

അഭിവന്ദ്യ മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത ശിലാസ്ഥാപനം നടത്തുകുയും 2001 മെയ് 6–ാം തീയതി കൂദാശ ചെയ്യുകയും ചെയ്തു.




*അകതിയൂർ സെന്റ് ജോർജ്ജ് സിറിയൻ സിംഹാസന ചാപ്പൽ*

2000 മെയ് 12–ാം തീയതി മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവാ ബ. മാണി രാജൻ അച്ചന് ദമസ്കോസിലെ പാത്രിയർക്കാ അരമനയിൽവച്ച് കുരിശുമാല നൽകി.



*മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവാ ബ. മാണി രാജൻ അച്ചന് കുരിശുമാല നൽകുന്നു.*

2002 ജനുവരി 20-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യമിൻ ജോസഫ് മെത്രാപ്പോലീത്ത പാഴോട്ടുമുറി സെന്റ് മേരീസ് കുരിശുപള്ളി കൂദാശ ചെയ്തു.

2003ൽ തെക്ക് വശത്തെ മദ്ബഹായുടെ മേൽക്കൂര റിപ്പയർ ചെയ്തു.

2003 മാർച്ച് 23-ാം തീയതി ബാവായുടെ അടിയന്തിരത്തിന് മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് തിരുമേനിയുടെ പ്രത്യേക താൽപര്യപ്രകാരം വിശുദ്ധ ഒമ്പതിന്മേൽ കുർബ്ബാന അർപ്പിക്കുകയുണ്ടായി.



പാഴോട്ടുമുറി സെന്റ് മേരീസ് കുരിശുപള്ളി



പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചു
വിശുദ്ധ ഒമ്പതിന്മേൽ കുർബ്ബാന

2003 മാർച്ച് 22-ാം തീയതി നവാഭിഷിക്തരായ തിരുമേനിമാർക്കും ശ്രേഷ്ഠ കാതോലിക്ക മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായ്ക്കും കുന്നംകുളം സിംഹാസന പള്ളിയുടെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. കുന്നംകുളം പട്ടണത്തിൽനിന്ന് ഹംസരഥത്തിൽ പിതാക്കന്മാരെ സിംഹാസന പള്ളിയിലേക്ക് ആനയിച്ചു.



*നവാഭിക്ഷിക്തരായ അഭിവന്ദ്യ തിരുമേനിമാർക്കു നൽകിയ സ്വീകരണ രഥഘോഷയാത്ര*

2003ൽ പള്ളിയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് വലിയ വാഹനങ്ങൾ പള്ളി പറമ്പിൽ കയറക്കത്തക്കവിധം 15 അടി വീതിയിൽ ഗേറ്റ് പണിതു. ഇതേത്തുടർന്ന് മെത്രാൻകക്ഷികൾ ഗേറ്റ് പണിതതിന് എതിരെ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജ്ജി കോടതി തള്ളി ഉത്തരവായി.

2003–2004 കാലഘട്ടത്തിൽ സിംഹാസനപള്ളിയുടെ ഭരണം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനുവേണ്ടി ബ. ഡോ. കെ. മാണി രാജൻ അച്ചൻ മാർഗ്ഗനിർദ്ദേശ രേഖ തയ്യാറാക്കി.

2004 ഫെബ്രുവരി 18–ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത കോറൂയോ നിജോ പി. തമ്പിക്ക് പൂർണ്ണ ശെമ്മാശപട്ടം നൽകി.



*മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്ത*
*ബ. കോറൂയോ നിജോ പി. തമ്പിക്ക് പൂർണ്ണശെമ്മാശപട്ടം നൽകുന്നു*

01-04-2004 മാസവരി പുതുക്കി നിശ്ചയിച്ചു.

2004 ഏപ്രിൽ 8-ാം തീയതി അഭിവന്ദ്യ മോർ ഒസ്താത്തിയോസ് ബെന്യാമീൻ ജോസഫ് മെത്രാപ്പോലീത്താ സിംഹാസനപള്ളിയിൽ കാൽകഴുകൽ ശുശ്രൂഷ നിർവ്വഹിച്ചു.

2004 മെയ് 30-ാം തീയതി അഭിവന്ദ്യ മോർ ഒസ്താത്തിയോസ് ബെന്യാമീൻ ജോസഫ് മെത്രാപ്പോലീത്തായുടെ അനുവാദത്തോടെ ബഹുമാനപ്പെട്ട (ഡോ.) മാണി രാജൻ അച്ചൻ ക്രമീകരിച്ച '*നിദ്രപ്രാപിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ക്രമങ്ങളും*' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു.

2004 ജൂൺ 17-ാം അഭിവന്ദ്യ മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്താ കാലംചെയ്തു.

2004 ജൂലൈ 26-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് സാഖാ ഒന്നാമൻ ബാവായുടെ No. E 189 / 2004 കൽപനപ്രകാരം മോർ യൂലിയോസ് കുര്യാക്കോസ് തിരുമേനിയെ സിംഹാസനപള്ളികളുടെ മെത്രാപ്പോലീത്തയായും മോർ ദിവന്നാസ്യോസ് ഗീവർഗ്ഗീസ് തിരുമേനിയെ സഹായ മെത്രാപ്പോലീത്തയായും നിയമിച്ചു.

2004 ഓഗസ്റ്റ് 4-ാം തീയതി പള്ളി വികാരി റവ. ഫാ. ഗീവർഗ്ഗീസ് കോനാത്ത്, ഡീക്കൻ സ്ലീബാ ജോർജ്ജ്, മോർ യൂലിയോസ് കുര്യാക്കോസ്, മോർ ഒസ്താത്തിയോസ് ബെന്യാമീൻ ജോസഫ് എന്നിവർക്കെതിരെ ശ്രീ. സി.എം. ചേറു നൽകിയ മാനനഷ്ട കേസ് തൃശ്ശൂർ മുൻസിഫ് കോടതി തള്ളി ഉത്തരവായി. പിന്നീട് O. S. No. 204/2007 കേസും തള്ളി ഉത്തരവായി.

2004 ഓഗസ്റ്റ് 14-ാം തീയതി ബ. നിജോ പി. തമ്പി ശെമ്മാശനെ മഞ്ഞിനിക്കര മോർ ഇഗ്നാത്തിയോസ് ദയറാ പള്ളിയിൽവച്ച് അഭിവന്ദ്യ മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്താ കശ്ശീശ പട്ടം നൽകി.

2004 ഓഗസ്റ്റ് 24-ാം തീയതി പരിശുദ്ധ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവായുടെ E219/04 നമ്പർ കൽപനപ്രകാരം മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ്



*അഭിവന്ദ്യ മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്താ ബ. നിജോ പി. തമ്പി ശെമ്മാശനെ കശ്ശീശ പട്ടം നൽകിയപ്പോൾ*

തിരുമേനിയുടെ ഭരണത്തിൽ ഇരുന്ന സിംഹാസനപള്ളിയുടെയും സ്ഥാപനങ്ങളുടെയും ഭരണപരമായ കാര്യനിർവ്വഹണത്തിനായി മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായെ നിയമിച്ചു.

2005 ലെ പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ 75-ാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവാ E56/05 നമ്പർ കൽപന അയയ്ക്കുകയുണ്ടായി. പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവായെ സംബന്ധിച്ച് അദ്ദേഹം ഒരു വിശ്വാസ സംരക്ഷകനായിരുന്നുവെന്നും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്നുവെന്നും അദ്ദേഹത്തിന്റെ മാതൃക പിന്തുടരണമെന്നും പരിശുദ്ധ അന്ത്യോഖ്യാ സുറിയാനി ഓർത്തഡോക്സ് സഭയുടെ സത്യവിശ്വാസത്തിലും ഉറച്ച്നിന്ന് ദൈവത്തെ മഹത്വപ്പെടുത്തണമെന്നും ഉദ്ബോധിപ്പിച്ചിരുന്നു.

2005 മാർച്ച് 24-ാം തീയതി അഭിവന്ദ്യ മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്താ സിംഹാസന പള്ളിയിൽ കാൽകഴുകൽ ശുശ്രൂഷ നിർവ്വഹിച്ചു.

2005 ജൂൺ 10-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് സാഖാ ഒന്നാമൻ ബാവായുടെ No. E 195 / 2005 കൽപന പ്രകാരം മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്താ ബ. സ്ലീബാ ജോർജ്ജ് ശെമ്മാശന് പെരുമ്പള്ളി സെന്റ് ജോർജ്ജ് സിംഹാസനപള്ളിയിൽവച്ച് 2005 ഡിസംബർ 30-ാം തീയതി കശ്ശീശ പട്ടം നൽകി.



മോർ യൂലിയോസ് കുര്യക്കോസ് തിരുമേനി ബ. സ്ലീബാ ശെമ്മാശന് കശ്ശീശാ സ്ഥാനം നൽകുന്നു

2006ൽ പള്ളി ഓഫീസ് നവീകരിക്കുന്നതിന്റെ ഭാഗമായി കംപ്യൂട്ടർ, പ്രിന്റർ എന്നിവ ക്രമീകരിച്ചു. ഒരു തുടക്കം എന്ന നിലയിൽ ശ്രീ. ജോർജ്ജ് സി. പോൾ കംപ്യൂട്ടർ സൗജന്യമായി നൽകുകയുണ്ടായി.

2006ൽ സഹവികാരിയായിരുന്ന (2001-2006) ബ. യൽദോ വർഗ്ഗീസ് അച്ചന് യാത്രയയപ്പ് നൽകി.

2006ലെ മോർ യൂലിയോസ് കുര്യാക്കോസ് തിരുമേനിയുടെ No. 28/06 കൽപനപ്രകാരം പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ മാസപ്പെരുന്നാൾ ആചരിക്കുന്നതിന് കൽപനയായി.

2006 മാർച്ച് 18-ാം തീയതി ബ. സ്ലീബാ ജോർജ്ജ് അച്ചന് കുന്നംകുളം സിംഹാസന പള്ളിയുടെ സഹവികാരി യായി നിയമിച്ചു.

2007ൽ കുടുംബ യൂണിറ്റുകൾ ആരംഭിച്ചു. കുടുംബ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ പ്രാർത്ഥനായോഗങ്ങളും വാർഷിക കുടുംബസംഗമവും നടത്തിവരുന്നു. കുടുംബ സംഗമത്തോടനുബന്ധിച്ച് നടത്തിവന്നിരുന്ന മത്സരഇനങ്ങൾ 2019 മുതൽ നിർത്തലാക്കി.

2007ൽ സിംഹാസന പള്ളിയുടെ മദ്ബഹായും ത്രോ ണോസുകളും ഒരു അടി ഉയർത്തുകയും തറ ഗ്രാനൈറ്റ് ഇട്ട് നവീകരിക്കുകയും അഴിക്കകം പ്രത്യേകം വേർതിരിക്കുകയും ഭിത്തിയിലെ പാനലിംഗ് ജോലികൾ പൂർത്തീകരിക്കുകയും ചെയ്തു.

2007 മാർച്ച് 24-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമീൻ ജോസഫ് മെത്രാപ്പോലീത്തായുടെ സ്മര ണിക (d. 2004) 'Zeolot of the Throne of Antioch' – ആദ്യപ്രതി മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായ്ക്ക് നൽകിക്കൊണ്ട് മോർ ഒസ്താത്തിയോസ് പത്രോസ് മെത്രാ പ്പോലീത്ത പ്രകാശനം ചെയ്തു.

2007 നവംബർ 7-ാം തീയതിയിലെ പരിശുദ്ധ പാത്രി യർക്കീസ് സാഖാ ഒന്നാമൻ ബാവായുടെ E357/07 നമ്പർ കൽപനപ്രകാരം മോർ യൂലിയോസ് കുര്യാക്കോസ് മെത്രാ പ്പോലീത്തായുടെ പ്രായവും അനാരോഗ്യവും പരിഗണിച്ച് മോർ അത്താനാസ്യോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്തായെ കുന്നംകുളം സിംഹാസനപള്ളിയുടെ സഹായ മെത്രാനായി നിയമിച്ചു.

2007ൽ മുഖവാരവും പടിഞ്ഞാറേ മേൽക്കൂരയും ചേരുന്നിടത്ത് ചോർച്ച നീക്കുന്നതിനായി പുതുക്കി പണി യുകയും മുകൾഭാഗം രൂപഭേദം വരുത്തുകയും ചെയ്തു.

2008 ജൂലൈ 17-ാം തീയതിയിലെ പരിശുദ്ധ പാത്രി യർക്കീസ് സാഖാ ഒന്നാമൻ ബാവായുടെ No. EE 473 / 2008 കൽപനപ്രകാരം പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ പേര് കുന്നംകുളം സിംഹാസന പള്ളിയിൽ അഞ്ചാം തുബ്ദേ നിൽ ഓർക്കുന്നതിന് കൽപനയായി.

2008 ഓഗസ്റ്റ് 17–ാം തീയതി വൈദിക വസതിയുടെ കട്ടിളവെപ്പ് നടന്നു. വൈദിക വസതിയുടെ നിർമ്മാണത്തിനുള്ള ധനശേഖരണാർത്ഥം നടത്തിയ കൂപ്പണിന്റെ നറുക്കെടുപ്പ് 2008 ഡിസംബർ 25–ാം തീയതി നടന്നു.

2008 സെപ്റ്റംബർ 26–ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് സാഖാ ഒന്നാമൻ ബാവായുടെ No. E 203 / 2008 കൽപനപ്രകാരം പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ പേര് മലങ്കരയിലെ എല്ലാ പള്ളികളിലും അഞ്ചാം തുബ്ദേനിൽ ഓർക്കുന്നതിന് കൽപനയായി.

2008 ഒക്ടോബർ 8–ാം തീയതി മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്തയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി (1958–2008) ആർത്താറ്റ് സിംഹാസന പള്ളിയിൽ ആഘോഷിച്ചു. പരിശുദ്ധ പാത്രിയർക്കീസ് സാഖാ ഒന്നാമൻ ബാവായുടെ 2008 ഒക്ടോബർ നാലാം തീയതിയിലെ E207/08 നമ്പർ ആശംസ കൽപന സമ്മേളനത്തിൽ വായിക്കുകയുണ്ടായി. ജൂബിലി സമ്മേളനത്തിൽ മോർ തിമൊത്തിയോസ് തോമസ് മെത്രാപ്പോലീത്ത, മോർ ദിവന്നാസ്യോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്ത, കമാണ്ടർ റ്റി. യു. കുരുവിള, ശ്രീ. കെ. പി. വിശ്വനാഥൻ എന്നിവർ ആശംസകൾ നേരുകയും വിവിധ ആത്മീയ സംഘടനകൾ ഉപഹാരങ്ങൾ സമർപ്പിക്കുകയും ചെയ്തു.




*മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്തയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി (1958–2008)*




*മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്തയുടെ*
*പൗരോഹിത്യ സുവർണ്ണ ജൂബിലി (1958–2008)*



2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് സാഖാ ഒന്നാമൻ ബാവായുടെ No. E 27 / 2009 കൽപനപ്രകാരം ബ. മാണി രാജൻ അച്ചന് 2009 മെയ് 24-ാം തീയതി കോർ എപ്പിസ്കോപ്പ സ്ഥാനം നൽകുകയും പൗരോഹിത്യ സിൽവർ ജൂബിലി (1984-2009) ആശംസകൾ അർപ്പിക്കുകയും ചെയ്തു.



*ബ. മാണി രാജൻ അച്ചന് പൗരോഹിത്യ സിൽവർ ജൂബിലിയോടനുബന്ധിച്ച് (1984-2009) കോർഎപ്പിസ്കോപ്പ സ്ഥാനം നൽകുന്നു*

2009 മെയ് മാസം 24-ാം തീയതി വൈദികർക്കു താമസിക്കുന്നവർക്കുവേണ്ടി പാഴ്സനേജ് പണി പൂർത്തിയാക്കി മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത കൂദാശ ചെയ്തു.

2010 ജനുവരിയിൽ മാസവരി പുതുക്കി നിശ്ചയിച്ചു.

2010 മാർച്ച് 4-ാം തീയതി മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ No. 06/ 2010 കൽപന പ്രകാരം ബഹുമാനപ്പെട്ട പൗലോസ് മത്തായിയെ (റവ. ഫാ. സിജി മാത്യു) ഏപ്രിൽ 5-ാം തീയതി മുതൽ സിംഹാസന പള്ളിയിലേക്ക് നിയമിച്ചു. തിരുമേനിയുടെ 2010 ജൂലൈ 12-ാം തീയതിയിലെ No. 36/ 2010 കൽപനപ്രകാരം സിംഹാസനപള്ളിയിലെ സഹവികാരിയായി നിയമിച്ചു.

2010 ജൂലൈ 12-ാം തീയതി മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ കൽപനപ്രകാരം *കീർത്തനമാല* പ്രസിദ്ധീകരിച്ചു.

2010 ഓഗസ്റ്റ് 15–ാം തീയതി മോർ അത്താനാസ്യോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പള്ളിയകത്ത് വലിയ നിലവിളക്ക് സ്ഥാപിച്ച് തിരി തെളിയിച്ചു.

2010 ഒക്ടോബർ 8–ാം തീയതി മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്താ സെമിത്തേരിയിൽ വലിയ കൽക്കുരിശ് സ്ഥാപിച്ച് പ്രാർത്ഥന നടത്തി.

2011 ഏപ്രിൽ 14ന് പരിശുദ്ധ പാത്രിയർക്കീസ് സാഖാ ഒന്നാമൻ ബാവായുടെ കൽപന No. E 111/ 11 പ്രകാരം മോർ അത്താനാസ്യോസ് ഗീവർഗ്ഗീസ് തിരുമേനിയെ കുന്നംകുളം സിംഹാസനപള്ളിയുടെ മെത്രാപ്പോലീത്തയായി നിയമിച്ചു.

2011 മെയ് 27–ാം തീയതിയിലെ മോർ അത്താനാസ്യോസ് ഗീവർഗ്ഗീസ് തിരുമേനിയുടെ No. SM/042/2011 കൽപനപ്രകാരം ബ. നിജോ പി. തമ്പി അച്ചനെ വികാരിയായി നിയമിച്ചു.

2011 ജൂൺ മുതൽ 2017 മെയ് മാസം വരെ വികാരിയായി സേവനം അനുഷ്ഠിച്ച റവ. ഫാ. നിജോ പി. തമ്പിക്ക് 2017 ജൂൺ 14–ാം തീയതി യാത്രയയപ്പ് നൽകി.

2011ൽ തെക്കുവശത്തെ പള്ളിക്കെട്ടിടത്തിന്റെ മേൽക്കൂര കേടു പോക്കുകയും ഊട്ടുപുരയ്ക്ക് സമീപം പുതിയ ജലസംഭരണി നിർമ്മിക്കുകയും ചെയ്തു. 2011 ഏപ്രിൽ 9–ാം തീയതി മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത കാലം ചെയ്തു.

2012 ഏപ്രിൽ 15–ാം തീയതി പുണ്യശ്ലോകനായ മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ സ്മരണിക – 'അന്ത്യോഖ്യാ സിംഹാസനത്തിന്റെ കാവൽ ഭടൻ' പ്രസിദ്ധീകരിച്ചു.

2013 ഒക്ടോബർ 9–ാം തീയതി ഊട്ടുപുരയുടെ പുനർനിർമ്മാണത്തിന് അഭിവന്ദ്യ മോർ അത്താനാസിയോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്ത ശിലാസ്ഥാപനം നടത്തി.

2014 മാർച്ച് 21–ാം തീയതി മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഒന്നാമൻ ബാവാ കാലം ചെയ്തു.

2014 ഒക്ടോബർ 8–ാം തീയതി പുനർനിർമ്മിച്ച ഊട്ടുപുരയുടെ കൂദാശ അഭിവന്ദ്യ മോർ അത്താനാസിയോസ്

ഗീവർഗ്ഗീസ് മെത്രാപ്പോലീത്ത നിർവ്വഹിക്കുകയും ഇരുനില കെട്ടിടത്തിന് Patriarch Moran Zakka I Memorial Building എന്ന നാമാകരണം ചെയ്യുകയും ചെയ്തു.

2015 ജനുവരിയിൽ മാസവരി പുതുക്കി നിശ്ചയിച്ചു

2015 ഫെബ്രുവരി 11-ാം തീയതി പരിശുദ്ധ ഇഗ്നാത്തി യോസ് അഫ്രേം രണ്ടാമൻ ബാവായ്ക്ക് ആർത്താറ്റ്-കുന്നംകുളം സിംഹാസനപള്ളിയിൽ സ്വീകരണം നൽകുകയുണ്ടായി.




പരിശുദ്ധ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ ബാവായുടെ സ്വീകരണം



പരിശുദ്ധ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ ബാവായുടെ സ്വീകരണം



പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ കബറിങ്കൽ
പരിശുദ്ധ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ ബാവാ ധൂപ പ്രാർത്ഥന നടത്തുന്നു



പരിശുദ്ധ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ ബാവാ പള്ളി ആരാധകരെ ആശീർവദിക്കുന്നു



പരിശുദ്ധ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ ബാവാ തിരികെ എഴുന്നെള്ളുന്നു



2016 ഫെബ്രുവരിയിലെ പരിശുദ്ധ പാത്രിയർക്കീസ് അഫ്രേം രണ്ടാമൻ ബാവായുടെ കൽപന No.EI 20/2016 കൽപനപ്രകാരം സിംഹാസനപള്ളിയുടെ ഭരണം ഭൂമിശാസ്ത്ര പരമായി പുനർ ക്രമീകരിച്ചു. എറണാകുളം ജില്ലയിലെയും അതിനു വടക്കുള്ള കേരളത്തിലെ എല്ലാ ജില്ലകളിലെയും സിംഹാസനപള്ളികളുടെയും സ്ഥാപനകളുടെയും ചുമതല മലേക്കുരിശ് ദയറാ തലവനായ മോർ ദിയോസ്കോറോസ് കുര്യാക്കോസ് തിരുമേനിക്കും കോട്ടയം – ഇടുക്കി ജില്ല കളുടെയും അതിനു തെക്കുള്ള എല്ലാ ജില്ലകളുടെയും ചുമതല മഞ്ഞനിക്കര ദയറാ തലവനായ മോർ അത്തനാസ്യോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്തായ്ക്ക് നൽകി. മോർ ദിവന്നാസ്യോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്ത പിറമാടം ദയറാ, പാമ്പാടി സെന്റ് ഏലിയാസ് മൂന്നാമൻ ദയറാ, ചെന്നൈയിലെ സെന്റ് ഏലിയാസ് സിറിയൻ സിംഹാസനപള്ളി എന്നിവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് കൽപനയായി.

2016 സെപ്റ്റംബർ 28–ാം തീയതിയിലെ മോർ ദിയസ്കോറോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ No.S. 47/2016 കൽപനപ്രകാരം 2016 ഒക്ടോബർ മുതൽ സിംഹാസനപള്ളിയിലെ വൈദികരുടെ ഏകീകൃത ശമ്പളം നിലവിൽ വന്നു.

2016 നവംബർ 13–ാം തീയതി മരത്തങ്കോട് കോലാനി ഐപ്പ് മകൻ ഉക്രുവിന്റെ ഭവനത്തിൽ സൂക്ഷിച്ചിരുന്ന മോറാൻ ഏലിയാസ് തൃതീയൻ ബാവായുടെ തിരുശേഷിപ്പ് അഭിവന്ദ്യ മോർ ദിയസ്കോറോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത സിംഹാസന പള്ളിയിലേക്ക് കൊണ്ടുവന്നു.

2016ലെ മോർ ദിയസ്കോറോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ No.S. 55/2016 കൽപനപ്രകാരം യശശരീരനായ ശ്രീ. കെ. വി. തോമസ് മാസ്റ്ററിനുപകരം ശ്രീ. സുനീഷ് കെ. തോമസിനെ മോർ യൂലിയോസ് ഹാളിന്റെയും മോർ ഒസ്താത്തിയോസ് ഹാളിന്റെയും മോർ യൂലിയോസ് ഹാളിന്റെ മുൻവശത്തുള്ള മോർ തോമാശ്ലീഹാ സ്മാരക കുരിശിന്റെയും സെക്രട്ടറിയായും നിയമിച്ചു.

2017 ഡിസംബർ 30–ാം തീയതിയിലെ മോർ ദിയസ്കോറോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ No.S.

22/2017 കൽപനപ്രകാരം റവ. ഫാ. സിജി മാത്യുവിനെ സിംഹാസനപള്ളിയുടെ വികാരിയായും റവ. ഫാ. ജയ്മോൻ കശ്ശീശയെ സഹവികാരിയായി നിയമിച്ചു.

2018 ഫെബ്രുവരി 24–ാം തീയതിയിലെ മോർ ദിയസ് കോറോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ No.S. 10/2018 കൽപനപ്രകാരം റവ. ഫാ. പുലിക്കോട്ടിൽ ജേക്കബ് ജയേഷ് അച്ചനെ പാറയിൽ സെന്റ് തോമസ് സിംഹാസന ചാപ്പലിലേക്ക് 2018 മാർച്ച് 1–ാം തീയതി മുതൽ നിയമിച്ചു.

2015ൽ ആർത്താറ്റ് സിംഹാസന പള്ളിയിലെ ആരാധകരുടെ ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു. ആയത് 2018 മാർച്ചിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ പ്രസിദ്ധീകരണത്തിനുവേണ്ടി ഏറെ അദ്ധ്വാനിച്ച ശ്രീ. വി. ഐ. റെന്നിയുടെ സേവനം സ്മരണീയമാണ്.

2018 മാർച്ച് 16–ാം തീയതി പുതുക്കിപ്പണിത പാറയിൽ സെന്റ് തോമസ് സിറിയൻ സിംഹാസന ചാപ്പലിന്റെ കൂദാശ മോർ ദിയസ്കോറോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ച്. അതോടനുബന്ധിച്ച് പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ തിരുശേഷിപ്പ് ചാപ്പലിന്റെ വടക്കു–കിഴക്കുവശത്തായി സ്ഥാപിച്ചു.

2018 ജൂൺ 26–ാം തീയതിയിലെ മോർ ദിയസ്കോറോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ No.S. 26/2018 കൽപനപ്രകാരം റവ. ഫാ. ജിബിൻ ചാക്കോ അച്ചനെ സിംഹാസനപള്ളിയുടെ സഹവികാരിയായി 2018 ജൂലൈ 1–ാം തീയതി മുതൽ നിയമിച്ചു.

2019 ഏപ്രിൽ 25–ാം തീയതി മോർ തിമൊത്തിയോസ് അഫ്രേം ആബൂദി മെത്രാപ്പോലീത്ത കാലംചെയ്തു.

2020 ജനുവരിയിൽ മാസവരി പുതുക്കി നിശ്ചയിച്ചു.

2020 മാർച്ച് 10–ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെമ്മോറിയൽ ട്രസ്റ്റ് (M.O.B.J.M. Trust) രജിസ്റ്റർ ചെയ്തു.

2020 മാർച്ച് 23-ാം തീയതി കോവിഡ് - 19 മൂലമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ പരിമിതമായി മാത്രമേ നടത്തുവാൻ സാധിച്ചുള്ളു.

2020 ഒക്ടോബർ 7-ാം തീയതി മുതൽ പെലക്കാട്ടുപയ്യൂർ വെള്ളറ ജോർജ്ജിന്റെ ഭവനത്തിൽ സൂക്ഷിച്ചിരുന്ന വിശുദ്ധ ദൈവമാതാവിന്റെ ചിത്രത്തിൽനിന്ന് എണ്ണ ഒഴുകുകയും ആ ചിത്രം 8-ാം തീയതി മോർ ദിയസ്കോറോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ സിംഹാസനപള്ളി യിൽ കൊണ്ടുവരികയും ഏതാനും ദിവസങ്ങൾക്കുശേഷം പള്ളിയുടെ വടക്കു-കിഴക്കേ ഭിത്തിയിൽ ഒരു പേടകത്തിൽ സ്ഥാപിക്കുകയും ചെയ്തു.

2020 ഒക്ടോബർ 9-ാം തീയതി മോർ ദിയസ്കോ റോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന അർപ്പിക്കപ്പെട്ടു (ശിലാസ്ഥാപന ശതാബ്ദി - 1920-2020).



*വിശുദ്ധ ദൈവമാതാവിന്റെ എണ്ണ ഒഴുകിയ ചിത്രം പേടകത്തിൽ സൂക്ഷിച്ചിരിക്കുന്നു*

# ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളിയുടെ സ്ഥാപനകാലം മുതൽ

## ശുശ്രൂഷിച്ച ബഹുമാനപ്പെട്ട വികാരിമാരും സഹവികാരിമാരും

## 1. റവ. ഫാ. മാത്യു വി. ചെറുവത്തൂർ (1920–1923)

ചെറുവത്തൂർ മാത്തു കത്തനാർ 1854ൽ ജനിച്ചു. 1920ൽ (1095 മേടം 9) ആർത്താറ്റ് സിംഹാസന പള്ളി സ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയവരിൽ ഒന്നാമത്തെ പേരുകാരൻ (Ext. D5). ഈ അപേക്ഷ സർക്കാർ നിരസിച്ചതിനാൽ 1920 ജൂലൈ 21–ാം തീയതി കൊച്ചി ദിവാൻ പേഷ്കാർ അവർകൾക്ക് ഒരു പുനഃപരിശോധന ഹർജി നൽകുകയുണ്ടായി. ടി. ഹർജിയിലും ബ. ചെറുവത്തൂർ മാത്തു കത്തനാർ ഹർജിക്കാരനാണ് (Ext. D 102). 1920ൽ കൊച്ചി ചീഫ് കോടതിയിൽ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തെ പൗരോഹിത്യത്തിന്റെ ഉറവയായി അംഗീകരിക്കുന്നവർക്ക് ആരാധനയ്ക്ക് സൗകര്യം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17/1095 നമ്പർ കേസിലെ ഒന്നാം നമ്പർ ഹർജിക്കാരനാണ് ബ. മാത്തു കത്തനാർ (Ext. D 160). പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ 1923 കുംഭം 9–ാം തീയതിയിലെ 96–ാം നമ്പർ കൽപന പ്രകാരം ചെറുവത്തൂർ മാത്തു കത്തനാർ നിര്യാതനായാൽ വിശുദ്ധ മദ്ബഹായുടെ വടക്കുവശത്ത് കബറടക്കണമെന്ന് കൽപിച്ചിരുന്നു. **ബ. ചെറുവത്തൂർ മാത്തു കത്തനാർ 1920–1923 കാലഘട്ടത്തിൽ ആർത്താറ്റ് സിംഹാസനപ്പള്ളിയുടെ വികാരിയായി സേവനം അനുഷ്ഠിച്ചു.** തന്റെ 69–ാം വയസ്സിൽ 1923 ഫെബ്രുവരി 24–ാം തീയതി നിര്യാതനായി. സിംഹാസനപള്ളിയുടെ വിശുദ്ധ മദ്ബഹായുടെ തൊട്ടടുത്ത് വടക്കുവശത്ത് കബറടക്കി.



*റവ. ഫാ. മാത്യു വി. ചെറുവത്തൂർ*

## 2. റവ. ഫാ. ചെന്നക്കാട്ട് പത്രോസ് കത്തനാർ, കോലഞ്ചേരി (1923–1926)

കോലഞ്ചേരി ചെന്നക്കാട്ട് പൈലിയുടെ മകനായ പത്രോസ് 1892 മെയ് 30–ാം തീയതി ജനിച്ചു. പരിശുദ്ധനായ മോർ കൂറിലോസ് പൗലോസ് മെത്രാപ്പോലീത്തായിൽനിന്നും 1912 ജനുവരി



*ബ. ചെന്നക്കാട്ട് പത്രോസ് കത്തനാർ*

17-ാം തീയതി കശ്ശീശാപട്ടം സ്വീകരിച്ചു. പരിശുദ്ധനായ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ സെക്രട്ടറിയായും 1923-26 കാലഘട്ടത്തിൽ കുന്നംകുളം സിംഹാസന പള്ളിയുടെ വികാരിയായും സേവനമനുഷ്ഠിച്ചു. 1959 ജനുവരി 9-ാം തീയതി നിര്യാതനായി കോലഞ്ചേരി പള്ളിയിൽ കബറടക്കി.

### 3. റവ. ഫാ. ചാലപ്പുറത്ത് ഗീവർഗ്ഗീസ് കത്തനാർ, മുളന്തുരുത്തി (1927-28)


*ബ. ചാലപ്പുറത്ത് ഗീവർഗ്ഗീസ് കത്തനാർ*

മുളന്തുരുത്തി ചാലപ്പുറത്ത് ഗീവർഗ്ഗീസ് 1905 ആഗസ്റ്റ് 11-ാം തീയതി ജനിച്ചു. 1927 നവംബർ മാസം 11-ാം തീയതി വൈദികനായി. കുന്നംകുളം സിംഹാസന പള്ളിയിൽ ഏതാനും മാസങ്ങൾ ശുശ്രൂഷകൾ നിർവ്വഹിച്ചു. 1974 ആഗസ്റ്റ് 7-ാം തീയതി നിര്യാതനായി കാരിക്കോട് സെന്റ് മേരീസ് പള്ളിയിൽ കബറടക്കി.

### 4. റവ. ഫാ. ചെറുവത്തൂർ ഐപ്പ് മത്തായി കത്തനാർ (1926-1959)

പെങ്ങാമുക്ക് ചെറുവത്തൂർ വീട്ടിൽ ഐപ്പിന്റെയും കുഞ്ഞാറത്തിന്റെയും മകനായ മത്തായി 1890 ഫെബ്രുവരി 25-ാം (1065 കുംഭം 13) തീയതി ജനിച്ചു. മത്തായിക്കു രണ്ടു സഹോദരന്മാരും ഒരു സഹോദരിയുമുണ്ടായിരുന്നു. 1904 ഏപ്രിൽ 19-ാം തീയതി പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസ് ജോസഫ് മെത്രാപ്പോലീത്ത (d. 1909) ഐപ്പ് മത്തായിക്ക് പഴഞ്ഞി സുറിയാനി പള്ളിയിൽവച്ച് കോറൂയോ പട്ടം നൽകി പഴഞ്ഞി യാക്കോബായ സുറിയാനി പള്ളിയിലുണ്ടായ അസ്വാരസ്യം


*വെട്ടിക്കുന്നത്ത് (ചെറുവത്തൂർ) ഐപ്പ് മത്തായി കത്തനാർ*

നിമിത്തം മലബാർ സ്വതന്ത്ര സുറിയാനി (തൊഴിയൂർ) സഭയുടെ പഴഞ്ഞിയിലെ പള്ളിയിൽ ഉദ്ദേശം 1912 മുതൽ 1925(?) വരെ സേവനമനുഷ്ഠിച്ചു.


പ. അന്ത്യോഖ്യാ സിംഹാസനത്തിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ ആർത്താറ്റ് സിംഹാസനപള്ളി സ്ഥാപിതമായശേഷം പള്ളി ആരാധകരായ -- (1) കൂത്തൂര് ഉക്കുറു ചേറു, (2) പുലിക്കോട്ടിൽ വറീത് ഇയ്യാവു, (3) അരിമ്പൂർ പൗലൂസ് ചേറു, (4) തെക്കേക്കര ഉക്കുറു വാറു, (5) ചീരൻതറയിൽ വറിയത് ചേറു, (6) പുലിക്കോട്ടിൽ ചിരിയാക്കു വറിയത്, (7) വടക്കൻ ചാക്കു പൈലുണ്ണി എന്നിവർ ചേർന്ന് പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവായ്ക്ക് 1925 ഫെബ്രുവരി 20–ാം തീയതി ഒരു അപേക്ഷ സമർപ്പിച്ചു. ആയതിൽ പുലിക്കോട്ടിൽ ചെരിയാക്കു ശെമ്മാശ്ശൻ (പിന്നീട് പുലിക്കോട്ടിൽ യാക്കോബ് ശർവ്വോയോ റമ്പാൻ, d. 1927) ബ. വെട്ടിക്കുന്നത്ത് ഐപ്പ് മത്തായി കത്തനാരെ സംബന്ധിക്കുന്ന കാര്യങ്ങൾ 'അറിയിച്ചിരിക്കുമെന്ന് ഞങ്ങൾ വിശ്വസിച്ചിരിക്കുന്നതിനാൽ അച്ചനെ സംബന്ധിച്ച് യാതൊന്നും എഴുതുന്നില്ല. അച്ചനെ നമ്മുടെ സമുദായത്തിൽ തിരുമനസ്സിലെ ഇഷ്ടപ്രകാരം സ്വീകരിക്കുന്നത് ഞങ്ങൾക്കെല്ലാവർക്കും വളരെ സന്തോഷവും സമ്മതവുമാണ്' എന്നറിയിച്ചിരുന്നു. ഇതേ തുടർന്ന് 1925 ജൂൺ 5ന് പാണംപടി പള്ളിയിൽ വച്ച് ബ. മത്തായി (കത്തനാരെ) പരിശുദ്ധ ഒസ്താത്തിയോസ് ബാവാ കോറൂയോ ആക്കുകയും പിന്നീട് കശ്ശീശ പട്ടം (ജൂൺ 25?) കൊടുക്കുകയും ചെയ്തു. **തുടർന്ന് 1926 മുതൽ 1959 വരെ ദയറാ പട്ടക്കാരനായി 33 വർഷം സിംഹാസനപള്ളിയിൽ സേവനം അനുഷ്ഠിച്ചു.** ആർത്താറ്റ് സിംഹാസനപള്ളിയിലെ മദ്ബഹാ ശുശ്രൂഷകരെ സുറിയാനി ഗീതങ്ങൾ പഠിപ്പിക്കുകയും 1951 മുതൽ മദ്ബഹായുടെ ആർച്ചിന്റെ പണികൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്തു. 1958 ഡിസംബർ 3–ാം തീയതി ബ. മത്തായി അച്ചനെ മോർ പീലക്സിനോസ് പൗലോസ് മെത്രാപ്പോലീത്ത തൈലാഭിഷേകം നടത്തി. 1959 ഡിസംബർ 21–ാം (1135 ധനു 8) തീയതി ബഹുമാനപ്പെട്ട വെട്ടിക്കുന്നേൽ അച്ചൻ (ചെറുവത്തൂർ ഐപ്പ്



ബ. ചെറുവത്തൂർ ഐപ്പ് മത്തായി കത്തനാരുടെ ശവസംസ്കാര ശുശ്രൂഷ (23.12.1959)
അഭി. മോർ ഫീലക്സിനോസ് പൗലോസ് മെത്രാപ്പോലീത്ത, വന്ദ്യ മാടപ്പാട്ട് യാക്കൂബ് റമ്പാൻ,
ബ. വായിത്ര പുന്നൂസ് അച്ചൻ, കുന്നംകുളം സിംഹാസനപള്ളി ട്രസ്റ്റി ശ്രീ. സി.സി. ചേറപ്പായി, മഠത്തിപ്പറമ്പിൽ ശ്രീ. യോഹന്നാൻ എന്നിവർ

മത്തായി കത്തനാർ) നിര്യാതനായി. അച്ചന്റെ മൃതശരീരം കബറടക്കം ചെയ്യുന്നതിന് 1958ലെ സമാധാനത്തെ തുടർന്ന് മെത്രാൻകക്ഷിയിൽ ചേർന്ന വൈദികരും അന്നത്തെ പള്ളിക്കൈക്കാരനും തടസ്സം സൃഷ്ടിച്ചു. അതേതുടർന്ന് 23-ാം തീയതി മൃതശരീരം പെരുമ്പള്ളി സെന്റ് ജോർജ്ജ് സിംഹാസനപള്ളിയുടെ വടക്കു ഭാഗത്ത് കബറടക്കുകയുണ്ടായി. കബറടക്കശുശ്രൂഷയ്ക്ക് മോർ ഫീലക്സിനോസ് പൗലോസ് മെത്രാപ്പോലീത്ത മുഖ്യ കാർമ്മികത്വം വഹിച്ചു. എന്റെ പിതാവ് ശ്രീ. കെ. വി. മാണിയെ മദ്ബഹാ ശുശ്രൂഷയ്ക്ക് പ്രവേശിപ്പിച്ചതും അദ്ദേഹം ഏറെ ബഹുമാനിച്ചിരുന്നതുമായ അച്ചന്റെ പെരുമ്പള്ളി പള്ളിയിലെ കല്ലറ പുതുക്കി പണിതത് എന്റെ പിതാവാണ്.

### 5. ബ. ചെറുവത്തൂർ ഉക്രു മാത്തു കത്തനാർ (1937–1959)



*ബ. ചെറുവത്തൂർ ഉക്രു മാത്തു കത്തനാർ*

കുന്നംകുളം, ചിറളയം ചെറുവത്തൂർ ഉക്രുവിന്റെയും താണ്ടമ്മയുടെയും മകനായ മാത്തു 1911 സെപ്റ്റംബർ 23-ാം തീയതി ജനിച്ചു. പരിശുദ്ധ ഒസ്താത്തിയോസ് ബാവാ കാലംചെയ്യുന്നതിന് ഏതാനും മാസങ്ങൾക്കു മുമ്പ് ശ്രീ മാത്തുവിനെ ശെമ്മാശനാക്കി (ബാവായുടെ കബറടക്ക സമയത്ത് ബ. മാത്തു ശെമ്മാശനാണ് കബറിടത്തിലിറങ്ങി കുരിശും മെഴുകുതിരിക്കാലുകളും യഥാസ്ഥാനത്ത് വച്ചതെന്ന് ദൃക്സാക്ഷിയായിരുന്ന പ്രൊഫ. സി. സി. ഡേവിഡ് തന്റെ ലേഖനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്).

1937 ഓഗസ്റ്റ് 27-ാം തീയതി (11-01-1113) ചിറളയം താഴത്തങ്ങാടിയിൽ താമസം, ചെറുവത്തൂർ ഉക്രു മാത്തു ശെമ്മാശൻ പത്തനംതിട്ട സബ്രജിസ്ട്രാർ ഓഫീസിൽ (Registration No. 2, pages 3-5, Vol. I, Part 3 of book of 1113) മലങ്കരയിലെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായ മോർ യൂലിയോസ്

ഏലിയാസ് മെത്രാപ്പോലീത്തായ്ക്ക് ഒരു ഉടമ്പടി സമർപ്പിച്ചു. ". . . ഞാൻ എക്കാലത്തും മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ഒന്നാമൻ പാത്രിയർക്കീസ് ബാവായുടെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും ഇപ്പോഴത്തെ സിംഹാസന പ്രതിനിധിയായ അഭിവന്ദ്യ തിരുമേനിയുടെയും അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ പ്രതിനിധിയായി കാലാകാലങ്ങളിൽ വാഴിച്ച് നിയമിക്കപ്പെടുന്നവരുടെയും പരിശുദ്ധ പാത്രിയർക്കീസിനാൽ മലങ്കര ഭദ്രാസനങ്ങൾക്ക് കാലാകാലങ്ങളിൽ വാഴിച്ച് നിയമിക്കപ്പെടുന്നവരെയും അംഗീകരിക്കുകയും അവരുടെ എല്ലാം കൽപനകളെയും നിർദ്ദേശങ്ങളെയും സ്വീകരിക്കുകയും പ്രാവർത്തികമാക്കുകയും. . ."


**"മോർ ഗീവർഗ്ഗീസ് ദിവന്നാസ്യോസ് 1086ൽ മലങ്കരയിലേക്ക് ക്ഷണിച്ചുകൊണ്ടുവന്ന അബ്ദുൾ മ്ശിഹായെയും സഹചാരികളെയും എല്ലാ വേദവിപരീതികളെയും ഞാൻ തള്ളിക്കളയുന്നു. അബ്ദുൾ മശിഹായുടെ എല്ലാ കൽപനകളെയും ഞാൻ തള്ളിക്കളയുന്നു"** (Ext. P1 in A. S. 11/2003).

**ചെറുവത്തൂർ മാത്തു ശെമ്മാശനെ മോർ യൂലിയോസ് ഏലിയാസ് ബാവാ 1937 ചിങ്ങം 16-ാം തീയതി കശ്ശീശയായി പട്ടം കൊടുത്തു** (Ext. P16 in A. S. 11/2003). മോർ യൂലിയോസ് ഏലിയാസ് ബാവായുടെ കൽപനപ്രകാരം 1937 നവംബർ 22-ാം തീയതി ചെറുവത്തൂർ ഉക്രു മാത്തു കത്തനാർ കുന്നംകുളം സിംഹാസനപള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. മുളയിരിക്കൽ വന്ദ്യ പൗലോസ് റമ്പാച്ചൻ (പിന്നീട് മോർ സേവേറിയാസ് പൗലോസ് d. 1962) ആലുവ തൃക്കുന്നത്ത് സെമിനാരിയിൽനിന്നും പുത്തൻ കുർബ്ബാനയ്ക്കായി വന്നിരുന്നു (Ext. P20 in A. S. 11/2003).

മോർ യൂലിയോസ് ഏലിയാസ് ബാവായുടെ കൽപന പ്രകാരം 1959 ആദ്യമാസം വരെ ബാവായെ അനുസരിച്ച് ബ. മാത്തു കത്തനാർ സിംഹാസനപള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. (1958 ഡിസംബർ 31-ാം തീയതി ഈ ലേഖകനെ ആർത്താറ്റ് സിംഹാസനപള്ളിയിൽവച്ച് വിശുദ്ധ മാമോദീസ മുക്കിയത് ബ. അച്ചനാണ്). '1958ലെ സഭാസമാധാനത്തെതുടർന്ന്' ബ. അച്ചനും കൈക്കാരനായ പനയ്ക്കൽ ഇയ്യാക്കു മാത്തുവും ആർത്താറ്റ് സിംഹാസനപള്ളി, കൊച്ചി

ഭദ്രാസനത്തിൽപ്പെട്ടതും കൊച്ചി ഭദ്രാസനത്തിന്റെ മോർ സേവേറിയാസ് പൗലോസ് തിരുമേനിയുടെയും ഭരണത്തിലാക്കുന്നതിന് ശ്രമിച്ചതിനെ തുടർന്നാണ് കേസുകൾ ആരംഭിച്ചത്. അതിന്റെ വിശദാംശങ്ങൾ 1958–1959 കാലഘട്ടത്തിലെ സംഭവങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. **1937 നവംബർ മുതൽ 1959 ആദ്യമാസം വരെ ബ. ചെറുവത്തൂർ മാത്തു കത്തനാർ ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളിയുടെ സഹവികാരിയായിരുന്നു.** 1997 ഡിസംബർ 3–ാം തീയതി നിര്യാതനായ അച്ചനെ ആർത്താറ്റ് സിംഹാസനപള്ളിയിൽ കബറടക്കി.

### 6. ബ. പുലിക്കോട്ടിൽ ഇട്ട്യേര ജോസഫ് കത്തനാർ (കരിമാംകുഴി അച്ചൻ) (1954–1959)



ബ. ഇട്ട്യേര ജോസഫ് കത്തനാർ

ആർത്താറ്റ് സിംഹാസന പള്ളി ആരാധകനായ പിമ്പിരിയം അങ്ങാടിയിൽ പുലിക്കോട്ടിൽ ഇട്ട്യേരയുടെയും കുഞ്ഞിലയുടെയും മകനായ ജോസഫ് 1930 ജനുവരി 31–ാം തീയതി ജനിച്ചു. മഞ്ഞനിക്കര ദയറായിൽ വൈദീക വിദ്യാഭ്യാസം പൂർത്തീകരിച്ചു. 1953 മെയ് 10–ാം തീയതി ബ. റ്റി. സി. മോശയച്ചന്റെ മൂത്തമകൾ ഗ്രേസിയെ എരുമേലി സെന്റ് ഇഗ്നാത്തിയോസ് സുറിയാനി പള്ളിയിൽവച്ച് വിവാഹം കഴിച്ചു.

1953 ഡിസംബർ 23–ാം തീയതി മഞ്ഞനിക്കര മോർ ഇഗ്നാത്തിയോസ് ദയറായിൽ താമസിച്ചിരുന്ന അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്ത മുമ്പാകെ ഉടമ്പടി സമർപ്പിച്ചു. ഉടമ്പടിയിൽ താഴെ കാണുന്ന പ്രകാരം എഴുതിയിരിക്കുന്നു.

“ഞാൻ അന്ത്യോഖ്യായുടെ അപ്പോസ്തോലിക സിംഹാസനത്തിൽ ഇപ്പോൾ വാഴുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ഒന്നാമൻ പാത്രിയർക്കീസ് ബാവായെയും ആ സിംഹാസനത്തിൽ ആരൂഢരാകുന്ന പിൻഗാമികളെയും അവരാൽ കാലാകാലങ്ങളിൽ വാഴിക്കപ്പെടുന്ന എല്ലാ

മെത്രാപ്പോലീത്തന്മാരെയും എനിക്ക് പൗരോഹിത്യം പ്രദാനം ചെയ്യുന്ന അഭിവന്ദ്യ പിതാവിനെയും അവിടുത്തെ പിൻഗാമികളെയും ഞാൻ സ്വീകരിക്കുകയും അവരുടെ കൽപനകളെയും നിർദ്ദേശങ്ങളെയും നിയമങ്ങളെയും ഞാൻ സ്വീകരിക്കുകയും ചെയ്യും. . .'' ''**സ്ഥാനഭ്യഷ്ടനാക്കപ്പെട്ട അബ്ദുൾ മ്ശിഹായെയും അദ്ദേഹത്തിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചവരെയും അദ്ദേഹത്തെ പിൻതാങ്ങുന്നവരെയും അദ്ദേഹത്തോടു ചേരുന്നവരെയും ഞാൻ ഉപേക്ഷിക്കുന്നു.''** സാക്ഷികൾ: (1) കുരീക്കൽ ഏബ്രഹാം യാക്കോബ് കശ്ശീശ (2) മാടപ്പാട്ട് ചാക്കോ യാക്കോബ് കശ്ശീശ (Ext. P2 in A. S. 11/2003).

മേൽപറഞ്ഞ ഉടമ്പടി വച്ചതിനുശേഷം **1953 ഡിസംബർ 26-ാം തീയതി ഇട്ട്യേര ജോസഫ് ശെമ്മാശൻ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവായിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു.** 1954 ഫെബ്രുവരി 21-ാം തീയതി പുലിക്കോട്ടിൽ ജോസഫ് കത്തനാർ സിംഹാസനപ്പള്ളിയിൽ പുത്തൻ കുർബ്ബാന അർപ്പിച്ചു (Ext. P37 & P79 in A. S. 11/2003). തുടർന്ന് ഏതാണ്ട് ഒരു വർഷത്തോളം തുമ്പമൺ സെന്റ് ജോർജ്ജ് സിംഹാസന പള്ളിയിലാണ് കരിമാംകുഴി അച്ചൻ വിശുദ്ധ കുർബ്ബാന ചൊല്ലിയത്.

1958 ഡിസംബർ 21-ാം തീയതി ഞായറാഴ്ച പനയ്ക്കൽ മാത്തുവിന്റെയും ഏതാനും ചെറുപ്പക്കാരുടെയും നിർബന്ധത്തെത്തുടർന്ന് പുലിക്കോട്ടിൽ ജോസഫ് കത്തനാർ (കരിമാംകുഴി അച്ചൻ) പൗലോസ് മോർ സേവേറിയോസ് തിരുമേനിയുടെ കൽപന ആദ്യമായി സിംഹാസനപള്ളിയിൽ വായിച്ചു. ഇത് തന്റെ മനസാക്ഷിക്കെതിരാണെന്നും ആയതിന് ക്ഷമ ചോദിക്കുന്നുവെന്നും കരിമാംകുഴി അച്ചൻ മോർ യൂലിയോസ് ബാവായ്ക്ക് കത്ത് എഴുതുകയുണ്ടായി (Ext. P63 in A. S. 11/2003). തുടർന്ന് ആർത്താറ്റ് സിംഹാസന പള്ളിക്ക് എതിരായി കേസിൽ കക്ഷി ചേർന്നു. 1994 സെപ്റ്റംബർ 12-ാം തീയതി നിര്യാതനായ ബ. പുലിക്കോട്ടിൽ ഇട്ട്യേര ജോസഫ് കത്തനാരെ ആർത്താറ്റ് വലിയ പള്ളിയിൽ കബറടക്കി.

## 7. ബ. കെ. വി. കുര്യാക്കോസ് അച്ചൻ (1960–1984)

1960 ജനുവരി 13–ാം തീയതിയിലെ മോർ യൂലിയോസ് ഏലിയാസ് ബാവായുടെ 30–ാം നമ്പർ കൽപനപ്രകാരം കൊച്ചുപുരയ്ക്കൽ കെ. വി. കുര്യാക്കോസ് അച്ചനെ ആർത്താറ്റ് കുന്നംകുളം സിംഹാസനപള്ളി വികാരിയായി നിയമിച്ചു.

വെളിയനാട് കൊച്ചുപുരയ്ക്കൽ വർക്കിയുടെയും ഏലിയാമ്മയുടെയും ഇളയമകനായ കുരിയാക്കോസ് 1933 ജൂലൈ 6–ാം തീയതി ജനിച്ചു. കുരിയാക്കോസിന് ചാക്കോ, വർഗ്ഗിസ്, മാത്യു, എന്നീ മൂന്നു സഹോദരങ്ങളുണ്ടായിരുന്നു.


ബ. കെ. വി. കുര്യാക്കോസ് അച്ചൻ

സ്കൂൾ വിദ്യാഭ്യാസം വെളിയനാട് ഗവൺമെന്റ് എൽ.പി.സ്കൂൾ, രാമങ്കരി എൻ.എസ്.യു.പി.സ്കൂൾ, ആലപ്പുഴ ലിയോ 13–ാമൻ ഹൈസ്കൂൾ, പുളിങ്കുന്ന് സെന്റ് ജോസഫ് എച്ച്. എസ്, തിരുവല്ല എം.ജി.എം.എച്ച്. എസ് എന്നിവിടങ്ങളിൽ പൂർത്തിയാക്കി. ഇന്റർ മീഡിയറ്റ് ചങ്ങനാശ്ശേരി എസ്.ബി. കോളേജിലാണ് പഠിച്ചത്.

മാതൃദേവാലയം സെന്റ് സ്റ്റീഫൻസ് (വെളിയനാട്) ക്നാനായ പള്ളിയാണ്. 22 വയസ്സുള്ളപ്പോൾ വൈദിക വിദ്യാർത്ഥിയായി മഞ്ഞനിക്കര ദയറായിൽ ചേർന്നു. 1955 ഫെബ്രുവരിയിൽ പുണ്യശ്ലോകനായ അന്ത്യോഖ്യാ പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവയിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. മഞ്ഞനിക്കരയിൽ വന്ദ്യ മാടപ്പാട്ടു യാക്കോബ് റമ്പാച്ചന്റെയും വന്ദ്യ മോശ സലാമ റമ്പാച്ചന്റെയും കീഴിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1958 സെപ്തംബർ 21–ാം തീയതി അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഇൻഡ്യയിലെ പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവാ മഞ്ഞനിക്കര ദയറാപള്ളിയിൽവച്ച് കശീശ്ശാപട്ടം നൽകി. (അന്നുതന്നെ കശീശ്ശാപട്ടമേറ്റ ബ: സി. എം. തോമസച്ചനാണ് ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ).

മഞ്ഞനിക്കരയിൽ ശെമ്മാശനായ ശേഷവും വൈദികനായും മോർ യൂലിയോസ് ഏലിയാസ് ബാവായുടെ ശുശ്രൂഷകൻ എന്ന നിലയിൽ ചുമതലകൾ നിർവഹിച്ചു. 1958ൽ വൈദികനായശേഷം തുമ്പമൺ, പെരുമ്പള്ളി എന്നീ സിംഹാസനപള്ളികളിലും, സെന്റ് ആന്റണീസ് അസോസിയേഷന്റെ മംഗലാപുരത്തെ പള്ളിയിലും സേവന മനുഷ്ഠിച്ചു. 1960ൽ ആർത്താറ്റ് കുന്നംകുളം സിംഹാസന പള്ളിയുടെ വികാരിയായി മോർ യൂലിയോസ് ബാവ നിയമിച്ചു. 1960 മുതൽ 1984 വരെ കുന്നംകുളം സിംഹാസനപള്ളി വികാരിയെന്ന നിലയിൽ സ്തുത്യർഹമായ സേവനം നിർവ്വഹിച്ചു. കുന്നംകുളം സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളിയുടെ ഇന്നത്തെ സുസ്ഥിതിക്കും കേസ്സിന്റെ നടത്തിപ്പിനും മുഖ്യപങ്കു വഹിച്ചിട്ടുണ്ട്.

1984 മുതൽ 2004 വരെ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായുടെ ഒന്നാം സെക്രട്ടറിയായിരുന്നു. 1990 ഡിസംബർ 22-ാം തിയതി പരിശുദ്ധ പാത്രിയർക്കീസ് ബാവാ ബ: കുരിയാക്കോസച്ചനെ ദമസ്ക്കോസിലെ സെന്റ് ജോർജ്ജ് കത്തിഡ്രലിൽവച്ച് റമ്പാച്ചനാക്കി. 1998 സെപ്റ്റംബർ 27-ാം തീയതി ദമസ്ക്കോസിലെ മാറത്ത് സെയ്ദ്നായ സെന്റ് പീറ്റേഴ്സ് സെന്റ് പോൾസ് കത്തീഡ്രലിൽ വച്ച് മോർ യൂലിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 1984 മുതൽ 2004 വരെ പരിശുദ്ധ പാത്രിയർക്കീസ് ബാവായോടൊപ്പം സെക്രട്ടറി എന്ന നിലയിൽ വിവിധ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. സുറിയാനി ഭാഷയിൽ നല്ല പരിജ്ഞാനമുള്ള തിരുമേനി ചില പുസ്തകങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. ശുശ്രൂഷാക്രമങ്ങൾ മോർ യൂലിയോസ് ഏലിയാസ് ബാവായിൽ നിന്നും കണ്ടുപഠിച്ചിട്ടുള്ളത് സുറിയാനി പാരമ്പര്യങ്ങൾ തുടരുന്നതിന് പലർക്കും പ്രചോദനമായിട്ടുണ്ട്.


*ബ. കെ. വി. കുര്യാക്കോസ് റമ്പാച്ചൻ*

Indo American University of Humanistics Studies Florida, U.S.A. തിരുമേനിക്ക് Doctor of Divinity & Sacred Philosophy



മെത്രാപ്പോലീത്ത സ്ഥാനാഭിഷേകം

എന്ന ഹോണററി ബിരുദവും Diondra University, Italy, Doctor of Theology എന്ന ബിരുദവും നൽകി ആദരിച്ചിട്ടുണ്ട്. St. Gregorius Simhasana Church, Cherumkulam, (Mannarghat, Palakkad) ദൈവാലയ അംഗമായിരുന്ന തിരുമേനിക്ക് ജർമ്മനിയിലും, കേരളത്തിലുമായി രണ്ടുതവണ ഹൃദയ ശസ്ത്രക്രിയയ്ക്കു വിധേയനായിട്ടുണ്ട്. 2007 മുതൽ തിരുമേനിക്ക് പാർക്കിൻസൺസ് അസുഖമുണ്ടായിരുന്നു.



*2010 ജനുവരിയിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായെ സന്ദർശിച്ചപ്പോൾ*

2010 ജനുവരിയിൽ ഭരണചുമതലകൾ പ. പാത്രിയർക്കീസ് ബാവായുടെ കൽപനപ്രകാരം മോർ അത്താനാസിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്തായെ ഏല്പിച്ചു. അവസാനമായി 2010 ജനുവരിയിൽ പ. പാത്രിയർക്കീസ് ബാവായെ സന്ദർശിച്ച് യാത്ര പറഞ്ഞു. പിറമാടം ഗസ്സീമോൻ ദയറായിൽ വിശ്രമജീവിതം നയിച്ചിരുന്ന തിരുമേനി ഏപ്രിൽ 8-ാം തീയതി മഞ്ഞനിക്കര ദയറായിലെത്തി, 9-ാം തീയതി ശനിയാഴ്ച വി. കുർബാനയിലും ഉച്ച നമസ്കാരത്തിലും പങ്കെടുക്കുകയും ചെയ്തു. ഉച്ചയ്ക്കു ശേഷം വിശ്രമിക്കുമ്പോൾ ഹൃദയാഘാതം ഉണ്ടാകുകയും നാലു മണിയോടെ അന്ത്യം സംഭവിക്കുകയും ചെയ്തു.

കാലംചെയ്ത തിരുമേനിയുടെ ഭൗതികശരീരം മോർ യൂലിയോസ് തിരുമേനിയുടെ ഗുരുവായ അന്ത്യോഖ്യാ പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവായുടെ കബറിന് പടിഞ്ഞാറുവശത്തായി മഞ്ഞനിക്കര ദയറാ കത്തീഡ്രൽപള്ളിയിൽ 2011 ഏപ്രിൽ 11-ാം തീയതി കബറടക്കി.



ബ. മാത്യു വി. ചെറുവത്തൂർ,
ചിറളയം, കുന്നംകുളം
1920–23



ബ. ചെന്നക്കാട്ട് പത്രോസ് കത്തനാർ,
കോലഞ്ചേരി
1923–26




ബ. ചാലപ്പുറത്ത് ഗീവർഗ്ഗീസ് കത്തനാർ
മുളന്തുരുത്തി
1927–28



ബ. ചെറുവത്തൂർ ഐപ്പ് മത്തായി കത്തനാർ
(വെട്ടിക്കുന്നേൽ), പെങ്ങാമുക്ക്
1926–59



ബ. ചെറുവത്തൂർ ഉക്രു മാത്തു കത്തനാർ
കുന്നംകുളം
1937–1959



ബ. പുലിക്കോട്ടിൽ ഇട്ട്യേര ജോസഫ് കത്തനാർ,
കുന്നംകുളം
1954–1959



അഭി. മോർ യൂലിയോസ് കുര്യാക്കോസ്
1960–84



അഭി. മോർ യൂലിയോസ് യാക്കൂബ്, മാടപ്പാട്ട്
1962




ബ. ജോബ് അരിമ്പൂർ
ചാലിശ്ശേരി
1963–67




ബ. (പ്രൊ.) കെ. പി. ഗീവർഗ്ഗീസ്,
കോലഞ്ചേരി
1967–71



*വന്ദ്യ സൈമൺ ചെല്ലിക്കാട്ടിൽ*
*കോറെപ്പിസ്കോപ്പ, പിറവം*
*1971–74*



*വന്ദ്യ കൊല്ലംപറമ്പിൽ അന്ത്രയോസ് റമ്പാൻ,*
*പൂതക്കുഴി*
*1975*



*അഭി. മോർ ദിവന്നാസ്യോസ് ഗീവർഗ്ഗീസ്*
*1975*




*അഭി. മോർ തിമൊഥിയോസ് തോമസ്*
*മെത്രാപ്പോലീത്ത*
*1975–76*



*ബ. കെ. ഒ. ജോസഫ് കരിങ്ങാട്ടിൽ,*
*കുറ്റൂർ, തിരുവല്ല*
*1976–77*




ബ. ഏലിയാസ് കീരിമോളയിൽ
പീച്ചി
1980–81



ബ. എബ്രഹാം കൂളിയാട്ടിൽ,
കാക്കനാട്
1981



ബ. തോമസ് പതിയാക്കൽ
കോട്ടയം
1982




ബ. എബ്രഹാം മുട്ടപ്പള്ളിൽ
തൃശ്ശൂർ
1982–84




ബ. പൗലോസ് കുന്നുംപുറത്ത്,
അടിമാലി
1983




ബ. ജേക്കബ് കക്കാട്ടിൽ
തിരുവഞ്ചൂർ
1984



വന്ദ്യ ജോസഫ് മറ്റത്തിൽ റമ്പാൻ
വീട്ടൂർ, മൂവാറ്റുപുഴ
1984



ബ. എബ്രഹാം ചാത്തോത്ത്, കരിമത്തറ
1984



വന്ദ്യ മാണി രാജൻ കോർ എപ്പിസ്കോപ്പ
1984 –



ബ. അലക്സ് ചക്കാലയിൽ
1984–89
(ഇദ്ദേഹം 1989ൽ സഭ വിട്ടു പോയി)



*ബ. കെ. വി. ജോൺ കോമയിൽ*
*ഇടുക്കി*
*1989–94*



*ബ. എബ്രഹാം പാലത്തിങ്കൽ*
*1990*




*ബ. ജേക്കബ് ചെറുവത്തൂർ*
*പെങ്ങാമുക്ക്*
*1991–94*



*ബ. മാത്യൂസ് നടുവിലേക്കര*
*പാമ്പാടി*
*1994*



*വന്ദ്യ ജേക്കബ് തോമസ് മാടപ്പാട്ട്*
*കോറെപ്പിസ്കോപ്പ, കാഞ്ഞിരപ്പാറ*
*1995*



ബ. പോൾസൺ കീരിക്കാട്ടിൽ
വടവുകോട്
1996, 1999



ബ. റോബി ജോസ് ആര്യാട്ടുപറമ്പിൽ
പാമ്പാടി
1996–98



ബ. ജേക്കബ് ഈരാളിൽ, ചെറായി
1996–1999



ബ. മാത്യൂസ് എബ്രഹാം ആഴന്തറ
1998–1999



ബ. ഐസക് നറുക്കിൽ
കട്ടിളപ്പൂവം
1999



വന്ദ്യ പൗലോസ് മാത്തൻകുടിയിൽ
കോറെപ്പിസ്കോപ്പ, ചുവന്നമണ്ണ്
2000



വന്ദ്യ ഗീവർഗ്ഗീസ് കോനാത്ത് കോറെപ്പിസ്കോപ്പ
ചാത്തന്നൂർ
2000–2003



ബ. എൽദൊ ആലുക്ക
അങ്കമാലി
2002, 2017



ബ. എൽദൊ വർഗ്ഗീസ് വെള്ളരിങ്ങയിൽ
ഊരമന
2001 – 2006



ബ. ബാബു ജോസഫ് , കുന്നംകുളം
2001–2002

(2004 മുതൽ സിംഹാസനപള്ളി ആരാധകനായി അംഗത്വമെടുത്തു)



ബ. സ്ലീബാ ജോർജ്ജ്, പനയ്ക്കൽ
എറണാകുളം
2006 – 2011



ബ. നിജോ തമ്പി പുലിക്കോട്ടിൽ
തൃശ്ശൂർ
2011 – 2017



ബ. സിജി മാത്യു കുളമ്പിയിൽ
നെടുങ്കണ്ടം
2010 –

(2015 മുതൽ സിംഹാസനപള്ളി ആരാധകനായി അംഗത്വമെടുത്തു)



ബ. ജയ്മോൻ പൂത്തൂർകുടിലിൽ
പിറവം
2017



ബ. ജിബിൻ ചാക്കോ, കോട്ടയം
2018



ബ. ജയേഷ് ജേക്കബ് പുലിക്കോട്ടിൽ
2018–

(2008 മുതൽ സിംഹാസനപള്ളി ആരാധകനായി അംഗത്വമെടുത്തു)



ബ. ഗ്രിഗർ ആർ. കൊള്ളന്നൂർ


(2015 മുതൽ സിംഹാസനപള്ളി ആരാധകനായി അംഗത്വമെടുത്തു)

ഏതാനും ആഴ്ചകൾ മാത്രം ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുള്ള വൈദികരുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടില്ല. ബ. മോളത്ത് യൂഹാനോൻ അച്ചൻ (പിന്നീട് റമ്പാൻ), രാജകുമാരി ഏതാനും മാസങ്ങൾ ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും സഭ വിട്ടു പോയി.

# സിംഹാസനപള്ളിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ചുമതലക്കാർ

## സിംഹാസനപള്ളി കൈക്കാരന്മാർ


1. ശ്രീ. അരിമ്പൂർ ചേറു പൗലോസ് (1921 – 1947)
2. ചെറുവത്തൂർ ഐപ്പ് മത്തായി കത്തനാർ (1947 – 1951)
3. പനയ്ക്കൽ ശ്രീ. ഇയ്യാക്കു മാത്തു (1951 – 1959)
4. പുലിക്കോട്ടിൽ ഇട്ടൂപ്പ് ഇട്ടൂപ്പ്, അസിസ്റ്റന്റ് (1951 – 1959)
5. ഷെവ. റ്റി. സി. ഐപ്പ് (1961 – 2000)
6. ശ്രീ. സി.റ്റി. ജോണി (1961 – 1979)
7. ശ്രീ. എ.സി. പാപ്പച്ചൻ (1979 – 2000)
8. ചുങ്കത്ത് ശ്രീ. താരപ്പൻ ജോൺ (2000 – )


അരിമ്പൂർ ചേറു പൗലോസ്


ചെറുവത്തൂർ ഐപ്പ് മത്തായി കത്തനാർ



പനയ്ക്കൽ ശ്രീ. ഇയ്യാക്കു മാത്തു

പുലിക്കോട്ടിൽ ഇട്ടൂപ്പ് ഇട്ടൂപ്പ്


ഷെവ. റ്റി. സി. ഐപ്പ്



സി.റ്റി. ജോണി


ശ്രീ. എ. സി. പാപ്പച്ചൻ



ചുങ്കത്ത് ശ്രീ. താരപ്പൻ ജോൺ

## പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ കബറിങ്കലെ കൈക്കാരന്മാർ

1. ചുങ്കത്ത് ശ്രീ. ചുമ്മാർ താരപ്പൻ (1930 – 1942)
2. ചീരൻ തരകൻ ശ്രീ. ചേറുണ്ണി ചേറപ്പായി (1942 – 1976)
3. ശ്രീ. പി.സി. ജോർജ്ജ് (കുട്ടിയപ്പു) (1976 – 1988)
4. ശ്രീ. വി. ജോർജ്ജ് ജോബ് (വിനയൻ) (1988 – )



ചുങ്കത്ത് സി.സി. താരപ്പൻ



ചേറുണ്ണി ചേറപ്പായി




ശ്രീ. പി. സി. ജോർജ്ജ്



ശ്രീ. വി. ജോർജ്ജ് ജോബ്

## കുന്നംകുളം തെക്കേഅങ്ങാടി മോർ ഏലിയാസ് തൃതീയൻ കുരിശുപള്ളി കൈക്കാരന്മാർ

1. കണ്ണനായ്ക്കൽ ശ്രീ മാണി വർഗ്ഗീസ് (1935 – 1951)
2. ശ്രീ. റ്റി. ഐ. താവൂ (1951 – 1959)



കണ്ണനായ്ക്കൽ മാണി
വർഗ്ഗീസ് മാസ്റ്റർ




റ്റി. ഐ. താവൂ

# കുന്നംകുളം വൈശ്ശേരി
## മോർ യൂലിയോസ് ഹാൾ, സെന്റ് തോമസ് കുരിശുപള്ളി
### കൈക്കാരന്മാർ

1. കാക്കശ്ശേരി ശ്രീ. ചുമ്മാർ (1939 – 1960)
2. കണ്ണനായ്ക്കൽ ശ്രീ മാണി വർഗ്ഗീസ് (1960 – 1979)
3. ശ്രീ. കെ.വി. തോമസ് മാസ്റ്റർ (1979 – 2016)
4. ശ്രീ. സുനീഷ് കെ. തോമസ് (2016 – )



*കാക്കശ്ശേരി ചുമ്മാർ*



*കണ്ണനായ്ക്കൽ മാണി വർഗ്ഗീസ് മാസ്റ്റർ*



*കെ.വി. തോമസ് മാസ്റ്റർ*



*സുനീഷ് കെ. തോമസ്*


# കുന്നംകുളം പാറയിൽ സെന്റ് തോമസ് സിംഹാസന ചാപ്പൽ
## കൈക്കാരന്മാർ

1. ശ്രീ. ചീരൻ തരകൻ ഉക്രു ചേറുണ്ണി (1944 – 1955)
2. ഷെവ. റ്റി. സി. ഐപ്പ് (1961 – 2000)
3. ശ്രീ. സി.റ്റി. ജോണി (1961 – 1979)
4. പുലിക്കോട്ടിൽ ശ്രീ. ഇട്ടൂപ്പ് പാപ്പച്ചൻ (1967 – 1971?)


*ചീരൻ തരകൻ ഉക്രു ചേറുണ്ണി*


*ഷെവ. റ്റി. സി. ഐപ്പ്*


*സി.റ്റി. ജോണി*


*ഇട്ടൂപ്പ് പാപ്പച്ചൻ*

# ആർത്താറ്റ് സെന്റ് മേരീസ് സിംഹാസനപള്ളിയിലെ ഉപദേശക സമിതി

ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസന പള്ളി പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിലെ പാത്രിയർക്കീസ് ബാവാമാരാലും അവരാൽ നിയമിക്കപ്പെടുന്ന പ്രതിനിധികളാലും ഭരിക്കപ്പെടുന്നു. പള്ളിയുടെ ദൈനംദിന നിർവ്വഹണത്തിൽ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയെ സഹായിക്കുന്നതിനെ ഒരു ഉപദേശക സമിതി നിലവിലുണ്ട്. ഈ ഉപദേശക സമിതിയിലെ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടുന്നവരല്ല പ്രത്യുത പ്രതിനിധി മെത്രാപ്പോലീത്തയാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നവരാണ്. ശതാബ്ദി വർഷത്തിൽ ഉപദേശക സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്നവരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. വന്ദ്യ. ഡോ. കെ. മാണി രാജൻ കോറെപ്പിസ്ക്കോപ്പ (സീനിയർ വികാരി)
2. ബഹു. സിജി മാത്യു (പൗലോസ്) കശീശ (വികാരി)
3. ബഹു. ജിബിൻ ചാക്കോ കശീശ (സഹവികാരി)
4. ശ്രീ. താരൻ ജോൺ ചുങ്കത്ത് (ട്രസ്റ്റി)
5. ശ്രീ. ജോർജ്ജ് ജോബ്, വടക്കേതലക്കൽ (കബറിങ്കൽ ട്രസ്റ്റി)
6. ശ്രീ. കെ.റ്റി. മാത്യു, കൂത്തൂർ (ട്രഷറർ)
7. ശ്രീ. അനീഷ് കെ.വി., കാക്കശ്ശേരി (ഓഡിറ്റർ)
8. ശ്രീ. ഗ്രിഗറി ചാക്കോച്ചൻ, പനയ്ക്കൽ (സെക്രട്ടറി)
9. ശ്രീ. ബാബു കെ. പാച്ചൻ, കൂത്തൂർ (ജോയിന്റ് സെക്രട്ടറി)
10. ശ്രീ. എ.സി. വർഗ്ഗീസ്, അരിമ്പൂർ
11. ശ്രീ. ചാക്കോ ജോർജ്ജ്, പനയ്ക്കൽ
12. ശ്രീ. പി. സി. ഹിറോ, പുലിക്കോട്ടിൽ (പാറന്നൂർ സെന്റ് മേരീസ് സിംഹാസന ചാപ്പൽ പ്രതിനിധി)
13. ശ്രീ. പി.സി. ചിന്നൻ, പനയ്ക്കൽ (പാറയിൽ സെന്റ് തോമസ് സിംഹാസന ചാപ്പൽ പ്രതിനിധി)

14. ശ്രീ. സി. ജെ. മാത്യൂസ് (അകതിയൂർ സെന്റ് ജോർജ്ജ് സിംഹാസന ചാൽ പ്രതിനിധി)
15. ശ്രീ. സി.ജെ. വർഗ്ഗീസ്, ചുങ്കത്ത്
16. ശ്രീ. സുരേഷ് തമ്പി, പുലിക്കോട്ടിൽ
17. ശ്രീ. കെ.പി. ബെന്നി, കുന്നത്ത്വളിൽ (തെക്കെ അങ്ങാടി സെന്റ് ഒസ്താത്തിയോസ് സിംഹാസന ചാപ്പൽ പ്രതിനിധി)
18. ശ്രീ. വി.ഐ. റെന്നി, വടക്കേതലക്കൽ
19. ശ്രീ. സി.റ്റി. ബാബു, ചെറുവത്തൂർ
20. ശ്രീ. ജോർജ്ജ് കുരിയൻ, അരിമ്പൂർ (വൈശ്ശേരി മോർ യൂലിയോസ് ഹാൾ പ്രതിനിധി)
21. ശ്രീ. വി.പി. ജോൺസൻ, പനയ്ക്കൽ (പാഴിയോട്ടുമുറി സെന്റ് മേരീസ് കുരിശുപള്ളി പ്രതിനിധി)
22. ശ്രീ. ജൂഡിഷ് ജോർജ്ജ്, വെള്ളറ (പെലക്കാട്ട്പയ്യൂർ സെന്റ് ഒസ്താത്തിയോസ് കുരിശുപള്ളി പ്രതിനിധി)
23. ശ്രീമതി. എൽസി ബെന്നി, അയ്യംകുളങ്ങര
24. ശ്രീമതി. ഷിജി ബാബു, ചീരൻ
25. ശ്രീ. രാജൻ കൊച്ചു, ചീരൻ
26. ശ്രീ. ബോബൻ പൗലോസ്, നാരിയേലിൽ
27. ശ്രീ. വർഗ്ഗീസ് ഉട്ടൂപ്പ്, ചീരൻ തറയിൽ
28. ശ്രീ. റ്റെറിൻ വർഗ്ഗീസ്, ചുങ്കത്ത്
29. ശ്രീ. സ്ലീബാ പി. ജോൺസൻ, പനയ്ക്കൽ
30. ശ്രീ. സഖറിയ ചാക്കുട്ടി, പഴുന്നാൻ
31. ശ്രീ. പൈലുണ്ണി പാവു, കൊള്ളന്നൂർ
32. ശ്രീ. ജോയ് സണ്ണി, കോലാടി
33. ശ്രീ. ബെന്നി ഇയ്യുകുട്ടി, കൂത്തൂർ
34. ശ്രീ. റോബിൻ ചെറിയാൻ, അന്തിക്കാട്
35. ശ്രീ. സിജു ചിന്നൻ, കൂത്തൂർ
36. ശ്രീ. രാജു പീറ്റർ, മേക്കാട്ടുക്കുളം
37. ശ്രീ. മനോജ് ഇട്ട്യേര, പനയ്ക്കൽ
38. കെ. ജെ. ബെനറ്റ്, കൂത്തൂർ
39. കെ. യു. ഉണ്ണി, കൂത്തൂർ

# ആർത്താറ്റ് സിംഹാസന പള്ളിയിലെ പ്രധാന ശുശ്രൂഷകരും ക്ലാർക്കുമാരും

ആർത്താറ്റ് സിംഹാസന പള്ളിയിൽ വിവിധ കാലഘട്ടങ്ങളിൽ പ്രധാന ശുശ്രൂഷകരായിരുന്ന ഏറെ വ്യക്തികളുണ്ട്. 1967 മുതൽ പള്ളിയിൽ ശുശ്രൂഷകരായിരുന്ന ശ്രീ തങ്കച്ചൻ, ശ്രീ ഏലിയാസ്, ശ്രീ ജോർജ്ജ്, ശ്രീ ജോസഫ് (പിന്നീട് വൈദികൻ), എന്നിങ്ങനെ പലരുടെയും ഫോട്ടോകൾ ചേർക്കുന്നതിന് സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട കെ.വി. കുര്യാക്കോസ് അച്ചന്റെ ശിക്ഷണത്തിൽ സിംഹാസനപള്ളിയിൽ താമസിച്ചിരുന്ന കുറെ അധികം ബഹുമാനപ്പെട്ട ശെമ്മാശന്മാരും ഉണ്ട്. അവരും പള്ളിയിലെ ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുണ്ട്. അവരുടെയെല്ലാം വിശദാംശങ്ങളും ചേർക്കുന്നതിന് സാധിച്ചിട്ടില്ല.

ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ച ഏതാനും പേരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഈ പട്ടിക പൂർണ്ണമല്ല. പലരേയും ബന്ധപ്പെടുവാൻ സാധിച്ചില്ല. പലരും വിശദാംശങ്ങൾ നൽകുന്നതിന് സന്നദ്ധരായിരുന്നില്ല.

*ശ്രീ. കൊള്ളന്നൂർ കാക്കു തേച്ചൻ*
*1942 – 1974*
*1974ൽ സഭ വിട്ടു പോയി*



*ശ്രീ. സി. ഐ. വർഗ്ഗീസ്*
*1972 – 1984*



ശ്രീ. സിജു ഐസക്
(1996 – 2005)



ശ്രീ. സ്ലീബാ ജോൺസൺ
(2009 – 2013)



ശ്രീ. ജോയി സി. ജെ
(2013 – 2018)



ശ്രീ. ജിനിൽ
(2018 – 19)



ശ്രീ. റ്റി. വി. ബേബി
(2019 – )



ശ്രീ. വി. കെ. ശാമു

സിംഹാസന പള്ളി ആരാധകരുടെ മാസവരി, വഴിപാടുകൾ, ശവക്കാണം, വിവാഹ സംഭാവനകൾ എന്നിവയ്ക്കുവേണ്ടി പണം സ്വീകരിക്കുന്നതും രസീതുകൾ നൽകിയിരുന്നതും വിവിധ രജിസ്റ്ററുകൾ എഴുതിയിരുന്നതും അതാതുകാലത്തെ വികാരിമാരും സഹവികാരിമായിരുന്നു. പള്ളികൈക്കാരന്മാരും കബറിങ്കൽ കൈക്കാരന്മാരും ഇക്കാര്യങ്ങൾ നിർവ്വഹിച്ചിരുന്നു. പള്ളിയിൽ താമസിച്ചിരുന്ന പ്രധാന ശുശ്രൂഷകരും ബഹുമാനപ്പെട്ട ശെമ്മാശന്മാരും ഇക്കാര്യങ്ങളിൽ സഹകരിച്ചിട്ടുണ്ട്.

1984 വരെ മേൽവിവരിച്ച കാര്യങ്ങൾക്കായി പ്രതിഫലം പറ്റുന്ന ഒരു ക്ലാർക്ക് ഉണ്ടായിരുന്നില്ല. ഞായറാഴ്ചകളിലും മറ്റ് പ്രധാന ദിവസങ്ങളിലും ശ്രി. റ്റി. സി. ഐപ്പ്, ശ്രീ. പി.ഐ. പാപ്പച്ചൻ, ശ്രീ. സി. വി. ഇറ്റിമാത്യു, ശ്രീ. പി. സി. ജോർജ്ജ്, ശ്രീ. എ. സി. പാപ്പച്ചൻ എന്നിങ്ങനെ പലരും പള്ളിക്കുവേണ്ടി സംഭാവനകളും മറ്റും സ്വീകരിക്കുകയും രസീതുകൾ നൽകുകയും ചെയ്തിരുന്നു. കാണിക്ക എണ്ണുന്ന കാര്യങ്ങളും അപ്രകാരം തന്നെ നിവൃത്തിച്ചിരുന്നു.

1984ൽ ബഹുമാനപ്പെട്ട കെ. വി. കുര്യാക്കോസ് അച്ചൻ സിറിയയിലേക്ക് പോയതിനുശേഷം പള്ളിയിൽ ഒരു സ്ഥിരം ക്ലാർക്കിന്റെ അത്യാവശ്യം നേരിട്ടു. ശ്രീ. സി. ഐ. ജോർജ്ജ്, ശ്രീ. പി. കെ. കുരുവിള, ശ്രീ. വി. കെ. ശാമു, എന്നിങ്ങനെ പലരും പള്ളിയിൽ ക്ലാർക്കുമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദീർഘമായ കാലയളവിൽ (1991–1999) ക്ലാർക്കായി സേവനം അനുഷ്ഠിച്ച വ്യക്തിയാണ് പുലിക്കോട്ടിൽ ഉതുപ്പ് (കോറൂയൊ) കൊച്ചുകുഞ്ഞൻ. 2004 ഏപ്രിൽ മുതൽ ശ്രീ. പി. ഐ. ബാബു ക്ലാർക്കായി സേവനം അനുഷ്ഠിച്ചു വരുന്നു



ശ്രീ. കൊച്ചുകുഞ്ഞൻ



ശ്രീ. പി. ഐ. ബാബു

# ആർത്താറ്റ് സെന്റ് മേരീസ് സിംഹാസന പള്ളിയിലെ സംഘടനകളും സമിതികളും

## സണ്ടേസ്കൂളുകൾ

ദീർഘകാലം സണ്ടേസ്കൂളിലെ പ്രധാന അധ്യാപകനായിരുന്ന ശ്രീ ഇട്ട്യേര മാസ്റ്റർ മോർ ഒസ്ത്താത്തിയോസ് ഹാൾ 1949 ജൂലൈ മാസത്തിൽ റിപ്പയർ ചെയ്തിട്ടുണ്ട്.

1999 ഏപ്രിൽ 21-ാം തീയതി Simhasana Church Sunday School Association (SCSSA), ന് ഒരു ഡയറക്ട്രേറ്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.ജെ.എസ്.എസ്.എ. സെക്രട്ടറിക്ക് ഒരു അപേക്ഷ സമർപ്പിച്ചുവെങ്കിലും അനുവദിക്കുകയുണ്ടായില്ല.

1999 മെയ് 20, 21, 22 തീയതികളിൽ Simhasana Church Sunday School Association (SCSSA), Simhasana Church Youth Association (SCYA), Simhasana Church Students' Association (SCSA), Simhasana Church Marthamariyam Samajam (SCMS), എന്നീ സംഘടനകളുടെ ത്രിദിന ക്യാമ്പ് മഞ്ഞനിക്കര ദയറായിൽവച്ച് നടത്തപ്പെടുകയുണ്ടായി. ഈ സംഘടനകളുടെ പ്രസിഡന്റ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത, വൈസ് പ്രസിഡന്റ് വന്ദ്യ കുര്യൻ ജോൺ റമ്പാൻ എന്നിവരും സെക്രട്ടറിമാരായ ബ. സ്ലീബാ ജോർജ്ജ് ശെമ്മാശൻ, ഡീക്കൻ സ്ലീബാ തമ്പി ശെമ്മാശനും നേതൃത്വം നൽകുകയുണ്ടായി.

2003 മാർച്ച് മുതൽ തെക്കെ അങ്ങാടി എം.ഡി.എം., വൈശ്ശേരി മോർ യൂലിയോസ്, ആർത്താറ്റ് സെന്റ് മേരീസ്, പാറന്നൂർ സെന്റ് മേരീസ്, അകതിയൂർ സെന്റ് ഒസ്താത്തിയോസ് എന്നീ സണ്ടേസ്കൂളുകൾ ചേർത്ത് സിംഹാസന ചർച്ച് സണ്ടേസ്കൂൾ അസ്സോസിയേഷൻ രൂപീകൃതമായി.

Question Bank കൾ Question paper കൾ തയ്യാറാക്കുക, വാർഷിക അർദ്ധവാർഷിക പരീക്ഷ എന്നിവ നടത്തുകയും


സർട്ടിഫിക്കറ്റുകൾ നൽകുകയും, 2016 മുതൽ സണ്ടേസ്കൂൾ പഠനം പൂർത്തിയാക്കാത്തവർക്കായി പത്താം ക്ലാസ്സ് തുല്യത പഠന ക്ലാസ്സുകൾ നടത്തുക എന്നിവയെല്ലാം സണ്ടേസ്കൂൾ അസ്സോസിയേഷന്റെ ചുമതലയിൽ നിർവ്വഹിക്കപ്പെടുന്നു. സണ്ടേസ്കൂൾ അസ്സോസിയേഷന്റെ മേൽനോട്ടത്തിൽ സെന്റ് ഇഗ്നേഷ്യസ് ലൈബ്രറി പ്രവർത്തിച്ചുവരുന്നു.

## സണ്ടേസ്കൂളുകളിലെ മുൻകാല പ്രധാന അദ്ധ്യാപകർ

1. ശ്രീ. റ്റി. പി. ഇട്ട്യേര മാസ്റ്റർ
2. ശ്രീ. കെ. മാണി വർഗ്ഗീസ് മാസ്റ്റർ
3. ശ്രീ. വി. പി. ചാക്കോ
3. പി.പി. താണ്ടമ്മ ടീച്ചർ
4. ശ്രീമതി വി. റ്റി. ചെറുച്ചിക്കുട്ടി (തങ്കമ്മ)



റ്റി. പി. ഇട്ട്യേര മാസ്റ്റർ



കെ. മാണി വർഗ്ഗീസ് മാസ്റ്റർ



വി. പി. ചാക്കോ



പി.പി. താണ്ടമ്മ ടീച്ചർ



വി. റ്റി. ചെറുച്ചിക്കുട്ടി


# മോർ ഒസ്താത്തിയോസ് മെമ്മോറിയൽ ബോയ്സ് അസ്സോസിയേഷൻ

# M.O.M.B.A

1951 ഫെബ്രുവരിയിൽ ബ. വെട്ടിക്കുന്നേൽ ഐപ്പ് മത്തായി കത്തനാരുടെ നേതൃത്തിൽ M. O. M. B. A. സ്ഥാപിതമായി. M. O. M. B. A. യുടെ ആദ്യകാല രക്ഷാധികാരിയായിരുന്നു ശ്രീ. പി. ഐ. മാത്തു മാസ്റ്റർ.

ഭവനരഹിതർക്ക് 'സ്ലീബാ ഭവനം' നിർമ്മിച്ച് നൽകുക, സഭാ കലണ്ടർ പ്രസിദ്ധീകരിക്കുക, പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ റാസാകൾ ക്രമീകരിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. കഴിഞ്ഞ ഏതാനും വർഷങ്ങളായി ക്രിസ്തുമസ് നൈറ്റ് നടത്തുക, ഡയാലിസിസ് കിറ്റുകൾ വിതരണം ചെയ്യുക എന്നീ പ്രവർത്തനങ്ങളും നടന്നു വരുന്നു.

2013 ഏപ്രിൽ 14-ാം തീയതി അഭിവന്ദ്യ മോർ അത്താനാസ്യോസ് ഗീവർഗ്ഗീസ് മെത്രാപ്പോലീത്തായുടെ നമ്പർ SM/160/2013 കൽപന പ്രകാരമുള്ള ഭരണഘടന അനുസരിച്ച് M. O. M. B. A. പ്രവർത്തിച്ചുവരുന്നു.



എം. ഒ. എം. ബി. യുടെ ആഭിമുഖ്യത്തിൽ സൗജന്യമായി നിർമ്മിച്ചുനൽകുന്ന 'സ്ലീബാ ഭവൻ' അഭിവന്ദ്യ മോർ അത്താനാസിയോസ് ഗീവർഗ്ഗീസ് തിരുമേനി അടിസ്ഥാന ശിലയിടുന്നു.




എം. ഒ. എം. ബി. എ. പ്രവർത്തകർ 'സ്ലീബാ ഭവൻ' നിർമ്മിക്കുന്ന വേളയിൽ



എം. ഒ. എം. ബി. യുടെ ആഭിമുഖ്യത്തിൽ ഡയാലിസിസ് കിറ്റ് വിതരണം
അഭിവന്ദ്യ മോർ ദിയസ്കോറോസ് കുര്യാക്കോസ് തിരുമേനി നിർവ്വഹിക്കുന്നു.



2016ൽ എം. ഒ. എം. ബി. എ. പുനർനിർമ്മിച്ച കൊടിമരത്തിന്റെ കൂദാശ
അഭിവന്ദ്യ മോർ ദിയസ്കോറോസ് കുര്യാക്കോസ് തിരുമേനി നിർവ്വഹിക്കുന്നു.



*പ. ഒസ്താത്തിയോസ് ബാവായുടെ പെരുന്നാളിനോടനുബന്ധിച്ചുള്ള റാസയ്ക്ക്*
*എം. ഒ. എം. ബി. യുടെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച രഥം*



*2019ൽ എം. ഒ. എം. ബി. എ. യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്രിസ്തുമസ് നൈറ്റ്*

# Aid for the Physically Challenged

ഭിന്നശേഷിക്കാരായ വ്യക്തികളെ സഹായിക്കുന്നതിനായി Aid for the Physically Challenged എന്ന സംഘടന 1997ൽ സ്ഥാപിതമായി. അംഗവൈകല്യമുള്ളവർക്കും അംഗഭംഗം വന്നവരുമായ നിർദ്ധനർക്ക് അനുയോജ്യമായ കൃത്രിമ കാൽ, വീൽ ചെയർ, വോക്കർ, സ്പൈനൽ ജാക്കറ്റ്, ട്രൈസൈക്കിൾ, ക്രച്ചസ്, എന്നീ ഉപകരണങ്ങൾ സൗജന്യമായി നൽകിവരുന്നു.



*കൃത്രിമ കാൽ മോർ യൂലിയോസ് കുര്യാക്കോസ് തിരുമേനി വിതരണം ചെയ്യുന്നു*




ട്രൈസൈക്കിൾ മോർ യൂലിയോസ് കുര്യാക്കോസ് തിരുമേനി വിതരണം ചെയ്യുന്നു



കൃത്രിമ കാൽ മോർ അത്താനാസ്യോസ് ഗീവർഗ്ഗീസ് തിരുമേനി വിതരണം ചെയ്യുന്നു

# അന്നദാന കമ്മറ്റി

പരിശുദ്ധനായ മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ യുടെ ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി നേർച്ചസദ്യ 1931 മുതൽ നടത്തിവരുന്നു. സദ്യയുടെ പ്രധാന ഇനങ്ങൾ അന്നദാന കമ്മറ്റിയുടെ നേതൃത്വത്തിൽ ക്രമീകരിച്ചുവരുന്നു. ആദ്യകാല ങ്ങളിൽ സദ്യക്കുള്ള കറികൾ പാകം ചെയ്തശേഷം ചെറിയ വള്ളങ്ങളിലാണ് സംഭരിച്ചിരുന്നത്. 1968നു ശേഷം കോൺക്രീറ്റ് ടാങ്കുകൾ പണി തീർക്കുകയുണ്ടായി. നേർച്ച സദ്യക്ക് വ്യക്തി കളും വിവിധ ഇനങ്ങൾ തയ്യാറാക്കികൊണ്ടുവരുന്നു. കേരള ത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നും പ്രത്യേകിച്ച് പരിശുദ്ധ ബാവാ താമസിച്ചിരുന്ന വടവുകോട്, പൊയ്ക്കാട്ടുശ്ശേരി എന്നീ സ്ഥലങ്ങളിൽനിന്നും തീർത്ഥാടകർ വന്നുചേരുന്നു. ചാലിശ്ശേരി, ചേലക്കര, പെങ്ങാമുക്ക് എന്നീ പള്ളികളിൽ നിന്നും മറ്റ് പല സ്ഥലങ്ങളിൽനിന്നും തീർത്ഥാടകർ തലേ ദിവസം തന്നെ വന്നുചേരുന്നു. പെരുന്നാളിനു വന്നുചേരുന്ന വർക്കുള്ള കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ 2020 മാർച്ചിൽ മാത്രമാണ് നേർച്ചസദ്യ നടത്തുന്നതിന് തടസ്സം നേരിട്ടത്.



*പഴയ ഊട്ടുപുരയിൽ പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ ശ്രാദ്ധത്തിനോടനുബന്ധിച്ച് നേർച്ച സദ്യ ഒരുക്കുന്നു. അന്ത്യോഖ്യ സിംഹാസന പ്രതിനിധി വന്ദ്യ അപ്രേം ആബൂദി റമ്പാച്ചനും വികാരി ബ. കെ. വി. കുര്യാക്കോസ് അച്ചനും സമീപം*



അന്നദാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ സൗജന്യ അരിവിതരണം നടത്തുന്നു



പ. ബാവായുടെ പെരുനാളിലെ നേർച്ചസദ്യ



പരിശുദ്ധ ഒസ്താത്തിയോസ് ബാവായുടെ പെരുന്നാളിനോടനുബന്ധിച്ച്
അന്നദാന കമ്മറ്റി ക്രമീകരിക്കുന്ന നേർച്ച സ്വീകരിക്കുന്ന വിശ്വാസികൾ



# Medical Camp

2007 മാർച്ച് മുതൽ സൗജന്യ മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്നു വിതരണവും നടത്തി വരുന്നു.











# വനിതാസമാജം

1919ൽ തെക്കെ അങ്ങാടി മോർ ഒസ്താത്തിയോസ് ഹോൾ സ്ഥാപിച്ചതിന്റെ അടുത്ത വർഷം തന്നെ MDM Gospel Association, MDM Sunday School, Library, MDM സ്ത്രീ സമാജം എന്നിവ കാലം ചെയ്ത മോർ ദിവന്നാസ്യോസ് ജോസഫ് മെത്രാപ്പോലീത്തായുടെ നാമത്തിൽ പ്രവർത്തിച്ചു തുടങ്ങി. സ്തീ സമാജത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി മാസാദ്യ സെയിൽ വാർഷിക ഫാൻസി സെയിൽ എന്നിവ നടത്തുകയും അതിൽനിന്ന് ലഭിക്കുന്ന തുകയിൽനിന്ന് വൈദ്യസഹായം വിവാഹധന സഹായം, പുര പണിയുന്നതിനുള്ള ധനസഹായം, എന്നിവ നൽകിവരുന്നു. സൗജന്യ അരി വിതരണം, തീർത്ഥയാത്ര, മിഷൻ ടൂർ, പ്രാർത്ഥനായോഗം, ധ്യാനയോഗം, എന്നിവയും സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന മറ്റ് പ്രവർത്തനങ്ങളാണ്.

1987ൽ നിർദ്ധനരായവർക്ക് ആടുകളെ വാങ്ങി നൽകുകയും 1989ൽ ഒരു ശിശു സംരക്ഷണ കേന്ദ്രവും, ടെയിലറിംഗ് ക്ലാസ്സുകളും മോർ യൂലിയോസ് ഹാളിൽ ആരംഭിക്കുകയുണ്ടായി. 1995ലെ സുപ്രീം കോടതി വിധിയെ തുടർന്ന് മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് തിരുമേനിയുടെ നിർദ്ദേശപ്രകാരം ‘സിറിയൻ സിംഹാസന ചർച്ച് മർത്തമറിയം വനിതാസമാജം’ രൂപീകരിച്ചു. 1919ൽ പ്രവർത്തിച്ചുവന്നിരുന്ന ‘എം.ഡി.എം. സ്ത്രീ സമാജം’ തുടർന്ന് 1979ൽ സ്ഥാപിതമായ ‘മോർ ഒസ്താത്തിയോസ് സ്ലീബാ മെമ്മോറിയൽ വനിതാ സമാജം’ എന്നിവ ലയിപ്പിച്ചാണ് സിറിയൻ സിംഹാസന ചർച്ച് മർത്തമറിയം വനിതാസമാജം രൂപീകൃതമായത്.





വനിതാ സമാജം അംഗങ്ങൾ – മിഷൻ ടൂർ 2009



വനിതാ സമാജം അംഗങ്ങൾ

# ഷെവലിയർമാരും കമാണ്ടറും



*ഷെവ. റ്റി. സി. ഐപ്പ്*
*Decorated in 1982*



*ഷെവ. ചീരൻ വർക്കി*
*Decorated in 1998*




*കമാണ്ടർ ജോയ് പനയ്ക്കൽ*
*Decorated in 2003*

# ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസനപള്ളി ആരാധകരായിരുന്ന

## ബഹുമാനപ്പെട്ട പട്ടക്കാരും റമ്പാനും

## 1. ചീരൻ ചുമ്മാരു മകൻ വർഗ്ഗീസ് കശ്ശീശ* (ചാമക്കാടച്ചൻ) (1890–1970)

ചീരൻ ചുമ്മാരു മകനായ ശ്രീ വർഗ്ഗീസ് 1890 മെയ് 14–ാം തീയതി ജനിച്ചു. 1904 ഏപ്രിൽ 19–ാം തീയതി പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസ് ജോസഫ് മെത്രാപ്പോലീത്ത പഴഞ്ഞി പള്ളിയിൽ വച്ച് ചീരൻ വർഗ്ഗീസിന് കോറൂയോപട്ടം നൽകി. (പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസ് ജോസഫ് മെത്രാപ്പോലീത്ത 1852ൽ വിശുദ്ധ കൂറിലോസ് യുയാക്കീം ബാവായാൽ ചാലിശ്ശേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽവച്ച് വൈദികനായും 1865ൽ തുർക്കിയിലെ ആമീദിൽവച്ച് പരിശുദ്ധ യാക്കോബ് രണ്ടാമൻ ബാവായാൽ (1847–1871) മെത്രാപ്പോലീത്തയായും വാഴിക്കപ്പെട്ടു). ചേലക്കര പുലിക്കോട്ടിൽ ചാക്കോയുടെ മകൾ അന്നമ്മയെ 1918ൽ വിവാഹം കഴിച്ചു. പ. ഒസ്താത്തിയോസ് ബാവായുടെ സെക്രട്ടറിയായും പരിഭാഷകനായും പ്രവർത്തിച്ചിട്ടുണ്ട്. പ. ഒസ്താത്തിയോസ് ബാവായിൽനിന്നും 1925 ജൂൺ 25–ാം തീയതി പാണംപടിപള്ളിയിൽവച്ച് കശ്ശീശ സ്ഥാനം സ്വീകരിച്ചു. ബ. വർഗ്ഗീസ് അച്ചന് നാല് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ടായിരുന്നു. പിന്നീട് പിറവം, പള്ളം, കാനം, എരുമേലി എന്നീ പള്ളികളിലാണ് ശുശ്രൂഷകൾ നിർവ്വഹിച്ചത്. 1935–36 വർഷങ്ങളിൽ പള്ളം സെന്റ് ഇഗ്നാത്തിയോസ് (കല്ലൂപ്പറമ്പിൽ) പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചിട്ടുണ്ട്. അതേ കാലഘട്ടത്തിൽ ബ. മോശ അച്ചനും (d. 1990) ഈ പള്ളിയിൽ തവണകൾ നടത്തിയിരുന്നു. 1940–1943 കാലഘട്ടത്തിൽ ബഹുമാനപ്പെട്ട ചീരൻ വർഗ്ഗീസ് അച്ചൻ സുൽത്താൻബത്തേരി പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിക്കുകയും വയനാട്ടിൽ പല പള്ളികൾക്കും ആരംഭം കുറിക്കുകയും ചെയ്തു. അക്കാലത്ത് വയനാട്ടിൽ മലമ്പനി ബാധിച്ച് ഏറെപ്പേർ മരിക്കുകയും അവിടെയെല്ലാം ആവശ്യമായ ശുശ്രൂഷകൾ



*ബ. ചീരൻ വർഗ്ഗീസ് കശ്ശീശ*

---

***ബ. വർഗ്ഗീസ് കശ്ശീശയുടെ രണ്ടാമത്തെ മകനായ ശ്രീ. സി. വി. ജെയിംസ്, ഹൈദരാബാദ് ആണ് ഈ വിവരങ്ങൾ ലഭ്യമാക്കിയത്.**

അച്ചൻ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. 1942ൽ മക്കളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്കായി കുന്നംകുളത്ത് തിരിച്ചു വന്നെങ്കിലും കുന്നംകുളത്ത് തുടരുന്നതിന് സാധ്യമായില്ല (Ext. P 92). ഈ കാലഘട്ടത്തിൽ കുന്നംകുളം സിംഹാസന പള്ളിയിൽ വെട്ടിക്കുന്നത്ത് മത്തായി അച്ചനും ചെറുവത്തൂർ മാത്തു കത്തനാരും ശുശ്രൂഷകൾ നിർവ്വഹിച്ചിരുന്നു. 1970 മാർച്ച് 25-ാം തീയതി (പെസഹാ ബുധനാഴ്ച) ബ. ചീരൻ വർഗ്ഗീസ് അച്ചൻ നിര്യാതനായി. അന്ത്യോഖ്യാ സിംഹാസന പ്രതിനിധി വന്ദ്യ അപ്രേം ആബൂദി റമ്പാച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ ആർത്താറ്റ് സിംഹാസന പള്ളിയിൽ കബറടക്കി.

## 2. ബ. പുലിക്കോട്ടിൽ സൈമൺ കശ്ശീശ (1887-1947)


പുലിക്കോട്ടിൽ സൈമൺ കശീശ്ശ

ബ. പുലിക്കോട്ടിൽ സൈമൺ കശ്ശീശ (ചുമ്മാരച്ചൻ) 1887 ഫെബ്രുവരി 28-ാം തീയതി ജനിച്ചു. 1901 ഡിസംബർ 14ന് (1077 ധനു 21) പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസ് ജോസഫ് മെത്രാപ്പോലീത്തായിൽനിന്ന് കൊറൂയോ പട്ടം കിട്ടി. 1922 ഡിസംബർ 3ന് (1098 ധനു 18) മോർ അത്താനാസ്യോസ് പൗലോസ് വലിയ തിരുമേനിയിൽനിന്ന് ദയറാക്കാരനായി കശ്ശീശ സ്ഥാനം ഏറ്റു. മുളയിരിക്കൽ പൗലോസ് റമ്പാച്ചനോടൊന്നിച്ച് ദീർഘകാലം ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ താമസിച്ചു. ഏതാണ്ട് 30 വർഷത്തോളം വലിയ തിരുമേനിയുടെ ശുശ്രൂഷകനായിരുന്നു. 1931ൽ കോട്ടയം അങ്കമാലി ഇടവകകളുടെ കടവിൽ മോർ അത്താനാസ്യോസ് പൗലോസ് (1833-1907) തിരുമേനിയുടെ ജീവചരിത്രം രചിച്ചിട്ടുണ്ട്. 1947 ഫെബ്രുവരി 11-ാം തീയതി നിര്യാതനായി ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസന പള്ളിയിൽ കബറടക്കി. (ദിവ്യശ്രീ പുലിക്കോട്ടിൽ സൈമൺ കത്തനാരുടെ അനുജൻ ഉതുപ്പിന്റെ മകനാണ് സിംഹാസന പള്ളിയുടെ ക്ലാർക്കായിരുന്ന ശ്രീ. കൊച്ചുകുഞ്ഞ്)

## 3. തെക്കേക്കര മാത്തു മകൻ ജേക്കബ് കശ്ശീശ (ഇയ്യാക്കച്ചൻ) (1893–1957)

കുന്നംകുളം തെക്കേക്കര മാത്തുവിന്റെ മകനായ ജേക്കബ് (ഇയ്യാക്കു) 1893 നവംബർ 12-ാം തീയതി ജനിച്ചു. ജേക്കബിന് ഒരു സഹോദരനും മൂന്ന് സഹോദരിമാരും ഉണ്ടായിരുന്നു (ഇളച്ചാർ എന്ന സഹോദരിയെ വടക്കൻ പൈലുണ്ണി വിവാഹം കഴിച്ചു). ഇയ്യാക്കു ദൈവഭയത്തിൽ വളരുകയും (മർത്തോമ്മാ സഭയിൽ?) സുവിശേഷകനായിത്തീരുകയും ചെയ്തു. പരിശുദ്ധ ഒസ്ത്താത്തിയോസ് ബാവാ കുന്നംകുളത്ത് വന്നതിനു ശേഷം ഇയ്യാക്കു ബാവായെ കാണുകയും ബാവായുടെ സുവിശേഷ തൽപരതയിൽ ആകൃഷ്ടനാകുകയും ബാവായെ അനുഗമിക്കുകയും ചെയ്തു. തുടർന്ന് പൗരോഹിത്യം സ്വീകരിച്ച് കശ്ശീശ ആകുകയും ബാവായുടെ അന്ത്യംവരെ കൂടെ താമസിച്ച് ബാവായെ ശുശ്രൂഷിക്കുകയും ചെയ്തു. അവിവാഹിതനായ ബ. ഇയ്യാക്കച്ചൻ വയനാട്ടിൽ സുവിശേഷവേല ചെയ്യുകയും 1948 സെപ്റ്റംബർ മാസം 20-ാം തീയതി വേളംകോട് സെന്റ് മേരീസ് യാക്കോബായ പള്ളിയുടെ പണി ആരംഭിക്കുകയും 1953 നവംബർ 30-ാം തീയതി വരെ സ്ഥാപക വികാരി എന്ന നിലയിൽ ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്തു. തെക്കേക്കര യാക്കോബച്ചന്റെ സ്മരണാർത്ഥം വേളംകോട് (കോഴിക്കോട്-താമരശ്ശേരി) പള്ളിയിൽ ഒരു കൊടിമരം സ്ഥാപിച്ചിട്ടുണ്ട്[2]. ബ. അച്ചൻ തൃശ്ശൂർ മാന്ദാമംഗലം പള്ളിയിലും ശുശ്രൂഷകൾ നടത്തിയിട്ടുണ്ട്. തന്റെ 64-ാം വയസ്സിൽ 1957 ജനുവരി 18-ാം തീയതി നിര്യാതനായി. 19-ാം തീയതി ആർത്താറ്റ് സെന്റ് മേരീസ് സിറിയൻ സിംഹാസന പള്ളിയിൽ കബറടക്കി.



*ബ. തെക്കേക്കര ഇയ്യാക്കു അച്ചൻ*[1]

---

1. വടക്കൻ ശ്രീ. പൈലുണ്ണി മകൻ പാപ്പച്ചൻ വരച്ച ചിത്രം.
2. വേളംകോട് വന്ദ്യ ഏലിയാസ് കോർഎപ്പിസ്കോപ്പയാണ് ഈ വിശദാംശം ലഭ്യമാക്കിയത്.

## 4. പുലിക്കോട്ടിൽ ശർവ്വോയൊ യാക്കോബ് റമ്പാൻ (? –1927)

പുലിക്കോട്ടിൽ ചെറിയാക്കൂ വറീതിന്റെ മകനായ യാക്കോബിന് മൂന്ന് സഹോദരന്മാരും മൂന്ന് സഹോദരിമാരും ഉണ്ടായിരുന്നു. മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ യാക്കോബിന് ശെമ്മാശപട്ടം നൽകി. ബാവായോടുകൂടി താമസിച്ചിരുന്ന യാക്കോബ് ശെമ്മാശൻ 1926ൽ ഉപരിപഠനാർത്ഥം ഊർശ്ലേമിലേക്ക് പോയി. അവിടെ വച്ച് യാക്കോബ് ശെമ്മാശൻ ശർവ്വോയോ റമ്പാൻ സ്ഥാനം സ്വീകരിച്ച് പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവായുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. 1927 മെയ് 1-ാം തീയതി (1102 മേടം 18) നിര്യാതനായി. വി. മർക്കോസിന്റെ മാളികയിലെ ചാപ്പലിൽ അടക്കം ചെയ്തു.


ശർവോയൊ യാക്കോബ് റമ്പാൻ, പുലിക്കോട്ടിൽ


2000 മെയ് 9-ാം തീയതി പുലിക്കോട്ടിൽ യാക്കോബ് റമ്പാന്റെ ഊർശ്ലേമിലെ കബറിടത്തിൽ മോർ യൂലിയോസ് കുര്യാക്കോസ് മെത്രാപ്പോലീത്ത ധൂപപ്രാർത്ഥന നടത്തുന്നു

## 5. അന്തിക്കാട് എ.വി. ജേക്കബ് കശ്ശീശ (1936–2003)

കുന്നംകുളം അന്തിക്കാട് ഡോ. റ്റി. എ. വർഗ്ഗീസിന്റെയും മേരിയുടെയും മകനായ ജേക്കബ് 1936 ജനുവരി 9–ാം തീയതി ജനിച്ചു. കോട്ടയം, ഒളശ്ശ, കളപ്പുരയ്ക്കൽ ജോണിന്റെയും ഏലിയാമ്മയുടെയും മകളായ എലിസബത്തിനെ 1969 ജനുവരി 20–ാം തീയതി കുന്നംകുളം സിംഹാസനപള്ളിയിൽവച്ച് വിവാഹം ചെയ്തു. കശ്ശീശയായശേഷം പെങ്ങാമുക്ക്, വലമ്പൂർ, തൃക്കണായി എന്നീ പള്ളികളിലും തുടർന്ന് പെരുമ്പാവൂരിനടുത്ത പള്ളികളിലും ശുശ്രൂഷകൾ നിർവ്വഹിക്കുകയും പെരുമ്പാവൂർ സെന്റ് തോമസ് അനാഥശാലയ്ക്കടുത്ത് സ്ഥിരതാമസമാക്കുകയും ചെയ്തു. 2003 ആഗസ്റ്റ് 29–ാം തീയതി നിര്യാതനായ ബ. ജേക്കബ് അച്ചനെ ആലുവ യു.സി. കോളജിനടുത്തുള്ള സെന്റ് മേരീസ് യാക്കോബായ ചാപ്പലിൽ കബറടക്കി.



അന്തിക്കാട്ട്
ബ.എ.വി. ജേക്കബ് കശ്ശീശ

# പരിശുദ്ധനായ ഒസ്താത്തിയോസ് സ്ലീബാ ബാവായിൽനിന്നും

## പൗരോഹിത്യം സ്വീകരിച്ച വൈദിക സ്ഥാനികൾ

## 1. റവ. ഫാ. റ്റി. സി. മോസസ് (മോശയച്ചൻ*) (1910–1990)



ബ. റ്റി. സി. മോസസ്സ്

കുന്നംകുളത്തിന് സമീപമുള്ള പെങ്ങാമുക്ക് എന്ന ഗ്രാമത്തിൽ തോലത്ത് ശ്രീ. ചാക്കോ ചാക്കുണ്ണിയുടെയും ശ്രീമതി കുഞ്ഞീറ്റിയുടെയും പുത്രനായി 1910 ജൂലൈ 25ന് (കർക്കടം 10) ഐപ്പ് ജനിച്ചു. സ്വപിതാവിനോടുകൂടെ കുന്നംകുളം സിംഹാസന പള്ളിയിൽ പരിശുദ്ധ സ്ലീബാ മാർ ഒസ്താത്തിയോസ് ബാവയെ സന്ദർശിച്ചപ്പോൾ, വേനൽചൂടിൽ വിയർക്കുന്ന ബാവായെ കണ്ട് ബാലനായ ഐപ്പ് സമീപത്ത് കിടന്ന പാളവിശറി എടുത്ത് ബാവയെ വീശി. പൈതലിനെ കോരിയണച്ചുകൊണ്ട് 'ഇവനെ എനിക്ക് തരണം' എന്ന് ബാവ പിതാവിനോട് പറഞ്ഞു. ഏക ആൺ മകനായതിനാൽ ശ്രീ. ചാക്കുണ്ണി മറുപടി ഒന്നും നൽകിയില്ല. വർഷങ്ങൾക്കുശേഷം ഒരു ആൺകുഞ്ഞ് കൂടി ജനിച്ചപ്പോൾ അദ്ദേഹം മൂത്തമകനായ ഐപ്പിനെ ബാവായെ ഏൽപിച്ചു.

1922 ഏപ്രിൽ 9–ാം തീയതി നി. വ. ദി. ശ്രീ. മോർ ഒസ്താത്തിയോസ് ബാവാ ഐപ്പിന് ശെമ്മാശൻ പട്ടം നൽകി. തുടർന്ന് ബാവയോടൊപ്പം താമസിച്ചു. ഇടയ്ക്ക് തന്റെ അമ്മ വീടുള്ള മൂലേപ്പാട് എന്ന സ്ഥലത്തേക്ക് ശെമ്മാശൻ പോകുമായിരുന്നു. അവിടെയുള്ള കൊതുമ്പ് വള്ളം തുഴയുക എന്നത് ശെമ്മാശന്റെ വിനോദമായിരുന്നു. വെള്ളംപൊങ്ങിയ ഇടവപ്പാതിക്കാലത്ത്, 13 വയസ്സുള്ള 'ശെമ്മാശൻകുട്ടി' കൊതുമ്പു വള്ളത്തിൽ തുഴഞ്ഞു നടന്നു. ശക്തമായ കാറ്റിൽ വള്ളം മറിഞ്ഞ് ശെമ്മാശൻ മുങ്ങി. നേരം കുറെ കഴിഞ്ഞിട്ടും ശെമ്മാശൻ മടങ്ങി വരാതായപ്പോൾ അന്വേഷണമായി. ശെമ്മാശന്റെ തൊപ്പിയും വള്ളവും വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നത് കണ്ടെത്തി. ആ സ്ഥലത്ത് നാട്ടുകാർ മുങ്ങിത്തപ്പുകയും ശെമ്മാശന്റെ ശരീരം കണ്ടെടുക്കുകയും ചെയ്തു.

---

*ബ. മോശയച്ചന്റെ മകൻ ശ്രീ. റ്റി. മോസസ് തോമസ്, അടൂർ; ശ്രീ. കുര്യൻ പി. ജോർജ്ജ്, പള്ളം എന്നിവരാണ് ഈ വിവരങ്ങൾ ലഭ്യമാക്കിയത്.

ഡോ. എച്ച്. എൻ. കമ്മത്ത് ശെമ്മാശനെ പരിശോധിച്ചെങ്കിലും തന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തി. വിവരം അറിഞ്ഞ ബാവ 'അവനെ ഇങ്ങ് കൊണ്ടുവരിക' എന്നു കൽപിച്ചു. അതിൻപ്രകാരം ശെമ്മാശന്റെ ശരീരം ബാവയുടെ സന്നിധിയിൽ എത്തിച്ചു. ശരീരം ഏറ്റുവാങ്ങി മുറിയിൽ കടന്ന് ബാവ വാതിലടച്ചു. കുറെ സമയം കഴിഞ്ഞിട്ടും കതക് തുറക്കുന്നില്ല. പിന്നീട് അതിരാവിലെ മുറി തുറന്ന് പുറത്ത് വന്ന ബാവയുടെ കൈപിടിച്ച് പുറത്തേക്ക് വന്ന ശെമ്മാശനെ കണ്ട് കൂടിനിന്ന ജനം അത്ഭുതപ്പെട്ടു. ബാവാ നേരെ ശെമ്മാശനെയും കൂട്ടി പള്ളിയിലേക്ക് കയറി. വി. കുർബ്ബാന അർപ്പിച്ചു. വെള്ളത്തിൽനിന്ന് വലിച്ചെടുക്കപ്പെട്ടവൻ എന്നതിനാൽ ഇവൻ ഇനി മുതൽ 'മോശ' എന്ന പേരിൽ അറിയപ്പെടും എന്ന് പ്രഖ്യാപിച്ചു.

പരിശുദ്ധ ബാവയോടൊപ്പം ശെമ്മാശൻ വിവിധ പള്ളികളിൽ പോകുമായിരുന്നു. അങ്ങനെ ശെമ്മാശൻ കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ പള്ളിയിൽ പോയപ്പോൾ തേക്കാട്ടിൽ (ഉമയാറുകര കുനിയാടത്ത്) തോമസിന്റെ സീമന്തപുത്രിയായ മറിയാമ്മയെ വിവാഹാലോചന നടത്തുകയും പിന്നീട് വിവാഹം കഴിക്കുകയും ചെയ്തു. എന്നാൽ ക്നാനായ സമുദായ ചട്ടങ്ങളുടെ ലംഘനം ഉണ്ടായതിനാൽ ആ പള്ളിയുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഉടലെടുത്തു. ഇതിനെതുടർന്ന് 1927 (1102 M. E.) മകരമാസം 24-ാം തീയതി വടകര യൂഹാനോൻ മാംദാനാ സുറിയാനി പള്ളിയിൽ പരിശുദ്ധ ഒസ്താത്തിയോസ് ബാവാ എഴുന്നെള്ളിയിരിക്കുമ്പോൾ ബ. മോശ ശെമ്മാശൻ ബാവായെ കണ്ട് ഒരു ഉടമ്പടി സമർപ്പിച്ചു (Kunnamkulam Archives, Document No. 221 & 222).

അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായ മോർ യൂലിയോസ് ഏലിയാസ് ബാവാ 1931 ജനുവരി 18-ാം തീയതി ബ. മോശ ശെമ്മാശന് കശ്ശീശപട്ടം നൽകി. നവാഭിഷിക്തനായ വൈദികൻ മാതൃ ഇടവകയായ പെങ്ങാമുക്ക് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ 1931 ഫെബ്രുവരി 14-ാം തീയതി പ്രഥമ ദിവ്യബലി അർപ്പിച്ചു. തുടർന്ന് പെങ്ങാമുക്ക് പള്ളി വികാരിയായി സേവനം അനുഷ്ഠിച്ചു. പിന്നീട് (1935-36) കോട്ടയം, പള്ളം സെന്റ് ഇഗ്നാത്തിയോസ് പള്ളിയിൽ സേവനം അനുഷ്ഠിച്ചു. ബ. മോശയച്ചന് ഒരു മകനും മൂന്ന്

പെൺമക്കളും ഉണ്ടായിരുന്നു. ആലുവയിലെ തിരുമേനിയുടെ നിർദ്ദേശപ്രകാരം ഏരുമേലി മാർ ഇഗ്നാത്തിയോസ് പള്ളി വികാരിയായി. എരുമേലി പള്ളിയിൽ 1985 വരെ വികാരി യായി തുടർന്നു. വാർദ്ധക്യസഹജമായ അസുഖങ്ങളാൽ ശുശ്രൂഷ തുടരാൻ സാധിക്കാതെ വിശ്രമ ജീവിതം നയിച്ചു വരവെ 1990 മെയ് 24–ാം തീയതി നിര്യാതനായി. എരുമേലി മാർ ഇഗ്നാത്തിയോസ് പള്ളിയിൽ കബറടക്കപ്പെട്ടു

## 2. കണിയാംപറമ്പിൽ വന്ദ്യ കുര്യൻ ആർച്ച് കോർഎപ്പിസ്കോപ്പാ (1913–2015)

കാഞ്ഞിരമറ്റം കണിയാംപറമ്പിൽ പൗലോസിന്റെയും ആയമ്മയുടെയും മകനായ കുര്യൻ 1913 ഫെബ്രുവരി 27–ാം തീയതി ജനിച്ചു. 1925ൽ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന മോർ ഒസ്താത്തിയോസ് സ്ലീബാ ബാവാ കുര്യന് ശെമ്മാശപട്ടം നൽകി.



വന്ദ്യ കണിയാംപറമ്പിൽ കുര്യൻ ആർച്ച് കോർഎപ്പിസ്കോപ്പാ

1931ൽ ആലുവായിലെ അത്തനാസ്യോസ് വലിയ തിരുമേനിയിൽ നിന്ന് കശ്ശീശ പട്ടം സ്വീകരിച്ചു. തുടർന്ന് 1934–1959 കാലഘട്ടത്തിൽ തിരുവല്ല കട്ടപ്രത്ത് പള്ളിയിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. 1950ൽ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന മോർ യൂലിയോസ് ഏലിയാസ് ബാവായിൽ നിന്ന് കോർ എപ്പിസ്കോപ്പാ സ്ഥാനം സ്വീകരിച്ചു. 1959 മുതൽ 1996 വരെ തിരുവല്ല സെന്റ് ജോർജ്ജ് സിംഹാസന പള്ളിയിൽ വികാരിയായി. വന്ദ്യ കുര്യൻ കോർ എപ്പിസ്കോപ്പ നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുള്ളതു കൂടാതെ Syriac - English Dictionary, Malayalam - Syriac Dictionary എന്നിവയും എഴുതിയിട്ടുണ്ട്. സുറിയാനി ഭാഷാ ബോധനത്തിലും പരിഭാഷ ചെയ്യുന്നതിലുമുള്ള ഇദ്ദേഹത്തിന്റെ നൈപുണ്യം പ്രശംസനീയമാണ്. O. S. 4/79 നമ്പർ സഭാ കേസിലെ ആറു മാസം നീണ്ടുനിന്ന വിസ്താരത്തിൽ 1082 പേജുകളിലായി രേഖപ്പെടുത്തപ്പെട്ട

മൊഴി ശ്രദ്ധേയമാണ്. നിരവധി പുരസ്കാരങ്ങളും മെഡലുകളും ബഹുമതികളും അച്ചന് ലഭിച്ചിട്ടുണ്ട്. മോറാൻ അഫ്രേം പ്രഥമൻ ബാവാ 'മോർ യാക്കോബ് മെഡൽ', മോറാൻ യാക്കൂബ് മൂന്നാമൻ ബാവാ 'മോർ അഫ്രേം മെഡൽ', മോറാൻ സാഖാ ഒന്നാമൻ ബാവാ 'The order of St. Ignatius, Theophorus' എന്നിങ്ങനെ മെഡലുകളും വിവിധ സർവ്വകലാശാലകൾ ബഹുമാനാർത്ഥം ഡോക്ട്രേറ്റുകളും നൽകിയിട്ടുണ്ട്. 2013ൽ കുന്നംകുളത്ത് മോർ ഒസ്താത്തിയോസ് ബാവായുടെ കബറിങ്കൽ വന്ന് പ്രാർത്ഥിക്കുകയും ദീർഘസമയം ചെലവഴിക്കുകയും ചെയ്തു. 2015 ഒക്ടോബർ 19-ാം തീയതി കണിയാംപറമ്പിൽ കുര്യൻ ആർച്ച് കോർ എപ്പിസ്കോപ്പാ നിര്യാതനായി മാതൃ ഇടവകയായ കാഞ്ഞിരമറ്റം സെന്റ് ഇഗ്നാത്തിയോസ് പള്ളിയിൽ കബറടക്കപ്പെട്ടു.

### 3. കുമരകം വായിത്ര വന്ദ്യ പുന്നൂസ് കോർഎപ്പിസ്കോപ്പാ (1901–1987)

പുന്നൂസ് 1901 ജൂൺ 1-ാം തീയതി (ഇടവം 14) ജനിച്ചു. അച്ചന് അഞ്ച് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ടായിരുന്നു. 1921ൽ കുന്നംകുളം സിംഹാസനപള്ളിയുടെ പണി ആരംഭിച്ച സമയത്ത് ഒരു താൽക്കാലിക ഷെഡിൽവച്ച് പരിശുദ്ധ ഒസ്താത്തിയോസ് ബാവായിൽനിന്ന് ശെമ്മാശപ്പട്ടം സ്വീകരിച്ചു. തുടർന്ന് കുന്നംകുളം സിംഹാസന പള്ളിയിൽ രണ്ടു വർഷത്തോളം താമസിച്ചു. കോതമംഗലം ബ. ഇട്ടീര മൽപ്പാനച്ചന്റെ അടുക്കൽ വൈദിക പഠനം പൂർത്തിയാക്കുകയും 1929 ഫെബ്രുവരിയിൽ കുമരം ആറ്റാമംഗലം പള്ളിയിൽവച്ച് അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന മോർ യൂലിയോസ് ഏലിയാസ് ബാവായിൽനിന്ന് കശ്ശീശ സ്ഥാനം സ്വീകരിച്ചു. തുടർന്ന് പാക്കിൽ സെന്റ് തോമസ്, ആലപ്പുഴ സെന്റ് ജോർജ്ജ്, ചെങ്ങളം സെന്റ് മേരീസ് ക്നാനായ, കുമരകം ആറ്റാമംഗലം സെന്റ് ജോൺസ് എന്നീ പള്ളികളിൽ സേവനം അനുഷ്ഠിച്ചു. 1975 മെയ് മാസത്തിൽ ദമസ്കോസിൽ



വന്ദ്യ വായിത്ര പുന്നൂസ് കോർഎപ്പിസ്കോപ്പാ

വച്ച് മോറാൻ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ കോർ എപ്പിസ്കോപ്പ സ്ഥാനം നൽകി. 1987 ഡിസംബർ 31–ാം തീയതി നിര്യാതനായി കുമരകം ആറ്റാമംഗലം പള്ളിയിൽ കബറടക്കി.

## 4. പുളിക്കപ്പറമ്പിൽ വന്ദ്യ ജോസഫ് കോർഎപ്പിസ്കോപ്പാ (1916–2003)

പുളിക്കപ്പറമ്പിൽ ബ. പുന്നൂസച്ചന്റെയും അച്ചാമ്മയുടെയും നാലാമത്തെ മകനായ തമ്പി 1916 ജനുവരി 17–ാം തീയതി ജനിച്ചു. 1927 ഓഗസ്റ്റ് 22–ാം തീയതി വടവുകോട് യാക്കോബായ പള്ളിയിൽവച്ച് മോർ ഒസ്താത്തിയോസ് സ്ലീബാ ബാവായിൽനിന്ന് ശെമ്മാശപ്പട്ടം സ്വീകരിച്ച് ജോസഫ് എന്ന പേരിൽ അറിയപ്പെട്ടു. 1945 ആഗസ്റ്റ് 3–ാം തീയതി മോർ ദിവന്നാസ്യോസ് മീഖായേൽ തിരുമേനിയിൽ നിന്ന് കശ്ശീശ പട്ടം സ്വീകരിച്ചു. 1948 മുതൽ 1976 വരെ സി.എം.എസ്. കോളജിൽ ചരിത്ര അദ്ധ്യാപകനായും വൈസ് പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചു. 1977 ഫെബ്രുവരി 6–ാം തീയതി ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ ബ. ജോസഫ് അച്ചന് കോർഎപ്പിസ്കോപ്പ സ്ഥാനം നൽകി. കോട്ടയം ഭദ്രാസന സെക്രട്ടറിയായിരുന്ന കാലഘട്ടത്തിലാണ് 1981ൽ കോട്ടയം സെന്റ് ജോസഫ്സ് കത്തീഡ്രലിന്റെ നിർമ്മാണം ആരംഭിച്ചത്. സഭയിലെ പ്രധാനപ്പെട്ട പല പദവികളും കോർ എപ്പിസ്കോപ്പ അലങ്കരിച്ചിട്ടുണ്ട്. മഞ്ഞനിക്കര ദയറാ കമ്മറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കോർഎപ്പിസ്കോപ്പ 2003 നവംബർ 26–ാം തീയതി നിര്യാതനായി ചെങ്ങളം സെന്റ് തോമസ് പള്ളിയിൽ കബറടക്കപ്പെട്ടു.


വന്ദ്യ പുളിക്കപ്പറമ്പിൽ ജോസഫ് കോർഎപ്പിസ്കോപ്പാ

## 5 തിരുവാർപ്പ് നേര്യന്ത്ര ബ. മത്തായി കത്തനാർ (1893–1957)

തിരുവാർപ്പ് നേര്യന്ത്ര മാത്തുണ്ണിയുടെയും മറിയാമ്മയുടെയും മൂത്ത മകനായ മത്തായി 1893 (1068) ചിങ്ങം 24-ാം തീയതി ജനിച്ചു. മത്തായിയെ വൈദികനാക്കണമെന്ന് ആഗ്രഹവുമായി 1910ൽ മോർ കൂറിലോസ് പൗലോസ് തിരുമേനിയെ സമീപിച്ചു. 1910ൽ പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദേദ് ആലോഹോ രണ്ടാമൻ പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശിച്ച വേളയിൽ 1085 ധനു 17-ാം തീയതി മുളന്തുരുത്തി മർത്തോമ്മൻ പള്ളിയിൽവച്ച് മത്തായിയെ മസമറോനൊയാക്കി. 1086ൽ പിറവം പള്ളിയിൽ


ബ. നേര്യന്ത്ര മത്തായി കശ്ശീശ

വച്ച് പുണ്യശ്ലോകനായ മോർ കൂറിലോസ് പൗലോസ് തിരുമേനിയിൽനിന്ന് ശെമ്മാശപട്ടം സ്വീകരിച്ചു. തുടർന്ന് ദിവ്യശ്രീ കോനാട്ട് മാത്തൻ കോർ എപ്പിസ്കോപ്പായുടെ അടുക്കൽ വൈദികപഠനം പൂർത്തിയാക്കി. 1094ൽ മത്തായി ശെമ്മാശൻ പരിപ്പു കരയിൽ പറവത്തേൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. തുടർന്ന് പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവാ 1918 (1093?) കന്നി മാസം 19-ാം തീയതി കോട്ടയം പാണംപടി സെന്റ് മേരീസ് പള്ളിയിൽവച്ച് കശ്ശീശ സ്ഥാനം നൽകി. 1957 ഒക്ടോബർ 26-ാം തീയതി നിര്യാതനായ ബ. മത്തായി കത്തനാരെ പാണംപടി പള്ളിയിൽ കബറടക്കി. (അഭിവന്ദ്യ തോമസ് മോർ അലക്സന്ത്രയോസ് തിരുമേനിയുടെ വല്യപ്പനാണ് ബ. മത്തായി കശ്ശീശ).

# നന്ദി


ആർത്താറ്റ് സിംഹാസന പള്ളിയുടെ ശതാബ്ദിയുമായി ബന്ധപ്പെട്ട് 2020 ഒക്ടോബർ 9–ാം തീയതി ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനായി ആഗ്രഹിച്ചിരുന്നു. എന്നാൽ കോവിഡ്–19ന്റെ പശ്ചാത്തലത്തിൽ അതിന് സാധിച്ചില്ല.

ഈ ഗ്രന്ഥ രചനയുമായി ബന്ധപ്പെട്ട് പരിശുദ്ധ ഒസ്താത്തിയോസ് സ്ലീബാ ബാവായുടെ ഏതാനും എഴുത്തുകൾ പരിഭാഷപ്പെടുത്തി തന്ന Professor Sebastain Brock, Oriental Institute, Oxford, UK; Dr. (Dn) Ephrem Aboud Ishack, Post-doctoral Fellow, Vestigia Manuscript Research Centre, University of Graz; Rev. Fr. Jose Paitiel, USA; എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഈ പുസ്തകത്തിന്റെ ആദ്യപ്രതി വായിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ റവ. ഫാ. സിജി മാത്യു, അഡ്വ. ചാക്കോ ജോർജ്ജ് പനയ്ക്കൽ, ശ്രീ താരപ്പൻ ജോൺ, ശ്രീ. ജോർജ്ജ് ജോബ്, ശ്രീ. എ.സി. വർഗ്ഗീസ്, ശ്രീ. വി. ഐ. റെന്നി, ശ്രീ. സി. എം. സഖറിയ, എന്നിവരോടും പ്രത്യേകിച്ച് അദ്ധ്യായങ്ങൾ ക്രമീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയ ശ്രീ. വി. സി. ഗീവർഗ്ഗീസ് എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു.

ഡി.റ്റി.പി. ജോലികൾ നിർവ്വഹിക്കുകയും മൂന്നിലധികം തവണ പുസ്തകത്തിന്റെ പുനഃക്രമീകരണം ചെയ്യുന്നതിന് ബദ്ധപ്പെട്ട ശ്രീ ജൂലിയസ് സി. എബ്രഹാം (Megapixel Designs, Kottayam), പ്രിന്റിംഗ് ജോലി നിർവ്വഹിച്ച M/s Dona Color Graphs, Kottayam എന്നിവരോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. പോരായ്മകളും തെറ്റുകളും കണ്ടേക്കാമെങ്കിലും ഈ ഗ്രന്ഥം പൂർത്തീകരിക്കുന്നതിന് എന്നെ പ്രാപ്തനാക്കിയ ത്രിയേക ദൈവത്തെ മഹത്വപ്പെടുത്തുന്നു.

**കോർ എപ്പിസ്കോപ്പ മാണി രാജൻ** M.Sc., M.Ed., Ph.D.


മശിഹൈക്യസ്വഭാവം
സ്ലീബാ മാർ ഒസ്താത്തിയോസ് ബാവ
പ്രസാധകർ
സൂവനീർ കമ്മിറ്റി
സെൻറ് മേരീസ് സിംഹാസന പള്ളി
ആർത്താറ്റ് - കുന്നംകുളം
യാക്കോബായക്കാർ
സ്ലീബാ മാർ ഒസ്താത്തിയോസ് ബാവ
സൂവനീർ കമ്മിറ്റി
സുറിയാനി സഭയിലെ
വിശുദ്ധ കുർബ്ബാനക്രമം
St. Mary's Syrian Simhasana Church
Arthat, Kunnamkulam
നിദ്ര പ്രാപിക്കുന്നവർക്ക്
വേണ്ടിയുള്ള
പ്രാർത്ഥനകളും, ക്രമങ്ങളും
സെന്റ് മേരീസ് സിംഹാസനപള്ളി
ആർത്താറ്റ്, കുന്നംകുളം
(For Private Circulation Only) 2004
പരിശുദ്ധ
മോർ ഒസ്താത്തിയോസ് സ്ലീബാ ബാവ
പ്രൊഫ: പി.എൻ.ചാക്കൊ
കീർത്തനമാല
സുവിശേഷ ഗാനങ്ങളും
പ്രാർത്ഥനകളും
മർത്ത് മറിയം വനിതാസമാജം
സെന്റ് മേരീസ് സിറിയൻ
സിംഹാസനപള്ളി
ആർത്താറ്റ്, കുന്നംകുളം
Ph : 04885 - 222402
2010
കാലംചെയ്ത
പരിശുദ്ധ മാർ ഒസ്താത്തിയോസ് ബാവ
തിരുമനസ്സിലെ
St Mary's Syrian Simhasana Church
(Under the Administration of the Patriarch of Antioch & All the East of the Faithful Syrians)
Arthat P. O. Kunnamkulam
Directory of the Worshipers
2018
SOUVENIR
Diamond Jubilee Celebrations Of
The Late Lamented
HIS GRACE SLEEBA
MAR OSTHATHEOS BAVA'S DEMISE
1930_1990
അന്ത്യോഖ്യാ സിംഹാസനത്തിന്റെ കാവൽ ഭടൻ
സ്മരണിക
ZEALOT OF THE THRONE OF ANTIOCH
MOR OSTHATHEOS
BENYAMIN JOSEPH METROPOLITAN
SOUVENIR
St. Mary's Syrian Simhasan Church
കുന്നംകുളം
സിംഹാസനപള്ളിയുടെ
കേസ്സ് ഡയറി